# ബഹു. ജോർജ്ജ് മൂലയിൽ അച്ചന് ആദരാഞ്ജലികൾ



സ്നേഹത്തിന്റെയും സഹനത്തിന്റെയും മാതൃകയായി വിശ്വാസ സമൂഹത്തെ നന്മയിലേയ്ക്കു നയിച്ച മാനന്തവാടി രൂപതാ മുൻ വികാരിജനറാൾ ബഹു. ജോർജ്ജ് മൂലയിൽ അച്ചൻ 2015 മാർച്ച് 3-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. താമരശ്ശേരി രൂപതയിലെ ചക്കിട്ടപ്പാറ സെന്റ് ആന്റണീസ് ഇടവകയിൽ 1948 ഫെബ്രുവരി 14 നായിരുന്നു ജോർജ്ജ് മൂലയിലച്ചന്റെ ജനനം. തോമസ്-മറിയം എന്നിവരായിരുന്നു മാതാപിതാക്കന്മാർ. സെന്റ് ആന്റണീസ് യു.പി.സ്കൂൾ ചക്കിട്ടപ്പാറ, സെന്റ് ജോർജ്ജ് ഹൈസ്കൂൾ കുളത്തുവയൽ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം 1965 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം കോട്ടയം അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി.

ഭാഗ്യസ്മരണാർഹനായ പരി. പിതാവ് പോൾ ആറാമൻ മാർപ്പാപ്പയിൽ നിന്നും റോമിൽ വച്ച് 1975 ജൂൺ 29 ന് പൗരോഹിത്യം സ്വീകരിച്ചു. അച്ചൻ ചുങ്കക്കുന്ന് ഇടവകയിൽ അസി. വികാരിയായും ചെന്നലോട്, ആറാട്ടുതറ, കല്ലോടി, നടവയൽ, മണിമൂളി എന്നീ ഇടവകകളിൽ വികാരിയായും മാനന്തവാടി രൂപതയുടെ മൈനർ സെമിനാരി റെക്ടർ, പാസ്റ്ററൽ സെന്റർ ഡയറക്ടർ, രൂപത മതബോധന ഡയറക്ടർ, സി.എൽ.സി. യുടെ രൂപത ഡയറക്ടർ, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ രൂപത ഡയറക്ടർ എന്നീ സേവനരംഗങ്ങളിലും രൂപതാ ആലോചന സമിതി അംഗമായും മണിമൂളി നിലമ്പൂർ റീജിയൺ സിഞ്ചെല്ലൂസ് ആയും നിസ്തുല സേവനം

കാഴ്ചവച്ചിട്ടുണ്ട്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് കരസ്ഥമാക്കിയ അച്ചൻ ഏറെ നാൾ രൂപതയുടെ നവീകരണ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചു.

തുടർന്ന് 2006 മെയ് മാസം 14 മുതൽ 2010 നവംബർ 6 വരെ മാനന്തവാടി രൂപതയുടെ വികാരിജനറാളായി സേവനം ചെയ്തു. ബോൺ ക്യാൻസർ രോഗിയായതിനെ തുടർന്ന് വിശ്രമജീവിതത്തിലേയ്ക്ക് പ്രവേശിച്ച അച്ചൻ തന്റെ രോഗാവസ്ഥയും വേദനകളും കണക്കിലെടുക്കാതെ അനേകർക്ക് ആത്മീയ ഉപദേശത്തിലൂടെയും കൂദാശകളുടെ പരികർമ്മത്തിലൂടെയും ആശ്വാസം നൽകിയിരുന്നു.

രോഗിയായിരുന്ന അച്ചൻ അവസാന മൂന്ന് വർഷത്തോളം ചെലവഴിച്ച ചുങ്കക്കുന്നിലെ സെന്റ് കമില്ലസ് ആശുപത്രിയിൽ വച്ച് 2015 മാർച്ച് 3 ന് രാവിലെ 11.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തുടർന്ന് അനേകം വാഹനങ്ങളുടെ അകമ്പടിയോടെ അച്ചന്റെ ഭൗതിക ശരീരം ദ്വാരക പാസ്റ്ററൽ സെന്ററിലേയ്ക്ക് ആനയിച്ചു. ഉച്ചകഴിഞ്ഞ് നാലു മണിയ്ക്ക് ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ മൃതശരീരം പൊതുദർശനത്തിന് വച്ചതുമുതൽ അന്തിമോപചാരം അർപ്പിക്കാനായി ഇടമുറിയാതെയുള്ള ജനപ്രവാഹമായിരുന്നു. മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാംഭാഗം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തി. കോഴിക്കോട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ചക്കാലയ്ക്കൽ പിതാവ്, ബത്തേരി രൂപതാ വികാരിജനറാൾ തുടങ്ങി പലരും അച്ചന്റെ ഭൗതിക ശരീരം ദർശിച്ച് പ്രാർത്ഥിച്ചു.

പിറ്റേദിവസം മാർച്ച് 4-ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് അച്ചന്റെ ഭൗതിക ദേഹം സിയോൻ ഹാളിലേയ്ക്ക് മാറ്റി. മൈനർ സെമിനാരിയിൽ ഏറെക്കാലം റെക്ടറച്ചനായിരുന്ന ബഹു. മൂലയിലച്ചന് ശിഷ്യരായ വൈദികർ നിരയായെത്തി റോസാമലരുകൾ സമർപ്പിച്ച് അന്തിമോപചാരം അർപ്പിച്ചു. സെമിനാരി കാലത്ത് അച്ചന്റെ സഹപാഠികളായിരുന്ന അനേകം വൈദികരും മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ചുള്ള വി.ബലിയ്ക്കു അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യ കാർമ്മികനായിരുന്നു. മൃതസംസ്കാര ശുശ്രൂഷയിൽ വചനസന്ദേശം നൽകിയത് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവായിരുന്നു. ബഹു. മൂലയിലച്ചൻ നന്മയുടെ പക്ഷം ചേർന്ന് നീതിബോധത്തോടെ പ്രവർത്തിച്ച മാതൃകാ പുരോഹിതനായിരുന്നുവെന്നും ആദർശങ്ങളിൽ ഊന്നി അദ്ദേഹം അചഞ്ചലമായ നിലപാടുകൾ

എടുക്കുക മാത്രമല്ല ജീവിതത്തിൽ അത് പ്രാവർത്തികമാക്കാനും നിഷ്കർഷ ഉണ്ടായിരുന്ന വ്യക്തി ആയിരുന്നുവെന്നും അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് അനുസ്മരണ സന്ദേശത്തിൽ സൂചിപ്പിച്ചു.

ആർച്ച് ബിഷപ്പുമാരായ മാർ ജേക്കബ് തൂങ്കുഴി, മാർ ജോർജ്ജ് ഞരളക്കാട്ട്, മാർ ജോർജ്ജ് വലിയമറ്റം, താമരശ്ശേരി മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ബിഷപ്പ് എമിരറ്റസ് മാർ പോൾ ചിറ്റിലപ്പിള്ളി, മണ്ഡ്യ രൂപത അഡ്മിനിസ്ട്രേറ്റർ ഫാ. ജോർജ്ജ് ആലുക്ക, ഭദ്രാവതി രൂപത വികാരി ജനറാൾ ഫാ. ജോർജ്ജ് വെട്ടിക്കൽ, മാനന്തവാടി രൂപത വികാരിജനറാൾ മോൺ മാത്യു മാടപ്പള്ളിക്കുന്നേൽ എന്നിവരും അച്ചന്റെ സഹോദരപുത്രൻ ബഹു. ജിമ്മി മൂലയിൽ അച്ചനും വി.ബലിയിലും സംസ്കാര ശുശ്രൂഷയിലും സഹശുശ്രൂഷികളായിരുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നൂറുകണക്കിന് വൈദികരും സന്യാസിനികളും ആയിരക്കണക്കിന് വിശ്വാസികളും അന്തിമശുശ്രൂഷയിൽ പങ്കുചേർന്നു. ജനപ്രതിനിധികളും സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ഒട്ടേറെ പ്രമുഖരും അന്തിമോപചാരം അർപ്പിച്ചു.

വി.കുർബാനയ്ക്ക് ശേഷം മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗം ആരംഭിച്ചു. 5 മണിയ്ക്ക് അച്ചന്റെ മൃതദേഹം ദ്വാരകയിൽ വൈദികർക്കുവേണ്ടിയുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. അനേകം വൈദികരും സമർപ്പിതരും വിശ്വാസികളും കർമ്മങ്ങൾക്ക് സാക്ഷികളായി.

അച്ചന്റെ ആത്മീയതയും ത്യാഗപൂർണവും ലാളിത്യം നിറഞ്ഞതുമായ ജീവിതവും ഏൽപ്പിച്ച ഉത്തരവാദിത്വത്തോടുള്ള പ്രതിബദ്ധതയും പ്രചോദനാത്മകമാണ്. ക്യാൻസർ രോഗം മൂലം അതികഠിനമായ വേദന അനുഭവിച്ചപ്പോഴും അച്ചൻ വളരെ സൗമ്യനായി പരാതികളില്ലാതെ എല്ലാം സഹിച്ചു. അർബുദരോഗം ആക്രമിച്ചപ്പോഴും ദൈവസ്നേഹത്തിന്റെ മഹത്വം ഉൾക്കൊണ്ട് മൂലയിലച്ചൻ രചിച്ച 'ക്യാൻസർ രോഗികളോട് അവരിലൊരാൾ' എന്ന ഗ്രന്ഥം ഏറെപേർക്ക് പ്രയോജനപ്പെട്ടിരുന്നു.

മാനന്തവാടി രൂപതയ്ക്ക് ദൈവം നൽകിയ വലിയ ഒരു സമ്മാനമായിരുന്നു വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ മാതൃകാ വൈദികനായ ബഹു. ജോർജ്ജ് മൂലയിലച്ചൻ. രൂപതയുടെ വളർച്ചയിൽ ഏറെ പങ്കുവഹിച്ച അച്ചന്റെ പാവനസ്മരണയ്ക്ക് മുൻപിൽ മാനന്തവാടി രൂപതാകുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# പൗരോഹിത്യ സുവർണ്ണജൂബിലി ആശംസകൾ



**റവ. ഫാ. ജോസഫ് തുരുത്തേൽ**

മാനന്തവാടി രൂപതയിലെ കാരയ്ക്കാമല സെന്റ് മേരീസ് ഇടവകയിലെ തുരുത്തേൽ ചാക്കോ-ത്രേസ്യ ദമ്പതികളുടെ നാലാമത്തെ മകനായി 1937 മെയ് 28 നായിരുന്നു തുരുത്തേൽ ജോസഫച്ചന്റെ ജനനം. തൊടുപുഴ ഗവൺമെന്റ് എൽ.പി. സ്കൂളിലെയും മാനന്തവാടി ബോർഡ് ഹൈസ്കൂളിലെയും വിദ്യാഭ്യാസത്തിനു ശേഷം തൃശൂർ മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം കാർമ്മൽഗിരി ആലുവ സെമിനാരിയിൽ നിന്ന് ഫിലോസഫിയും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും തലശ്ശേരിയിൽ വച്ച് 1966 മാർച്ച് 10 ന് പൗരോഹിത്യം സ്വീകരിച്ചു. ലളിത ജീവിതത്തിന്റെ മാതൃകയും പാവങ്ങളോട് പ്രത്യേകിച്ച് രോഗികളോട് പ്രത്യേകം പരിഗണന കാണിക്കുകയും ചെയ്യുന്ന അച്ചൻ കല്ലോടി ഇടവകയിൽ അസി.വികാരിയായും വെള്ളമുണ്ട, കുറുമ്പാല, പുതുശ്ശേരിക്കടവ്, കൽപ്ര, വിളമ്പുകണ്ടം, കോട്ടത്തറ, കാവുംമന്ദം, ഒണ്ടയങ്ങാടി, മരക്കടവ്, അരിഞ്ചേർമല, കണിയാംമ്പറ്റ, മംഗളം, കല്ലുവയൽ, കരിമ്പിൽ, എടപ്പെട്ടി, പറളിക്കുന്ന് എന്നീ ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഇപ്പോൾ ദ്വാരകയിലുള്ള വിയാനി ഭവനിൽ വിശ്രമ ജീവിതം നയിക്കുന്നു. അച്ചന് രൂപതാ കുടുംബത്തിന്റെ സുവർണ്ണജൂബിലി ആശംസകൾ.

# പൗരോഹിത്യ സുവർണ്ണജൂബിലി
# ആശംസകൾ



**റവ. ഫാ. തോമസ് മണ്ണൂർ**

പാലാ രൂപതയിലെ മുത്തോലി ഇടവകയിലെ മണ്ണൂർ ഉലഹന്നാൻ - ഏലി ദമ്പതികളുടെ അഞ്ചാമത്തെ മകനായി 1936, നവംബർ 15 നായിരുന്നു മണ്ണൂർ തോമസച്ചന്റെ ജനനം. മുത്തോലി സെന്റ് ആന്റണീസ് സ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം കുന്നോത്ത് മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം കാർമ്മൽഗിരി ആലുവ സെമിനാരിയിൽ നിന്ന് ഫിലോസഫിയും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തിയോളജിയും പൂർത്തിയാക്കി. പിന്നീട് തലശ്ശേരി രൂപതയിലെ വെള്ളാട് ഇടവകയിലേയ്ക്ക് അച്ചന്റെ കുടുംബം താമസം മാറ്റി.

ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും തലശ്ശേരിയിൽ വച്ച് 1966 മാർച്ച് 10 ന് പൗരോഹിത്യം സ്വീകരിച്ചു. കഠിനാദ്ധ്വാനിയും സാധാരണക്കാരിൽ സാധാരണക്കാരനുമായി കാണപ്പെടുകയും മിഷനറി ചൈതന്യത്താൽ നിറഞ്ഞവനുമായ മണ്ണൂരച്ചൻ ഷിമോഗയിൽ അസിസ്റ്റന്റ് വികാരിയായും ചന്ദനക്കാംപാറ, നെല്ലിക്കുറ്റി, കോട്ടത്തറ, മുള്ളൻകൊല്ലി, കൊട്ടിയൂർ, പുല്പള്ളി, ഇരുളം, വാഴവറ്റ, കാവുംമന്ദം, രാജ്കോട്ട്, വാക്കാണേർ, മീതാപൂർ, കച്ച്, ജാംനഗർ, ചച്ചാന, ഊട്ടി, കൊളവയൽ എന്നീ ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഇപ്പോൾ ദ്വാരകയിലുള്ള വിയാനി ഭവനിൽ വിശ്രമ ജീവിതം നയിക്കുന്നു. അച്ചന് രൂപതാ കുടുംബത്തിന്റെ സുവർണ്ണ ജൂബിലി ആശംസകൾ.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06     ഏപ്രിൽ–2015     ലക്കം 4**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

സർക്കുലർ ........................................................ 11
സർക്കുലർ ........................................................ 17
*DECREE ON CONDITIONS FOR PLENARY*
*INDULGENCES* .................................................. 19
ഡിക്രി ........................................................ 21
രൂപതാകച്ചേരി വാർത്തകൾ .................................... 22
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ................................ 31
സംഘടനാ ഭാരവാഹികളുടെ യോഗം .......................... 33
ലഹരിവിമുക്ത വർഷാചരണം .................................. 35
മതബോധനരംഗം ................................................ 45
ചെറുപുഷ്പമിഷൻലീഗ് .......................................... 64
വൈദികരുടെ മാസധ്യാനം ...................................... 66
*Department of Youth Ministry* ................................ 67
കെ.സി.വൈ.എം. ................................................ 68
കുടുംബപ്രേഷിതത്വം .......................................... 73
സീയോൻ വാർത്തകൾ .......................................... 76
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 78
സാമൂഹ്യ സേവനരംഗം (WSSS) .................................. 81
കേരള ലേബർ മൂവ്മെന്റ് ...................................... 83
റേഡിയോ മാറ്റൊലി .............................................. 84
*Public Relations Office (PRO)* ................................ 85
*Mary Matha Arts & Science College* ........................ 86
*CEADOM* വിദ്യാഭ്യാസ മേഖല .................................. 87
അറിയിപ്പുകൾ .................................................... 90
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 95
ബിഷപ്സ് പ്രോഗ്രാം .............................................. 96

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. ഉത്പത്തിയുടെ ക്രമവും പരസ്പരാശ്രയത്വവും പ്രദാനം ചെയ്ത ഒരു ആദ്യപ്രപഞ്ചവിശുദ്ധിയെ (ഉത്പ.1:1-31), ആന്തരിക വിശുദ്ധി നഷ്ടപ്പെട്ട ഇന്നത്തെ മനുഷ്യൻ തകർത്തെറിയുന്നതാണ് നമ്മൾ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യജീവനും ദൈവ മഹത്വത്തിനും അല്പംപോലും വില കൽപ്പിക്കാത്തിടംവരെ ഇതു ചെന്നെത്തിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ വിശുദ്ധിയുടെ വീണ്ടെടുപ്പ് മനുഷ്യാദ്ധ്വാനത്തിലൂടെയാണെന്ന ദൈവഹിതം (ഉത്പ. 3:19) ജീവിതത്തിലൂടെ കാണിച്ചുതന്ന തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ഒപ്പം തൊഴിൽമേഖലയും തൊഴിലാളിയും നേരിടുന്ന ചില വിഷമസ്ഥിതികളിലേക്ക് മുഴുവൻ പേരുടെയും ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

2. അസംതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഇഷ്ടപ്പെടാത്ത ജോലി, അപര്യാപ്തമായ കൂലി, ഉത്പ്പന്നങ്ങൾക്കു ന്യായമായവില ലഭിക്കാതിരിക്കൽ, ചൂഷണത്വരയുള്ള തൊഴിൽ ദാതാവ്, സ്വാർത്ഥത നിറഞ്ഞ ട്രേഡ് യൂണിയൻ നേതാക്കൾ, അഴിമതിയിലാണ്ട അധികാരികൾ, സർക്കാരുകളുടെ വികലമായ നയങ്ങൾ എന്നിവയുടെയെല്ലാം ഫലമായി നേരിടേണ്ടിവരുന്ന അവഗണനയും ഉൾഭയവും ജീവിതാവശ്യങ്ങൾ നിവർത്തിക്കാനാകാത്തതിന്റെ നിരാശയുമാണ് തൊഴിലാളിയെ അസംതൃപ്തനാക്കിയിരിക്കുന്നത്. ഈ അവസ്ഥ ഏറെ അനുഭവിക്കുന്നത് അസംഘടിത തൊഴിലാളികളാണ്. രണ്ടു ഹെക്ടർവരെ കൃഷി ഭൂമിയുള്ള ചെറുകിടകർഷകരും അസംഘടിത തൊഴിലാളികളായിട്ടാണു പരിഗണിക്കപ്പെടുന്നത്.

3. തൊഴിലാളികൾക്ക് സ്വതന്ത്രമായി സംഘടിക്കാനുള്ള അവകാശം മനുഷ്യന്റെ മൗലിക അവകാശങ്ങളിൽപ്പെട്ടതാണ്. ഇത്തരം സംഘടനകൾക്ക് തൊഴിലാളികളെ പ്രതിനിധാനം ചെയ്യാനും അവരുടെ സാമ്പത്തിക ജീവിതം സംവിധാനം ചെയ്യാനും പ്രതികാര നടപടികളെ പ്പറ്റിയുള്ള ഭയം കൂടാതെ സംഘടനാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി പങ്കെടുക്കാനും തൊഴിലാളിക്ക് അവകാശമുണ്ടെന്നിരിക്കെയാണ് (സഭ ആധുനിക ലോകത്തിൽ 68) അസംഘടിത തൊഴിലാളിസമൂഹം

തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും, സാമ്പത്തിക സുരക്ഷയും നിയമപരിരക്ഷയും ഇല്ലാതെ ജീവനുപോലും ഭീഷണിയാകും വിധം ക്ലേശിക്കേണ്ടിവരുന്നത്.

4. പൊതുനന്മയായിരിക്കണം ഭരണാധികാരികളുടെയും രാഷ്ട്രീയ സാമുദായിക സംഘടനാ നേതൃത്വത്തിന്റെയും ലക്ഷ്യം. വ്യക്തിയോടുള്ള ആദരവും സാമൂഹികക്ഷേമവും വികസനവും നീതി പൂർവ്വകമായ വ്യവസ്ഥിതിയും സുരക്ഷിതത്വവും സുസ്ഥിതിയും ഉൾക്കൊള്ളുന്നതായിരിക്കണം പൊതുനന്മയെന്നതാണ് സഭയുടെ പ്രഖ്യാപിത നിലപാട് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1905-1910). എന്നാലിന്ന് ഇവയൊന്നും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു. അസംഘടിത തൊഴിലാളികൾക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ നടത്തിപ്പിലെ അലംഭാവവും സാമൂഹിക പ്രതിജ്ഞാബദ്ധതയും സത്യസന്ധതയും തുലോം കുറവായ വിവിധ കമ്മീഷനുകളും പഠനസംഘങ്ങളും നൽകുന്ന റിപ്പോർട്ടുകളെ അവ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്താതെ ഏകപക്ഷീയമായി നടപ്പിലാക്കുന്നതും, സർക്കാരുകളുടെ കോർപറേറ്റ് പ്രീണന നയങ്ങളും കാണുമ്പോൾ അസംഘടിത തൊഴിൽ സമൂഹത്തെയും അവരുടെ കുടുംബങ്ങളെയും ഈ മേഖലകളിലെ തകർച്ചകളെയും അധികാരികൾ പരിഗണിക്കുന്നേ ഇല്ലെന്ന് പറയേണ്ടിവരുന്നു.

5. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ കേരളസമൂഹത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ മുഴുവൻ പ്രതിഷേധത്തിനു വിധേയമാകുന്ന ഒന്നായി മാറിയിരിക്കുകയാണു മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്.

രാജ്യത്തിന്റെ തീരക്കടലിനെ മുഴുവൻ വിദേശ കുത്തകകൾക്ക് തുറന്നു കൊടുക്കാനുള്ള ശുപാർശയാണ് ഈ റിപ്പോർട്ടിൽ പ്രധാനമായി ഉള്ളത്. ഇതുമൂലം സാധാരണ മൽസ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും എന്ന കാര്യത്തിൽ സംശയം ലവലേശമില്ല. ആയതിനാൽ ഈ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാൻ വേണ്ടി തൊഴിലാളികൾ നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകേണ്ടിയിരിക്കുന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, തീരമേഖലാ നിയന്ത്രണനിയമങ്ങൾ എന്നിവ മൂലം കർഷക ജനവിഭാഗവും തീരജനതയും കിടപ്പാടം പോലും നിർമ്മിക്കാൻ കഴിയാത്ത വിധത്തിൽ വലിയ പ്രതിസന്ധിയിലാണ്. കേന്ദ്രസർക്കാറിന്റെ പ്രതികൂലനയങ്ങൾ മൂലമാണു റബ്ബർ ഉൾപ്പടെയുള്ള വിവിധ കാർഷികവിളകൾ വിലത്തകർച്ച നേരിടുന്നത്. വനസംരക്ഷണത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ കർശനമാക്കപ്പെടുമ്പോൾ വന്യമൃഗങ്ങളുടെ കടന്നാക്രമണത്താൽ തകരുന്ന ചെറുകിട കാർഷികമേഖലയും അവിടുത്തെ ജീവനും

കുടുംബവും തകർക്ക പ്പെടുന്ന സാധാരണ തൊഴിലാളികളും ആർക്കും (ഭരണാധി കാരികൾക്ക്) പ്രധാനപ്പെട്ടതല്ലാതായിത്തീരുന്നു.

6. സർക്കാർ ബജറ്റുകളിൽ വൻകിട സ്ഥാപനങ്ങൾക്കും കോർപ്പ റേറ്റുകൾക്കും പ്രോത്സാഹനവും നികുതിയിളവും വാരിക്കോരി നൽകു മ്പോൾ രാജ്യത്തെ തൊഴിൽശക്തിയുടെ തൊണ്ണൂററിമൂന്നു ശതമാനം വരുന്ന അസംഘടിത തൊഴിലാളിസമൂഹത്തിനായി ആനുപാതികമായി അർഹതപ്പെട്ട വിഹിതം മാറ്റിവെയ്ക്കപ്പെടുന്നില്ലെന്നു മാത്രമല്ല നില വിലുണ്ടായിരുന്നവ വെട്ടിക്കുറയ്ക്കുകകൂടി ചെയ്യുന്നു. അസംഘടിത തൊഴിലാളികൾക്കായി ദേശീയതലത്തിൽ രൂപപ്പെടുത്തിയിരുന്ന മഹാത്മഗാന്ധി ഗ്രാമീണതൊഴിലുറപ്പു പദ്ധതി, സ്വാലംബൻ പെൻഷൻ പദ്ധതി, ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന എന്നിവയുടെ നടത്തിപ്പ് ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ, കുറഞ്ഞ വകയിരുത്തൽ എന്നിവ വലിയ പ്രതിസന്ധിക്കു കാരണ മാകുന്നുണ്ട്. കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റനുകൂല തൊഴിൽ നിയമപരിഷ്കാരങ്ങൾ, പ്രോവിഡന്റ് ഫണ്ട് ഇ. എസ്. ഐ തുടങ്ങിയ നിയമങ്ങളിൽ വരുത്തുന്ന മാററങ്ങൾ എന്നിവ സംഘടിത തൊഴിൽമേഖലയുടെ അനൗപചാരിക വത്കരണത്തിനു വഴിവെയ്ക്കും. ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം, ഫണ്ടിന്റെ വകയിരുത്തൽ കുറവ്, ആനുകൂല്യങ്ങളുടെ വെട്ടിക്കുറയ്ക്കൽ, കെടുകാര്യസ്ഥത, അനാവശ്യമായ നൂലാമാലകൾ എന്നിവ മൂലം സംസ്ഥാനത്തെ പല തൊഴിലാളി ക്ഷേമനിധികളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. ഇവ പരിഹരിക്കുന്നതിനുള്ള ഗൗരവതരമായ സമീപനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ കൃഷിഭൂമിയുടെ അവകാശം കവരുന്നതും, ചെറുകിട കച്ചവടക്കാരുടെയും പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെയും പ്രശ്നങ്ങളും സുരക്ഷിതത്വ ഭീഷണിയും പരിഗണിക്കാത്തതും, പൊതുവിതരണം, പൊതുവിദ്യാ ഭ്യാസം, പൊതുവൈദ്യസഹായം എന്നീ മേഖലകളിലെ സബ്സിഡി കൾ കുറച്ചുകൊണ്ട് സ്വകാര്യ മേഖലയുടെ കടന്നുകയറ്റം അനുവദിക്കു ന്നതുമായ സർക്കാരിന്റെ നയങ്ങളും നിലപാടുകളുമെല്ലാം അസംഘ ടിത തൊഴിലാളിസമൂഹത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരി ക്കുന്നു.

7. ഇത്തരമൊരു സാഹചര്യത്തിൽ സഭയുടെ തൊഴിലാളിപക്ഷ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും സന്തോഷങ്ങളും ദു:ഖങ്ങളും തിരുസ്സഭയുടേതു കൂടിയാണ് (സഭ ആധുനികലോകത്തിൽ 1). മാനവരാശിയുടെ കഷ്ടതകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടത് ഓരോ ക്രൈസ്തവ ന്റെയും കടമയാണെന്നാണ് തിരുസ്സഭാമാതാവ് പഠിപ്പിക്കുന്നത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഇക്കാര്യം എല്ലായ്പ്പോഴും വിശ്വാസികളെ അനുസ്മരിപ്പിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ ജീവിതം സുരക്ഷിതമാകുമ്പോൾ മററുള്ളവരെ മറക്കുന്ന പ്രവണതയെ 2015-ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് നിശിതമായി വിമർശിക്കുന്നുണ്ട്. എനിക്കു ആരോഗ്യവും സ്വസ്തതയും ഉള്ളപ്പോൾ മററുള്ളവരുടെ ഇല്ലായ്മകളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. ഇന്നു നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോള വ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്ക് പറയാൻ തക്കവിധം അതു വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രധാന പ്രശ്നമാണിത്. ആയതിനാൽ നിലവിലുള്ള സാമൂഹ്യ വ്യവസ്ഥിതികളിൽ നിന്നുകൊണ്ട് തന്നെ ഈ സംവിധാനങ്ങളെ പരമാവധി ഉപയോഗിച്ച് വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അവകാശ നിഷേധത്തിന്റെയും ഉച്ചനീചത്വങ്ങൾ ആവുന്നത്ര കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. പ്രേഷിതപ്രവർത്തനത്തിന്റെയും ജീവകാരുണ്യപ്രവർത്തനത്തിന്റെയും ഒപ്പം അസംഘടിത തൊഴിൽ മേഖലയിലെയും തൊഴിലാളിയുടെയും പ്രശ്നങ്ങളും ഏറ്റെടുക്കണം.

8. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) എന്ന സാമൂഹിക സന്നദ്ധസംഘടന പ്രധാനമായും ഏറ്റെടുത്തിരിക്കുന്നത് അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളാണ്. സർക്കാർ പദ്ധതികളായ ക്ഷേമനിധികളെ പ്രോത്സാഹിപ്പിച്ച് പരമാവധി പേരെ ഇതിൽ അംഗങ്ങളാക്കാൻ സാഹചര്യമൊരുക്കുക, പെൻഷൻ പദ്ധതികൾ എല്ലാവരിലും എത്തിക്കുക, തൊഴിൽ പരിശീലനം നൽകുക, ആരോഗ്യ ഇൻഷുറൻസ്, മൈക്രോ ഇൻഷൂറൻസ് എന്നിവയുടെ പങ്കാളിത്തത്തോടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, സ്വയം സഹായസംഘങ്ങളിലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനും സാമ്പത്തിക സുരക്ഷയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കാനും ശ്രമിക്കുക, തൊഴിലാളി നേതൃത്വം വളർത്തിയെടുക്കുക, വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ തൊഴിലാളി സമൂഹത്തെ സംഘടിപ്പിച്ച് ശക്തരാകാൻ സഹായിക്കുക, തൊഴിലാളികൾക്ക് അനുകൂലമായി സർക്കാരുകൾ നയങ്ങൾ രൂപീകരിക്കുന്നതിനു സമ്മർദ്ദപ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ജാതിമതഭേദമില്ലാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കെ.എൽ.എം. നടത്തിവരുന്നത്. നിർമ്മാണമേഖല, ചെറുകിട തോട്ടംതൊഴിൽ മേഖല, തയ്യൽമേഖല, മത്സ്യത്തൊഴിലാളി മേഖല, കർഷകത്തൊഴിലാളിമേഖല, മോട്ടോർ വാഹന തൊഴിലാളി മേഖല, ഗാർഹിക തൊഴിലാളി മേഖല, പീടിക തൊഴിലാളി മേഖല എന്നിവയിലാണ് ഇപ്പോൾ കൂടുതലായും പ്രവർത്തനങ്ങൾ നടക്കുന്നത്.

അന്യസംസ്ഥാന തൊഴിലാളികളുടെ മദ്ധ്യേയുള്ള പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പ്രദേശത്ത് ഈ മേഖലകളിലുള്ള മുഴുവൻ പേർക്കും ആവശ്യമായ സഹായം യഥാസമയം നൽകുന്നതിന് പ്രാദേശിക സഭാസമൂഹത്തിന് സാധിക്കണം. ഇതിനായി കെ.എൽ.എം. പ്രവർത്തനങ്ങൾ മുഴുവൻ രൂപതകളും പൂർണ്ണമനസ്സോടെ ഏറ്റെടുക്കണമെന്നും മുഴുവൻ ഇടവകകളും കെ.എൽ.എം. യൂണിറ്റുകൾ ആരംഭിച്ച് പാവപ്പെട്ട തൊഴിലാളികൾക്കായുള്ള പ്രവർത്തനം ശക്തമാക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

9. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെയും ശുശ്രൂഷികളെയും പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇവർക്കായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നിർദ്ദേശാനുസരണം കെ.എൽ.എം. നടപ്പിലാക്കിയിരിക്കുന്ന സുരക്ഷ പെൻഷൻ പദ്ധതി ഒട്ടുമിക്ക രൂപതകളും ഇതിനോടകം തന്നെ വളരെ ഭംഗിയായി ചെയ്തുതുടങ്ങിയിട്ടുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഒപ്പം അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. സുരക്ഷാപദ്ധതി ഇനിയും നടപ്പിലാക്കാത്ത രൂപതകളും സന്ന്യാസസമൂഹങ്ങളും ഈ വർഷം തന്നെ അതു നടപ്പിലാക്കണമെന്നു അഭ്യർത്ഥിക്കുന്നു. കേരളത്തിലെ കത്തോലിക്കാ സഭയുടെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമന, സേവന, വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും സുതാര്യവും നിയമാനുസൃതവും സഭാ പ്രബോധനങ്ങൾക്കനുസൃതവും ആക്കുന്നതിനുവേണ്ടിയാണു കെസിബിസി പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. ഇതു നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നൽകുന്നതിനു കെ.എൽ.എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിനു വേണ്ട ക്രിയാത്മക സഹകരണം എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും സ്ഥാപനാധികാരികളും നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. കെസി.ബിസിയിലെ പിതാക്കന്മാരുടെ ആഹ്വാനങ്ങളും തീരുമാനങ്ങളും ചില സ്ഥാപനങ്ങളും അധികാരികളും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നുണ്ട്. ഈ സമീപനം സഭയെ ഒരുതരത്തിലും സഹായിക്കില്ലെന്ന് മാത്രമല്ല പൊതു സമൂഹത്തിൽ സഭ അവമതിക്കപ്പെടുന്നതിനും ആക്ഷേപിക്കപ്പെടുന്നതിനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്നും മനസ്സിലാക്കണം. നീതിപൂർവ്വകമല്ലാത്ത കൂലി ദൈവസന്നിധിയിൽ പ്രതികാരത്തിനാവശ്യപ്പെടുന്ന പാപങ്ങളിലൊന്നാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 2434). തൊഴിലിന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത് അത് ചെയ്യുന്നത് മനുഷ്യനാണ് എന്നതുകൊണ്ടാണെന്നു മറന്നുകൂടാ (മതബോധനം 2428). അതിനാൽ മനുഷ്യത്വപരവും, കരുണാപരവുമായ സമീപനം തൊഴിലാളിയോടും അവന്റെ/ അവളുടെ കുടുംബത്തോടും ഇല്ലാതെപോകുന്നുണ്ടെങ്കിൽ അത് കടുത്ത തിന്മയും ദുർമാതൃകയുമാണ്.

10. രാഷ്ട്രവും സമൂഹവും സഭയും ആവശ്യമായവ ചെയ്തു തരുമ്പോൾ നീതിപൂർവ്വകവും സത്യസന്ധവുമായ സമീപനം തൊഴിലാളികളിൽ നിന്നും ഉണ്ടാകണം. ഏല്പിക്കപ്പെട്ടിരിക്കുന്ന തൊഴിലിന്റെ മികച്ചരീതിയിലുള്ള നിർവ്വഹണം, തൊഴിലിനോടുള്ള ആത്മാർത്ഥത, തൊഴിൽ ദാതാവിനോടുള്ള ആദരം, കുടുംബത്തിന്റെയും ആശ്രിതരുടെയും സംരക്ഷണം, ലഹരി വസ്തുക്കളിൽ നിന്ന് അകന്നു നിൽക്കൽ, നാളെയുടെ ആവശ്യങ്ങൾക്കായി കരുതൽ തുടങ്ങിയവയെല്ലാം തൊഴിലാളിയുടെ ധാർമ്മികമായ കടമയാണെന്നുകൂടി ഓർമ്മപ്പെടുത്തട്ടെ. അവകാശങ്ങളും കടമകളും നിർവഹിക്കപ്പെടുന്ന സമൂഹത്തിലാണ് സമാധാനമുണ്ടാകുന്നത്. സമാധാനമാണ് യഥാർത്ഥ വികസനം (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ പാപ്പാ - ഭൂമിയിൽ സമാധാനം).

11. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കും സഭയുടെ തൊഴിൽകാര്യ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥനകളും പ്രത്യേകം ദിവ്യബലിയും നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സഭയുടെ തൊഴിൽകാര്യ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും അധികാരികളെയും സമർപ്പിക്കുന്നു.

12. ഒരു തൊഴിലാളിയുടെ കുടുംബത്തിൽ പിറക്കുകയും തൊഴിൽ ചെയ്ത് ജീവിക്കുകയും സമൂഹത്തിലെ അസംഘടിത വിഭാഗങ്ങളിൽനിന്ന് ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും ചെയ്ത നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2015 ഏപ്രിൽ മാസം 26-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

Ref: 2845/K 35/OL/KCBC/DS 5.3.2015

**മതഭീകരതയ്ക്കെതിരെ കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ലോകമെങ്ങുമുള്ള ക്രൈസ്തവർ യേശുവിന്റെ പീഡാനുഭവവും മരണവും, പാപത്തെയും മരണത്തെയും തോല്പിച്ച പുനരുത്ഥാനവും ധ്യാനപൂർവ്വം അനുസ്മരിക്കുന്ന വലിയ നോമ്പിലൂടെ കടന്നു പോവുകയാണല്ലോ. ദൈവപുത്രനായ യേശു ദൈവപിതാവിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുകയും പിശാചിന്റെ പരീക്ഷകളെ തന്റെ നോമ്പും ഉപവാസവും വഴി പരാജയപ്പെടുത്തുകയും ചെയ്തു. എല്ലാ മതങ്ങളിലുമുണ്ട് നോമ്പും ഉപവാസവും. തിന്മയെ കീഴടക്കാനുള്ള ആയുധങ്ങളാണവ.

മനുഷ്യമഹത്ത്വത്തിലേക്കും ദൈവികതയിലേക്കും മനുഷ്യനെ ഉയർത്താനും പരസ്പരസ്നേഹത്താൽ പ്രചോദിതരായി സമൂഹജീവിതം നയിക്കുന്നതിന് വ്യക്തികളെ സഹായിക്കാനും എല്ലാ മതങ്ങൾക്കും കടമയുണ്ട്. മതങ്ങൾ മതമൗലികവാദത്തിലേക്കും മതഭീകരതയിലേക്കും വഴുതി വീഴുന്ന സമീപകാല സംഭവങ്ങൾ ജാതിമതഭേദമെന്യേ എല്ലാ ജനങ്ങളിലും നടുക്കവും ഉത്ക്കണ്ഠയും ഉളവാക്കുന്നതാണ്. മതത്തിന്റെ പേരിൽ പൈശാചികമായ ക്രൂരത കാട്ടുന്ന ഭീകരസംഘടനകൾ മതത്തെ അങ്ങേയറ്റം നിന്ദിക്കുകയാണ്. ഭീകരത മനുഷ്യവംശത്തിനെതിരായ കുറ്റമാണ്. അതു ജീവന്റെ ഉടയവനായ ദൈവത്തോടുള്ള വെല്ലുവിളിയാണ്. അഹന്തയും വെറുപ്പും അധികാരക്കൊതിയും അതിന്റെ പേരിൽ നടക്കുന്ന മനുഷ്യക്കുരുതി കളും പൈശാചികമാണ്. അതിന് മതത്തെ ദുരുപയോഗം ചെയ്യുന്നവർ മതത്തെ തിന്മയുടെ ശക്തിക്ക് അടിയറ വയ്ക്കുകയാണ് ചെയ്യുന്നത്. ഏറ്റം നല്ലത് ചീത്തയായാൽ ഏറ്റവും ചീത്തയാകും എന്നതിന് ഉദാഹരണമാണ് മധ്യപൂർവദേശങ്ങളിലും ആഫ്രിക്കയിലും ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന ക്രൂരതകളും മതപീഡനങ്ങളും നരഹത്യകളും. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വളർന്നു വരുന്ന മതഭീകരതയെ പ്രതിരോധിക്കാൻ അന്തർദ്ദേശീയ സമൂഹവും രാഷ്ട്രങ്ങളും സാംസ്കാരിക സംഘടനകളും മുന്നിട്ടിറങ്ങണം. മതത്തിന്റെ ജീർണതയ്ക്കെതിരേ എല്ലാ മതവിശ്വാസികളും ആത്മീയ നേതൃത്വവും ജാഗ്രത പുലർത്തണം.

കൊടിയ മതപീഡനങ്ങൾ അരങ്ങേറുന്ന മധ്യപൂർവദേശങ്ങളിൽ രാജ്യാന്തരസമൂഹത്തിന്റെ സത്വരശ്രദ്ധയും ഇടപെടലും ഉണ്ടാകണം. നീതിവിരുദ്ധമായി മറ്റു വ്യക്തികളുടെയും സമൂഹങ്ങളുടെയും മേൽ അക്രമം നടത്തുന്നതു തടയാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ പരിഷ്കൃതസമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും കടമയുണ്ട്. സമുദായങ്ങൾ സങ്കുചിത മനോഭാവത്തിലേക്ക് ചുരുങ്ങുന്നതും അധികാരം കയ്യടക്കാൻ മതവികാരത്തെ ദുരുപയോഗം ചെയ്യുന്നതും നീതിക്കു നിരക്കാത്ത നിലപാടുകൾ സ്വീകരിക്കുന്നതുമെല്ലാം സമൂഹത്തിൽ അസമാധാനവും പരസ്പരഭീതിയും വളർത്താൻ ഇടയാക്കും. പരിഷ്കൃത സമൂഹവും ഐക്യരാഷ്ട്രസംഘടന പോലുള്ള പൊതുവേദികളും മതഭീകരതയെ അപലപിക്കുകയും മതപീഡനങ്ങൾ സംബന്ധിച്ച് പൊതുനയരൂപീകരണം നടത്തുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും വേണം. മതഭീകരതയ്ക്കെതിരേ മനുഷ്യമനസ്സാക്ഷി

ഉണർത്തുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവസമൂഹം ഈ നോമ്പുകാലത്ത് പ്രത്യേകം പ്രാർത്ഥനകളും ഉപവാസയജ്ഞവും നടത്തണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്യുന്നു. ഇതിനായി താഴെപ്പറയുന്ന കർമ്മപരിപാടികൾ നിർദേശിക്കുന്നു:

**1. മാർച്ച് 24 ചൊവ്വ: ഉപവാസപ്രാർത്ഥനാദിനം:** മാർച്ച് 24 ചൊവ്വാഴ്ച എല്ലാ കത്തോലിക്കാ സഭാകേന്ദ്രങ്ങളിലും പള്ളികളിലും സ്ഥാപനങ്ങളിലും ഉപവാസപ്രാർത്ഥനാദിനമായി ആചരിക്കുക. സാധിക്കുന്ന ഇടങ്ങളിൽ മറ്റു ക്രൈസ്തവ സഭാസമൂഹങ്ങളുമായി ചേർന്ന് പ്രാർത്ഥന നടത്തുക.

**2. മാർച്ച് 27 വെള്ളി: രക്തസാക്ഷികളോടൊപ്പം കുരുശിന്റെ വഴിയിൽ:** സമീപകാലത്ത് ലിബിയയിൽ മതഭീകരവാദികളുടെ ക്രൂരതയ്ക്കിരയായ 21 കോപ്റ്റിക് ക്രൈസ്തവ രക്തസാക്ഷികളോടുള്ള ആത്മീയഐക്യം പ്രഖ്യാപിക്കുന്നതിനും ലോകമാസകലം വിശ്വാസത്തിനുവേണ്ടി പീഡനമേറ്റുവാങ്ങുന്ന എല്ലാ വിശ്വാസി കളോടുമുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുമായി **മാർച്ച് 27-ാംതീയതി വെള്ളിയാഴ്ച** കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലും, ഫൊറോനാ, ഇടവകതലങ്ങളിലും കുരിശിന്റെ വഴി നടത്തുക. പല രൂപതകൾ സഹകരിച്ച് സംയുക്തമായി മേഖലാതലത്തിൽ കുരിശിന്റെ വഴി നടത്തി ക്രൈസ്തവ വിശ്വാസത്തിന് ഉജ്ജ്വലസാക്ഷ്യം നല്കുന്നതും അഭികാമ്യമാണ്.

**3. മാർച്ച് 29 – ഏപ്രിൽ 4: രക്തദാഹത്തിനെതിരെ രക്തദാനം:** മതഭീകരർ നിഷ്കളങ്കരക്തം ചിന്തി മനുഷ്യസമൂഹത്തെ ഞെട്ടിക്കുകയും പരിഷ്കൃത ലോകത്തെ വെല്ലുവിളിക്കുകയും ചെയ്യുമ്പോൾ മനുഷ്യജീവൻ സംരക്ഷിക്കാൻ രക്തദാനം നടത്തി മാതൃക കാട്ടുക. വലിയ ആഴ്ചയിൽ വിവിധ ആശുപത്രി കളുമായി സഹകരിച്ച് രക്തദാനം നടത്തി ജീവന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കാം.

**പൊതുനിർദ്ദേശങ്ങൾ:**

4. മതമൗലികവാദത്തെയും മതഭീകരതയെയും കുറിച്ച് വിശ്വാസികൾക്കും പൊതുജനങ്ങൾക്കും മുന്നറിയിപ്പു കൊടുക്കാൻ സഹായിക്കുന്ന ബോധവത് ക്കരണ പരിപാടികളും പഠനശിബിരങ്ങളും നടത്തുകയും മതതീവ്രവാദ ത്തിനെതിരേ ജാഗ്രത പുലർത്തുകയും ചെയ്യുക.

5. പ്രാദേശികതലത്തിൽ നടക്കുന്ന മതതീവ്രവാദ പ്രവർത്തന ങ്ങളും പ്രകോപനപരമായ പ്രസ്താവനകളും നിയമപാലകരുടെയും പൊതജനത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുക.

6. മറ്റു ക്രൈസ്തവവിഭാഗങ്ങളുമായും നല്ല മനസ്സുള്ള എല്ലാ മനുഷ്യരു മായും സഹകരിച്ച് നമ്മൾ ജീവിക്കുന്ന ഭാരതത്തിന്റെ ഭരണഘടന ഉറപ്പു നല്കുന്ന മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കുന്നതിന് സദാ ജാഗ്രത പുലർത്തുക.

കർത്താവിന്റെ പീഢാനുഭവ സ്മരണയുടെ ഈ നോമ്പുകാലം നമുക്ക് ആത്മവിശുദ്ധീകരണത്തിനും നന്മയിലേക്കുള്ള വളർച്ചയ്ക്കും ഉതകട്ടെ. എല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**
പ്രസിഡന്റ്, കേരള കത്തോലിക്കാ മെത്രാൻ സമിതി

## DECREE ON CONDITIONS FOR PLENARY INDULGENCES

- During the Year of the Consecrated Life

**DECREE**

URBIS ET ORBIS

by which are established the works to be accomplished in order to obtain the gift of Indulgences on the occasion of the Year of the Consecrated Life

The Cardinal Prefect of the Congregation for the Institutes of Consecrated Life and Societies of Apostolic Life having requested to this Apostolic Penitentiary to have duly determined the conditions to obtain the gift of Indulgences that the Holy Father Francis, on the occasion of the imminent Year of the Consecrated Life, intends to widen for the renewal of religious institutes, always with the utmost fidelity to the charism of the Founder, and in order to offer to the faithful of the whole world a joyful occasion to confirm Faith, Hope, and Charity in communion with the Holy Roman Church, under the most special mandate of the Roman Pontiff, this Apostolic Penitentiary willingly grants Plenary Indulgence, under the usual conditions (Sacramental confession, eucharistic communion, and prayer for the intentions of the Holy Father), to all the single members of the institutes of consecrated life, and to the other faithful truly contrite and moved by the spirit of charity, to be obtained from the First Sunday in Advent of the current year [November 30, 2014] up to February 2, 2016, the day on which the Year of the Consecrated Life will be solemnly concluded, that can be also applied as suffrage for the souls in Purgatory:

a) In Rome, at each time that they take part at International Meetings and celebrations determined in the calendar established by the Congregation for the Institutes of Consecrated Life and Societies of Apostolic Life, and for a reasonable amount of time dedicate themselves to pious thoughts, concluding with the Our Father, the Profession of Faith in any legitimately approved form, and pious invocations to the Virgin Mary;

b) **In all Particular Churches [other Dioceses], at each time in which, on the diocesan days dedicated to consecrated life and in the diocesan celebrations set for the Year of the Consecrated Life, they pious visit the Cathedral or another sacred place designated with the agreement of the local Ordinary, or a conventual church, or an oratory of a Cloistered Monastery, and there recite publicly the Liturgy of the Hours of, for a reasonable amount of time, dedicate themselves to pious thoughts, concluding with the Our Father, the Profession of Faith in any legitimately approved form, and pious invocations to the Virgin Mary;**

The Members of the Institutes of Consecrated Life who, due to illness of other grave cause, are prevented from visiting those holy places can equally obtain the plenary Indulgence if, with complete detachment from any sin and with the intention of accomplishing as soon as possible the three usual conditions, accomplish a spiritual visit with deep desire and offer the infirmities and pains of their own life to the Merciful God through Mary, with the addition of prayers as indicated above.

The present Decree is valid for the Year of the Consecrated Life. Notwithstanding whichever contrary norms.

Promulgated in Rome, at the Apostolic Penitentiary, on November 23, 2014, solemnity of Christ the King.

Mauro Card. Piacenza
Major Penitentiary

Krzysztof Nykiel
Regent

JOSE PORUNNEDOM
BISHOP OF MANANTHAVADY

*Prot. No. 16985/2015*

## സമർപ്പിതവർഷത്തിൽ പരിശുദ്ധ പിതാവിന്റെ നിർദ്ദേശ പ്രകാരം പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതിന് സന്ദർശിക്കാവുന്ന ദേവാലയങ്ങൾ സംബന്ധിച്ച ഡിക്രി

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ നീളുന്ന സമർപ്പിതവർഷത്തിൽ എല്ലാ സമർപ്പിതർക്കും മറ്റ് വിശ്വാസികൾക്കും ചില വ്യവസ്ഥകൾ പാലിച്ച് കൊണ്ട് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ് എന്ന് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പ കല്പിച്ചിരിക്കുന്നു. അതിൻപ്രകാരം മാനന്തവാടി രൂപതയിൽ കത്തീഡ്രൽ ദേവാലയം ഉൾപ്പെടെയുള്ള ഏതെങ്കിലും ഫൊറോനാ ദേവാലയമോ ഗൂഡല്ലൂർ റീജിയനിൽ അരുൾനിലയം ഇടവകപ്പള്ളിയോ കൂടാതെ മാനന്തവാടി സെന്റ് പീറ്റർ ആന്റ് പോൾ ടൗൺ പള്ളിയോ സന്ദർശിച്ച് താഴെപറയുന്ന വ്യവസ്ഥകൾ പാലിക്കുന്നതായാൽ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. ഈ ദണ്ഡവിമോചനം നിശ്ചിത ഉദ്ദേശത്തോടെ പ്രാർത്ഥിച്ചാൽ ശുദ്ധീകരാത്മാക്കൾക്കായും നേടാവുന്നതാണ്. വ്യവസ്ഥകൾ: കുമ്പസാരിച്ച് വരപ്രസാദാവസ്ഥയിലായിരിക്കുക, ദേവാലയം സന്ദർശിക്കുന്ന ദിവസം വിശുദ്ധ കുർബാന സ്വീകരിച്ചിരിക്കുക, പരിശുദ്ധ പിതാവിന്റെ നിയോഗത്തിലേയ്ക്ക് ഒരു കൊന്ത ചൊല്ലിയിരിക്കുക. നിശ്ചിതദേവാലയം സന്ദർശിക്കുന്ന വേളയിൽ താഴെപ്പറയുന്ന കാര്യങ്ങളും ചെയ്യേണ്ടതാണ്. പത്ത് മിനിറ്റെങ്കിലും സ്വന്തം പാപങ്ങളെപ്പറ്റി ഓർത്ത് പശ്ചാത്തപിക്കുകയും ഒരു വിശുദ്ധ ഗ്രന്ഥഭാഗം വായിക്കുകയും ചെയ്യുക. വിശ്വാസപ്രമാണം ചൊല്ലുക, ഒരു സ്വർഗ്ഗസ്ഥനായ പിതാവേ, ഒരു നന്മ നിറഞ്ഞ മറിയമേ, ഒരു ത്രിത്വസ്തുതി എന്നിവ ചൊല്ലുക.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2015 മാർച്ച് മാസം

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 12-ാം ചരമ വാർഷികം**

മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 12-ാം ചരമ വാർഷികമാണ് ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ച. അന്നേദിവസം രാവിലെ 7 മണിക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് വി.കുർബാനയും പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. തിരുക്കർമ്മങ്ങളിലേയ്ക്ക് ഏവരുടെയും സാന്നിദ്ധ്യം ക്ഷണിക്കുന്നു.

**സ്നേഹസ്മരണ**

മാനന്തവാടി രൂപതയിൽ സ്തുത്യർഹമായ സേവനത്തിനിടയിൽ ദൈവസന്നിധിയിലേയ്ക്ക് യാത്രയായ ബഹു. അഗസ്റ്റ്യൻ കണ്ണാടിക്കരയച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29-നും ആണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**പൊതുപിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചുതരാത്ത ഏതെങ്കിലും ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാ വിഹിതവും വൈദികക്ഷേമ നിധിയിലേയ്ക്കുള്ള തുകയും അടയ്ക്കാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**New Address**

Rev Fr Jinoj Palathadathil
Good Shepered Church, Karamadai, Mettupalayam Road
Coimbatore 641104, Mob: 09487476605

**New Mobile No.**

Rev. Fr. Thomas Mannoor : 9745130058

**കച്ചേരി അവധി**

മാർച്ച് 30 മുതൽ ഏപ്രിൽ 10 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാദിനം**

ഈ വർഷം രൂപതാദിനം മെയ് 2 ന് ശനിയാഴ്ചയായിരിക്കും. സമർപ്പിതവർഷത്തിലെ ഈ രൂപതാദിനത്തിൽ തലശ്ശേരി അതിരൂപതാദ്ധ്യക്ഷനും നമ്മുടെ രൂപതാംഗവുമായ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് മെത്രാപ്പോലീത്ത രൂപതാദിനത്തിലെ വിശിഷ്ടാതിഥിയായിരിക്കും. കൂടാതെ സമർപ്പിത വർഷത്തിലെ രൂപതാദിനം എന്ന നിലയിലും നമ്മൾ പദ്ധതിയിട്ട സമർപ്പിതസംഗമം നടക്കാതെ വന്ന സാഹചര്യത്തിലും ഈ വർഷത്തെ രൂപതാദിനത്തിൽ നമ്മുടെ രൂപതയിലെ സമർപ്പിതരെ എല്ലാവരെയും പ്രത്യേകം ക്ഷണിക്കുകയാണ്. രൂപതാദിന ആഘോഷങ്ങളിൽ സംബന്ധിക്കേണ്ട എല്ലാവർക്കും ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. ആർക്കെങ്കിലും ഏതെങ്കിലും കാരണവശാൽ കിട്ടാതെ വന്നാൽ ഇതൊരറിയിപ്പായി സ്വീകരിച്ച് പരിപാടികളിൽ സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ താഴെ പറയുന്നവരാണ്.**

1) രൂപതയിലെ എല്ലാ വൈദികരും വൈദികവിദ്ധ്യാർത്ഥികളും, 2) രൂപതയിലോ രൂപതയ്ക്ക് പുറമേയോ സമർപ്പിതസമൂഹങ്ങളിൽ മേജർ സുപ്പീരിയർമാരായി സേവനം ചെയ്യുന്ന മാനന്തവാടി രൂപതാംഗങ്ങൾ ആയവർ, 3) സന്യസ്തസഭകളിലെ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും ഉൾപ്പെടെ എല്ലാ അംഗങ്ങളും, 4) രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, 5) നടത്തുകൈക്കാരന്മാർ, 6) ദേവാലയശുശ്രൂഷികൾ, 7) ഇടവക സെക്രട്ടറിമാർ, 8) സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ, 9) ഭക്തസംഘടനകളുടെയും പ്രസ്ഥാനത്തിന്റെയും മതബോധനത്തിന്റെയും രൂപതാഭാരവാഹികൾ, 10) LP, UP, HS, HSS കോളേജ് പ്രധാന അദ്ധ്യാപകർ.

**പ്രോഗ്രാം.**

| | | |
|---|---|---|
| 9.15 am | – | രജിസ്ട്രേഷൻ, പതാക ഉയർത്തൽ |
| 9.30 am | – | ജപമാല |
| 10.00 am | – | വി.കുർബാന |
| 11.30 am | – | പൊതുസമ്മേളനം |
| 1.30 pm | – | ഉച്ചഭക്ഷണം |

ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്ന വൈദികർ, സമർപ്പിതർ, ഈ വർഷം 35 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന അൾത്താര ശുശ്രൂഷികൾ എന്നിവരെ പതിവുപോലെ ആദരിക്കുന്നു. ഇവരുടെ പേരുവിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 15-ന് മുൻപായി രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച നടത്തേണ്ട താണ്. 12-ാം തീയതി അസൗകര്യം ഉള്ള ഇടവകകൾക്ക് ഏപ്രിൽ 19-ന് നടത്താവുന്നതാണ്. പൊതുയോഗത്തിൽ 2014-15 വർഷത്തെ വാർഷിക കണക്ക്, 2015-16 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാ ക്കുകയും 2015-16 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടു ക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാ പത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

- ★ പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റെയും ബഡ്ജ റ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡി റ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീ കാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെ ടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ *(കൈക്കാരന്മാർ 21 വയസിൽ കുറയാത്ത വരും, വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമ പ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 151, നമ്പർ 42.)* സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.
- ★ സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതര ത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാ രാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.
- ★ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടി ക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ★ ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാ നങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

★ സീറോ മലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

★ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേകപ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം പൊതുയോഗ തീരുമാനത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

★ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

★ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

★ മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**ഓഡിറ്റിംഗ്**

കഴിഞ്ഞവർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശസഹായം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചും ഫെബ്രുവരി 21 ന് നടന്ന ക്ലാസിൽ പറഞ്ഞതനുസരിച്ചും വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ വർഷം ഏപ്രിൽ 20-ാം തീയതി മുതലാണ് ഓഡിറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെസമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ഫെബ്രുവരി 21 ന് നടന്ന ക്ലാസിന്റെ അവസരത്തിൽ നൽകിയ ചെക്ക് ലിസ്റ്റ് അനുസരിച്ചുള്ളവ എല്ലാം ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷിക പൊതുയോഗ മിനിട്സിന്റെ പകർപ്പ്,

2015-2016 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെരട്ടിന്റെ കോപ്പി, 10% രൂപതാ വിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്ത വർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനായി ട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്. കൂടാതെ PPF ഇടവകവിഹിതം അടച്ചുവെന്ന് ഉറപ്പുവരുത്തുകയും വേണം.

**പ്രത്യേകശ്രദ്ധയ്ക്ക്**

1. കമ്പ്യൂട്ടർ പ്രോഗ്രാമിൽ കണക്കുകൾ എഴുതുന്ന ഇടവകകളിലെ കണക്കുകൾ, നാൾവഴി, ബാലൻസ്ഷീറ്റുകൾ എന്നിവ കമ്പ്യൂട്ടർ പ്രിന്റായി യഥാവിധി തുന്നിക്കെട്ടി ഓഡിറ്റിംഗിന് എത്തിച്ചാൽ മതിയാകും. എന്നാൽ അതതുമാസത്തെ മാസത്തിരട്ടും വാർഷിക തിരട്ടും വാർഷികപൊതുയോഗ തീരുമാനങ്ങളും തെരട്ടു പുസ്തകത്തിൽതന്നെ രേഖപ്പെടുത്തി അംഗീകാരത്തിന് കൊണ്ടുവരേണ്ടതാണ്.

2. നീലഗിരി റീജണിലെ ഇടകകളിലെ വാർഷിക കണക്ക് ഓഡിറ്റ് ചെയ്യുന്നതിനും തെരട്ടു പരിശോധനയ്ക്കുമായി നിശ്ചയിച്ചിരിക്കുന്നത് 2015 ഏപ്രിൽ 30-ാം തീയതി വ്യാഴാഴ്ചയാണ്. അന്നേദിവസം ഓഡിറ്റർമാരും ബഹു. ജനറാളച്ചനും അരുൾനിലയം ആശ്രമത്തിൽ ഉണ്ടായിരിക്കുന്നതാണ്. എന്നാൽ റീജണിലെ ഇടവകകളിലെ കണക്കുകൾ, ബന്ധപ്പെട്ട രേഖകൾ സഹിതം നിശ്ചിത തീയതിക്ക് മുമ്പായി ഓഡിറ്റർ ജോൺ സാറിന്റെ ഗൂഡല്ലൂരിലുള്ള ഓഫീസിൽ എത്തിച്ചു നൽകിയാൽ അവർ കണക്ക് പരിശോധനകൾ നേരത്തെതന്നെ പൂർത്തിയാക്കി വയ്ക്കാൻ തയ്യാറാണ് എന്ന് അറിയിച്ചിട്ടുണ്ട്.

3. ഓഡിറ്റിംഗിനും വാർഷികതെരട്ട് പരിശോധനയ്ക്കുമായി കൊണ്ടുവരേണ്ട രേഖകളുടെ 'Check List' ഉം വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഉപകരിക്കുന്ന ഫോറവും രൂപതാ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ ലഭ്യമായ വിലാസങ്ങളിൽ ബഹു. വികാരിമാർക്ക് ഇ-മെയിൽ ആയി അയച്ചിട്ടുമുണ്ട്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| കല്ലോടി ഫൊറോന | ഏപ്രിൽ 20 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| വാളേരി (Dependent Filial Church) | രാവിലെ 9 മുതൽ | '' |
| കരിമ്പിൽ | രാവിലെ 9 മുതൽ | '' |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | '' |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | '' |
| കൊമ്മയാട് | രാവിലെ 9 മുതൽ | '' |
| കുഞ്ഞോം | രാവിലെ 9 മുതൽ | '' |
| മക്കിയാട് | രാവിലെ 9 മുതൽ | '' |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | '' |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | '' |
| ഏലപ്പീടിക | രാവിലെ 9 മുതൽ | '' |
| കരിമാനി | രാവിലെ 9 മുതൽ | '' |
| കുറ്റിമൂല | രാവിലെ 9 മുതൽ | '' |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | '' |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | '' |
| പാറത്തോട്ടം | രാവിലെ 9 മുതൽ | '' |
| പേരിയ | രാവിലെ 9 മുതൽ | '' |
| പോരൂർ | രാവിലെ 9 മുതൽ | '' |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | '' |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 22 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | '' |
| അമ്പായത്തോട് | രാവിലെ 9 മുതൽ | '' |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | '' |
| കേളകം | രാവിലെ 9 മുതൽ | '' |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | '' |
| നെല്ലിയോടി | രാവിലെ 9 മുതൽ | '' |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | '' |

| | | |
|---|---|---|
| പാൽച്ചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 22 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പോയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |

| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
|---|---|---|
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബി നഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 27 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നംപറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |

| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 27 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 28 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 28 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 29 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 30 വ്യാഴം** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ** - പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

രാവിലെ 10.30 ന് ശ്രീ. വിപിൻ ചമ്പക്കര നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരിജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പുതുതായി കൗൺസിൽ അംഗങ്ങളായി കടന്നുവന്ന ശ്രീമതി ഗ്രേസി ജേക്കബ്, സിബിൻ പാലമൂട്ടിൽ, ബ്രദർ അലക്സാണ്ടർ എന്നിവർക്ക് പ്രത്യേകം സ്വാഗതം പറയുകയും അവർ സത്യപ്രതിജ്ഞ എടുക്കുകയും ചെയ്തു. തുടർന്ന് റോമിൽ നടന്ന അസാധാരണസിനഡ് കുടുംബത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി നൽകിയിരിക്കുന്ന പഠനരേഖ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അവതരിപ്പിച്ചു. ശേഷം നാല് ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് വിഷയം ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ വെക്കുകയും ചെയ്തു. പിന്നീട് സമർപ്പിതവർഷാചരണത്തെക്കുറിച്ച് സി. ക്രിസ്റ്റീന എസ്.കെ.ഡി.യും, ലഹരിവിമുക്ത വർഷാചരണത്തെക്കുറിച്ച് ഫാ.സണ്ണി മഠത്തിലും, രൂപതായോഗവും അതിനുമുന്നോടിയായുള്ള അവസ്ഥാപഠനത്തെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും സംസാരിച്ചു. പിന്നീട് നടന്ന പൊതുചർച്ചയിൽ ഗ്രൂപ്പ് ചർച്ചകളിലെ റിപ്പോർട്ട്, വിവിധവിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി.

പൊതുചർച്ചയിൽ വയനാട്ടിലെ നൂൽപ്പുഴ, ഗൂഡല്ലൂരിലെ പാട്ടവയൽ എന്നിവിടങ്ങളിൽ കടുവ മനുഷ്യരെ കൊലപ്പെടുത്തിയതിലും വന്യമൃഗശല്യം കർഷകർക്കുണ്ടാക്കുന്ന ദുരിതത്തിൽ ആശങ്കരേഖപ്പെടുത്തിക്കൊണ്ടും, മരിച്ചവർക്ക് പ്രഖ്യാപിച്ച നഷ്ടപരിഹാരതുക ഉയർത്തണമെന്ന് കാണിച്ചും ഫാ. തോമസ് ജോസഫ് തേരകം അവതരിപ്പിച്ച പ്രമേയം യോഗം ചർച്ച ചെയ്ത് ഐക്യകണ്ഠേന പാസ്സാക്കി. ഡൽഹിയിലെ ദേവാലയ ആക്രമണത്തെയും യോഗം അപലപിച്ചു.

എറണാകുളത്ത് പി.ഒ.സി.യിൽ നടന്ന കെസിസി യുടെ റിപ്പോർട്ട് കെസിസി അംഗം ശ്രീമതി ഗ്രേസി ജേക്കബ് നടത്തി. തുടർന്ന് അഭിവന്ദ്യ പിതാവ് സമാപനസന്ദേശം നൽകുകയും പൊതുചർച്ചയിൽ ഉയർന്ന ആവശ്യങ്ങളോടുള്ള പ്രതികരണമറിയിക്കുകയും ചെയ്തു. രൂപതാ പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം ശ്രീ. ജോസ് പള്ളത്ത് കൃതജ്ഞതാ പ്രകാശനം നടത്തി. രൂപതാ ഗാനത്തോടെ ഉച്ചക്ക് 1.45-ന് യോഗം സമാപിച്ചു.

**പൊതുചർച്ചയിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

1. കുടുംബങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ പരിശീലനകേന്ദ്രവും വിശ്വാസം കൈമാറുന്ന ഇടവുമായിരിക്കണം. ഇതിന് സഹായകമാകുന്നവിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
2. വ്യത്യസ്ത ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് പ്രത്യേകം പരിശീലനം നൽകണം. (ഉദാ. വിവാഹം കഴിഞ്ഞ് 5, 10, 20 വർഷങ്ങൾ പിന്നിട്ടവർ, അതിനുമുകളിൽ എന്നവിധം).

3. വിവാഹത്തിന് ഒരുക്കസെമിനാറിൽ പങ്കെടുക്കുന്നതിനുമുമ്പായി കൗമാര കാലഘട്ടത്തിൽ കുടുംബജീവിതവും ധാർമ്മികജീവിതവുമായി ബന്ധ പ്പെട്ട് പ്രത്യേക പരിശീലനം സംഘടിപ്പിക്കുക.
4. സിനഡ് നിർദ്ദേശിച്ചിരിക്കുന്ന 'സഹഗമനം' സാധ്യമാക്കുന്നതിന് ഇടവക തലത്തിൽ റിസോർസ് ഗ്രൂപ്പിനെ പരിശീലിപ്പിച്ചെടുക്കുക.
5. പാരന്റൽ കാറ്റിക്കിസത്തിന് തുടക്കം കുറിക്കുക.
6. മാധ്യമ ഉപയോഗത്തെക്കുറിച്ച് കുട്ടികൾക്കും, മാതാപിതാക്കൾക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുക.
7. സമർപ്പിതവർഷത്തോടനുബന്ധിച്ച് സന്യസ്തസംഗമം സംഘടിപ്പിക്കുക.
8. വന്യജീവികളിൽ നിന്ന് മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാരിന് നിവേദനം നൽകുക.
9. ഡൽഹിയിൽ ക്രൈസ്തവ ദേവാലയങ്ങൾ നിരന്തരം ആക്രമിക്കപ്പെടു ന്നതിന്റെ പ്രതിഷേധവും ദു:ഖവും പ്രമേയത്തിലൂടെ പ്രധാനമന്ത്രി, പ്രസിഡന്റ് തുടങ്ങിയ അധികാരികളെ അറിയിക്കുക.
10. ലഹരിവിമുക്ത വർഷാചരണത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തന ങ്ങൾ വരും വർഷങ്ങളിലും തുടരുകയും ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കുകയും ചെയ്യുക.
11. രൂപതായോഗം നടത്തുന്നതിനോടനുബന്ധിച്ച്, മുമ്പ് നടന്ന രൂപതാ യോഗത്തിന്റെ തീരുമാനങ്ങളും നിലപാടുകളും എത്രത്തോളം നടപ്പായി എന്നതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തുക.
12. ആസന്നമാകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അർഹതയുള്ള മുഴുവൻ പേരും വോട്ടർപട്ടികയിൽ പേരു ചേർക്കുകയും വോട്ട് ചെയ്യുകയും വേണം.

**അഭിവന്ദ്യ പിതാവിന്റെ സന്ദേശത്തിലെ നിർദ്ദേശങ്ങൾ**

- ഇന്നത്തെ സാമൂഹ്യ സാഹചര്യത്തെ അതിജീവിക്കാൻ നാം പ്രാവുകളെ പോലെ നിഷ്കളങ്കരും സർപ്പങ്ങളെ പോലെ വിവേകികളുമായിരിക്കണം.
- കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇടവകകൾ ഏറ്റെടുക്കണം.
- ക്രൈസ്തവവിശ്വാസവും അതനുസരിച്ചുള്ള ധാർമ്മിക ജീവിതവും ഒരുപോലെ പ്രധാനപ്പെട്ടതാണ്.

പൊതുചർച്ചയിൽ ശ്രീ. ജോസ് പുന്നക്കുഴി, ഡോ. വി.ജെ. സെബാസ്റ്റ്യൻ, ഫാ. മനോജ് കവലക്കാടൻ, ഫാ. തോമസ് ജോസഫ് തേരകം, ശ്രീ. ബെന്നി ഇലഞ്ഞിമറ്റത്തിൽ, ശ്രീ. സാലു മേച്ചേരിൽ, ശ്രീ. പി.എ. ജോസ്, സി. ക്രിസ്റ്റീന എസ്.കെ.ഡി. തുടങ്ങിയവർ സംസാരിച്ചു. പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിൽ മുഴുവൻ അംഗങ്ങളും പങ്കെടുക്കണമെന്നും മുൻകൂട്ടി അറിയിക്കുന്ന തീയതിക്കനുസരിച്ച് സമയക്രമീകരണം നടത്തണ മെന്നും യോഗത്തിൽ ആവശ്യമുയർന്നു.

**ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ മാനന്തവാടി രൂപത

# സംഘടനാ ഭാരവാഹികളുടെ യോഗം

മാനന്തവാടി രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും ഡയറക്ടർമാർ, രൂപതാ ഭാരവാഹികൾ എന്നിവരുടെ സംയുക്തയോഗം ഫെബ്രുവരി 28-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. ശ്രീ. ജോയി മേപ്പാടത്ത് നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമാണ് അഭിവന്ദ്യ പിതാവ് ഇത്തരമൊരു യോഗം വിളിച്ചുചേർത്തത്. ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ സ്വാഗതം പറഞ്ഞു. യോഗത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അവതരിപ്പിച്ച് പിതാവ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ക്രിസ്തീയ 'സംഘടനകളുടെ പ്രസക്തിയും പ്രവർത്തനരീതിയും' - എന്ന വിഷയത്തെ അടിസ്ഥാനമാക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സ് നയിച്ചു. തുടർന്ന് അസാധാരണ സിനഡിന്റെ കുടുംബത്തെക്കുറിച്ചുള്ള പഠനരേഖ അടിസ്ഥാനമാക്കി ഗ്രൂപ്പ് ചർച്ച സംഘടിപ്പിക്കുകയും നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഓരോ സംഘടനകളും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലഘു റിപ്പോർട്ടുകളും അവർ നേരിടുന്ന പ്രധാന പ്രശ്നങ്ങളും അവതരിപ്പിച്ചു.

- നേതൃശേഷിയുള്ള വ്യക്തികളുടെ അഭാവം
- രക്ഷിതാക്കളുടെ താല്പര്യക്കുറവ്
- മുഴുവൻ ഇടവകകളും സംഘടനാ യൂണിറ്റുകൾ ഇല്ലാത്ത സാഹചര്യം
- വനിതാ നേതൃത്വം ഇല്ലാത്ത സാഹചര്യം
- സാമ്പത്തിക പരിമിതി
- സംഘടനാ പ്രവർത്തകർക്കും, നേതൃത്വത്തിലുള്ളവർക്കും അർഹിക്കുന്ന പരിഗണന ലഭിക്കാത്ത സാഹചര്യം
- ഫാമിലി കൗൺസിലിംഗ് സാധ്യതയില്ലാത്ത സാഹചര്യം
- പിതാക്കന്മാർക്ക് പ്രത്യേകിച്ച് സംഘടനകൾ/കൂട്ടായ്മകൾ ഇല്ലാത്തതു കൊണ്ടുള്ള പ്രശ്നങ്ങൾ
- കുട്ടികൾക്ക് മാതൃഭാഷയിൽ എഴുത്തിനും വായനയ്ക്കും നേരിടുന്ന പ്രശ്നങ്ങൾ
- മതപഠനത്തിന് ആവശ്യമായ സമയം ലഭിക്കാത്ത സാഹചര്യം
- ദീർഘകാലം നേതൃനിരയിലും സംഘടനയിലും പ്രവർത്തിച്ചവരെ പുറംതള്ളുന്ന പ്രവണത.
- പലതരം പ്രവർത്തനങ്ങൾ ഒരേസമയം വിവിധ സംഘടനകൾ നടത്തുന്നതുമൂലമുള്ള പ്രശ്നങ്ങൾ.

മേൽപ്പറഞ്ഞ കാര്യങ്ങളാണ് സംഘടനകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളായി അവതരിപ്പിക്കപ്പെട്ടത്. ഇതിനുള്ള പരിഹാരത്തെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

പ്രസ്തുത ചർച്ചയിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളാണ് ഉയർന്ന് വന്നത്.

- 'പിതൃവേദി'ക്ക് രൂപം നൽകുക

- ഒരു സംഘടനയിലും അതിന്റെ നിയമാവലിക്കു വിരുദ്ധമായ നിയന്ത്രണ ങ്ങൾ ഏർപ്പെടുത്താതിരിക്കുക
- സംയോജിച്ചുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക
- സംഘടനകൾക്കായി എടുക്കുന്ന പ്രത്യേക പിരിവുകൾ കൃത്യമായി ലഭിക്കു ന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- നേതൃത്വത്തിലുള്ളവർക്ക് പ്രത്യേകം പരിശീലനങ്ങൾ നടത്തുക.
- നിയമസഹായ സമിതി/കൗൺസിലിംഗ് സെന്റർ മുതലായവ ആരംഭിക്കുക.
- ഒരേ പ്രവർത്തനം വിവിധസംഘടനകൾ ഒരേ ഗ്രൂപ്പിന് വേണ്ടി നടത്തു ന്നത് ഒഴിവാക്കുക.
- എല്ലാ ഇടവകയിലും എല്ലാ സംഘടനയ്ക്കും തുല്ല്യപരിഗണന നൽകുക.
- പ്രത്യേകം ശ്രദ്ധപതിയേണ്ട മേഖലകളായ അവിവാഹിതരായ ചെറുപ്പ ക്കാർ, വിധവകൾ, മിശ്രവിവാഹിതർ, യുവദമ്പതികൾ, ദൈവവിളി പ്രോത്സാ ഹനം ഇവർക്ക് പ്രാധാന്യം നൽകണം.
- ലഹരി ഉപയോഗിക്കുന്നവരെ സംഘടനാ നേതൃത്വത്തിലും ഇടവക ഭരണ സമിതികളിലും ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലും ഉൾപ്പെടുത്താതി രിക്കുക.
- സംഘടനാപ്രവർത്തകർക്കും മതാധ്യാപകർക്കും സംഘടനയിൽ മികച്ച നേട്ടം കൈവരിച്ചവർക്കും അർഹമായ പ്രോത്സാഹനവും പരിഗണനയും നൽകുക.

ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമെല്ലാം അഭിവന്ദ്യ പിതാവും ബഹുമാന പ്പെട്ട ജനറാളച്ചനും മറുപടികളും വിശദീകരണങ്ങളും നൽകി.

കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി പിതാവ് മുന്നോട്ടുവെച്ച നിർദ്ദേ ശങ്ങൾ ഇവയാണ്.

- എല്ലാവർക്കും പ്രവർത്തനമാർഗ്ഗരേഖ ഉണ്ടായിരിക്കണം. അതിൽ എല്ലാ സംഘടനകളെക്കുറിച്ചും പ്രതിപാദനം ഉണ്ടാകണം.
- എല്ലാ മാർഗരേഖകളും പരിഗണിച്ച് പ്രവർത്തനത്തിന് പൊതുകലണ്ടർ രൂപീകരിക്കണം.
- രൂപതാ നേതൃത്വത്തിലുള്ളവർക്ക് ഒരുമിച്ച് പരിശീലനം ലഭിക്കണം.
- ഓരോ സംഘടനയും അവയുടെ പ്രവർത്തനമേഖലയിൽ ഒതുങ്ങി നിന്ന് പ്രവർത്തിക്കണം.
- എല്ലാ സംഘടനയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും സഹായിക്കു കയും ചെയ്യണം.
- വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും രൂപതാതല നേതൃത്വം ഒരുമിച്ച് ചേരണം.

മതബോധനം, കുടുംബപ്രേഷിതത്വം, മിഷൻലീഗ്, കെസിവൈഎം, മാതൃസംഘം, ഏകസ്ഥർ, ജീസസ്‌യൂത്ത്, കേരള ലേബർ മൂവ്മെന്റ്, വിമൻസ്കമ്മീഷൻ, കത്തോലിക്കാ കോൺഗ്രസ്, പ്രോലൈഫ് മൂവ്മെന്റ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി, മദ്യവിരുദ്ധ സമിതി തുടങ്ങിയവയുടെ നേതാക്കളും, രൂപതാ ചാൻസലറും സെക്രട്ടറിയുമായ ജോസഫ് പരുവുമ്മേലച്ചനും വൈസ്ചാൻസലറും അസോസിയേറ്റ് സെക്രട്ടറിയുമായ മനോജ് കവലക്കാടൻ അച്ചനും ഈ യോഗത്തിൽ സംബന്ധിച്ചു. ശ്രീ. എബിൻ മുട്ടപ്പള്ളി നന്ദി പറഞ്ഞു.

**ഫാ. ജോസഫ് പരുവുമ്മേൽ** – ചാൻസലർ

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

**ലഹരിവിമുക്ത വർഷാചരണ സമാപനം**

മാനന്തവാടി രൂപത 2014 മാർച്ച് 1 മുതൽ 2015 മാർച്ച് 1 വരെ നടത്തിയ ലഹരിവിമുക്ത വർഷാചരണത്തിന്റെ സമാപനം 2015 ഫെബ്രുവരി 27-ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. സി. മരിയ CMC, സി. മരീന SH എന്നിവർ നയിച്ച ജപമാല യോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. പത്ത് മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. ദ്വാരക എ.യു.പി. സ്കൂൾ വിദ്യാർത്ഥികൾ പ്രാർത്ഥ നാഗാനം ആലപിച്ചു. ലഹരിവിമുക്ത വർഷാചരണ കമ്മറ്റി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ പ്രവർത്തനവർഷ റിപ്പോർട്ട് അവതരിപ്പിച്ചു.

ലഹരിവിമുക്ത വർഷാചരണത്തിന്റെ സമാപനം KCBC മദ്യവിരുദ്ധ സമിതിയുടെ ചെയർമാൻ അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ ബിഷപ്പ് അഭിവന്ദ്യ ജോസ് പൊരു ന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി കണിയാരം ജി.കെ.എം. എച്ച്.എസ് വിദ്യാർത്ഥികൾ ലഹരിവിമുക്ത ഗാനം ആലപിച്ചു. KCBC മദ്യവിരുദ്ധ സമിതി ജനറൽ സെക്രട്ടറി റവ. ഫാ. ടി.ജെ. ആന്റണി മുഖ്യ പ്രഭാഷണം നടത്തി.

ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങളെയും ധ്യാനകേന്ദ്രങ്ങളെയും അഭിവന്ദ്യ റെമിജിയോസ് പിതാവ് മെമന്റോ നൽകി ആദരിച്ചു. തുടർന്ന് മുക്തി ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ റവ. ഫാ. റെജി യോഹന്നാൻ അനുഭവസാക്ഷ്യം നൽകി. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബിജു എം.ജി., എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എച്ച്.ബി. പ്രദീപ് മാസ്റ്റർ, ആനിമേറ്റർ റവ. സി. ജോവിറ്റ FCC, നിലമ്പൂർ ഫൊറോന ഡയറക്ടർ റവ. ഫാ. സജി പുതുക്കുളങ്ങര, ബത്തേരി ഫൊറോന പ്രതിനിധി ശ്രീമതി ഗ്രേസി ജേക്കബ് ചിറ്റിലപ്പിള്ളി, ചുങ്കക്കുന്ന് ഫൊറോന ആനിമേറ്റർ സി. നിർമ്മല SH എന്നിവർ ആശംസകൾ അർപ്പിച്ചു.

മികച്ച ഇടവകകൾ, ഫൊറോനകൾ, വിദ്യാലയങ്ങൾ എന്നിവയ്ക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. ലഹരിവിമുക്തരെ മെഡലുകൾ നൽകി വൈദികർ ആദരിച്ചു. തുടർന്ന് ലഹരി വിമുക്ത വർഷാചരണ കമ്മറ്റി വർക്കിംഗ് ചെയർമാൻ റവ. ഫാ. സണ്ണി

മഠത്തിൽ തുടർ പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിച്ചു. രൂപതാ കൺവീനർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാന ത്തോടെ സമാപന സമ്മേളനം അവസാനിച്ചു. എല്ലാവർക്കും സ്നേഹ വിരുന്ന് നൽകി. 800-ൽ പരം വ്യക്തികൾ പങ്കെടുത്തു.

**കൊളാഷ് - ചിത്ര പ്രദർശനം**

ലഹരിവിമുക്ത വർഷാചരണ സമാപന സമ്മേളനത്തോട് അനുബ ന്ധിച്ച് ബത്തേരി ഫൊറോനയുടെയും മദ്യവിരുദ്ധ സമിതിയുടെയും നേതൃ ത്വത്തിൽ കൊളാഷുകളുടെയും ചിത്രങ്ങളുടെയും പ്രദർശനം നടത്തി.

**പിന്തുണയുമായി വൈദികരും സന്യസ്തരും**

ലഹരിവിമുക്ത വർഷാചരണത്തിന്റെ സമാപന സമ്മേളനത്തിലും ലഹരിവിമുക്ത സംഗമത്തിലും പിന്തുണയും പ്രോത്സാഹനവുമായി ധാരാളം വൈദികരും സന്യസ്തരും പങ്കെടുക്കുകയുണ്ടായി. ഏവരേയും ഏറെ നന്ദി യോടും സ്നേഹത്തോടുംകൂടെ ഓർമ്മിക്കുന്നു.

**നന്ദിപൂർവ്വം**

ലഹരിവിമുക്ത വർഷാചരണ സമ്മേളനം വിജയകരമാക്കുവാൻ എല്ലാ വിധ സഹായസഹകരണവും നൽകിയ പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ജോഷിയച്ചനും പാസ്റ്ററൽ സെന്ററിലെ വൈദികർക്കും സ്റ്റേജ് അലങ്കരിച്ച് നൽകിയ ആരാധന മഠം സിസ്റ്റേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി. സമ്മേള നത്തിന്റെ പ്രാധാന്യം വിവരിച്ച് പരിപാടികൾ ഭംഗിയായി അവതരിപ്പിച്ച ബഹു. ബാബു മാപ്ലശേരിയച്ചന് ഹൃദയം നിറഞ്ഞ നന്ദി.

**മികച്ച ഇടവകകൾ**

ലഹരിവിമുക്ത വർഷത്തിൽ നൂറോളം ഇടവകകൾ വളരെ അഭിമാ നാർഹമായ പ്രവർത്തനം കാഴ്ചവെച്ചു. നേതൃത്വം നൽകിയ വികാരിയച്ച ന്മാരെയും സന്യസ്തരെയും ഇടവക ഭാരവാഹികളെയും നന്ദിയോടും സ്നേഹത്തോടുംകൂടെ ഓർക്കുകയാണ്. അവരിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തി സമ്മാനാർഹമായ ഇടവകകൾ

1. നല്ലിടയൻ ഇടവക - ചുള്ളിയാന
2. ക്രിസ്തുരാജ ഇടവക - മണിമൂളി
3. ഫാത്തിമമാത ഇടവക - ചുങ്കക്കുന്ന്

**മികച്ച ഫൊറോനകൾ**

ബഹുഭൂരിഭാഗം ഫൊറോനകളും ഫൊറോന വികാരി, ഡയറക്ടർ, ആനിമേറ്റർ, ഫൊറോന കമ്മറ്റി എന്നിവരുടെ നേതൃത്വത്തിൽ നല്ല പ്രവർത്തനം കാഴ്ചവെച്ചു. അതിൽ മികച്ചതായി തെരഞ്ഞെടുക്കപ്പെട്ടത്

1. ബത്തേരി ഫൊറോന
2. ചുങ്കക്കുന്ന് ഫൊറോന
3. നിലമ്പൂർ ഫൊറോന

**മികച്ച വിദ്യാലയങ്ങൾ**

മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളും വൈവിധ്യമാർന്ന പരിപാടികളോടെ ലഹരിവിമുക്ത വർഷം സമുചിതമായി കൊണ്ടാടി. നേതൃത്വം നല്കിയ കോർപ്പറേറ്റ് മാനേജർ ബിജു പൊൻപാറയിലച്ചനെ ഏറെ നന്ദിയോടെ ഓർക്കുന്നു. സ്കൂൾ

ഹെഡ്മാസ്റ്റർ, കാസ കൺവീനർമാർ എന്നിവരെയും നന്ദിപൂർവ്വം സ്മരിക്കുകയാണ്.

**മികച്ച വിദ്യാലയങ്ങൾ**

I[st] – ഫാ. ജി. കെ. എം. എച്ച്. എസ്, കണിയാരം

II[nd] – നിർമ്മല എച്ച്. എസ്. കബനിഗിരി

III[rd] – സെന്റ് തോമസ് എച്ച്. എസ്. നടവയൽ

**ബത്തേരി ഫൊറോന**

ലഹരിവിമുക്ത വർഷാചരണം ബത്തേരി ഫൊറോന സമാപനം മാർച്ച് 1 ന് മീനങ്ങാടി പള്ളിയിൽ വെച്ച് നടന്നു. ദിവ്യബലിക്ക് ബത്തേരി ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ഫൊറോന ഡയറക്ടർ റവ. ഫാ. സോമി വടയാപറമ്പിൽ സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി ബേബിച്ചൻ, ഹെഡ്മാസ്റ്റർ ഷാജി ചന്ദനപറമ്പിൽ, കൺവീനർ ശ്രീ. ബേബി കുപ്പയിൽ എന്നിവർ പ്രസംഗിച്ചു. രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സമാപന സന്ദേശം നൽകി റാലി ഉദ്ഘാടനം ചെയ്തു. തുടർന്ന് 54-ലേക്ക് ലഹരിവിരുദ്ധ റാലി നടത്തി. പള്ളിയങ്കണത്തിൽ റാലി തിരിച്ചെത്തിയശേഷം TOR ബ്രദേഴ്സിന്റെ തെരുവ് നാടകവും മേഖലയുടെ കൊളാഷ് പ്രദർശനവും ഉണ്ടായിരുന്നു.

**ഇടവക വാർത്തകൾ – വാളവയൽ**

ബഹുമാന്യനായ കുളിരാനി ജോസച്ചന്റെ നേതൃത്വത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടത്തി. കുട്ടികളുടെ നാടകാവതരണം, കൊളാഷ് നിർമ്മാണം എന്നിവ നടത്തി. എ.എ. കൂട്ടായ്മ ആരംഭിച്ചു.

**വഞ്ഞോട്**

ലഹരിവിമുക്ത വർഷാചരണ സമാപനം മാർച്ച് 1 ന് വൈകിട്ട് നടന്നു. ശ്രീ. ജോർജ്ജ്കുട്ടി സ്വാഗതം പറഞ്ഞു. തൊണ്ടർനാട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ബിന്ദു ബാബു ഉദ്ഘാടനം ചെയ്തു. റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ടി. ഷറഫുദ്ദീൻ (എക്സൈസ് ഇൻസ്പെക്ടർ), ശ്രീ. സന്തോഷ് (സബ്ബ് ഇൻസ്പെക്ടർ) മൗലവി ഹക്കിം നാസർ, ശ്രീ. എൻ. മണിയപ്പൻ, സി. ബെൻസി ജോസ്, ശ്രീ. സുകുമാരൻ, ഗ്രേസി മത്തായി, ലില്ലി കുര്യൻ, സെബിൻ, ഗോഡ്വിൻ, തോമസ് വഴങ്ങാട്ട് എന്നിവർ പ്രസംഗിച്ചു.

**കാവുംമന്ദം**

ധാരാളം വ്യക്തികളെ ലഹരിവസ്തുക്കളിൽ നിന്ന് മോചിപ്പിച്ചു. ബിയർ – വൈൻ പാർലറിനെതിരെ നിവേദനം നൽകി.

**പടമല**

എ.എ. കൂട്ടായ്മ ചേർന്നു. രൂപതാ ഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചൻ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

ഫെബ്രുവരി 22 ന് പാരീഷ് കൗൺസിൽ അംഗങ്ങൾക്കായി സെമിനാർ നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ ക്ലാസ്സ് നയിച്ചു. വി. ബലിയർപ്പിച്ചു, വചനസന്ദേശം നൽകി.

**വലിയകൊല്ലി**

മാർച്ച് ഒന്നിന് സമാപനം നടത്തി. കുർബാന, റാലി, സന്ദേശം എന്നിവ ഉണ്ടായിരുന്നു. രൂപതാ ഡയറക്ടർ പങ്കെടുത്തു.

**മാനന്തവാടി മികച്ച രണ്ടാമത്തെ രൂപത**

2014 പ്രവർത്തനവർഷത്തിൽ കേരളത്തിലെ മികച്ച ലഹരിവിരുദ്ധ പ്രവർത്തനത്തിനുള്ള രണ്ടാം സ്ഥാനം മാനന്തവാടി രൂപതയ്ക്ക് ലഭിച്ചു. 30 രൂപതകളിൽ നിന്നാണ് മാനന്തവാടി രൂപത രണ്ടാം സ്ഥാനത്ത് എത്തി ച്ചേർന്നത്. മാർച്ച് 2 ന് എറണാകുളത്ത് നടന്ന സംസ്ഥാന സമ്മേളനത്തിൽ വെച്ച് KCBC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ റെമിജിയൂസ് ഇഞ്ചനാനി യിൽ അവാർഡുകൾ വിതരണം ചെയ്തു. രൂപതയ്ക്കുള്ള സമ്മാനം രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ബേബി പേടപ്പാട്ട്, രാജു.വി.ടി, സി. മരിയ, സി. മരീന എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

**സംസ്ഥാന സമ്മേളനം**

KCBC മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം എറണാകുളം POC യിൽ വെച്ച് മാർച്ച് 2 ന് നടന്നു. രൂപതയിൽ നിന്ന് ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ, ജോൺസൺ തൊഴുത്തുങ്കൽ, ബേബി പേടപ്പാട്ട്, രാജു വി.ടി., സി. മരിയ, സി. മരീന എന്നിവർ പങ്കെടുത്തു.

**ഡയറക്ടറച്ചന്റെ ഇടവക സന്ദർശനം**

ബഹു. സണ്ണി മഠത്തിലച്ചൻ ഞായറാഴ്ചകളിൽ ഇടവക സന്ദർശി ക്കുകയും വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകുകയും സെമിനാറിന് നേതൃത്വം നൽകുകയും ചെയ്യുന്നു. താൽപര്യമുള്ള ഇടവകകൾ അച്ചനു മായി ബന്ധപ്പെടുക.

**ഡയറക്ടറച്ചന്റെ പ്രോഗ്രാമുകൾ**

| | | |
|---|---|---|
| 14-3-2015 | - | മാനന്തവാടി AA കൂട്ടായ്മ |
| 21-3-2015 | - | പടമല AA കൂട്ടായ്മ |
| 22 2-2015 | - | ചുങ്കക്കുന്ന് ഇടവക |
| 11-3-2015 | - | വലിയകൊല്ലി ഇടവക |

## ലഹരിവിമുക്ത വർഷം - വാർഷിക പ്രവർത്തന റിപ്പോർട്ട്

2014 ജനവരി 20-ാം തീയതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാ വിന്റെ സർക്കുലർ ലെറ്റർ നമ്പർ 02/2014 ലൂടെ 2014 മാർച്ച് 1 മുതൽ 2015 മാർച്ച് 1 വരെ മാനന്തവാടി രൂപത ലഹരിവിമുക്ത വർഷമായി ആചരിക്കുക യാണ് എന്ന് പിതാവ് പ്രഖ്യാപിച്ചു. നിരവധിയായ കൂടിയാലോചനകൾക്കും വിവിധ തലങ്ങളിലെ വിവിധ ആലോചനകൾക്കും പഠനങ്ങൾക്കും ശേഷ മാണ് അഭിവന്ദ്യ പിതാവ് വർഷാചരണ പ്രഖ്യാപനം നടത്തിയത്. KCBC മദ്യവിരുദ്ധ സമിതിയുടെ നിരവധി വർഷത്തെ ആഗ്രഹവും ആവശ്യവുമാ യിരുന്നു ലഹരിവിമുക്ത വർഷാചരണ വർഷ പ്രഖ്യാപനം. 12-10-2013 ന് ചേർന്ന രൂപത പാസ്റ്ററൽ കൗൺസിൽ ലഹരിവിമുക്ത വർഷാചരണം പ്രഖ്യാ പിക്കണമെന്ന് അഭിവന്ദ്യ പിതാവിനോട് അഭ്യർത്ഥിച്ചു. തുടർന്ന്വന്ന രൂപതകൂരിയ യോഗത്തിലും ആലോചന സമിതിയിലും വൈദികസമിതി

മീറ്റിംഗിലും ചർച്ച ചെയ്തത് അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് അഭിവന്ദ്യ പിതാവ് വർഷാചരണ പ്രഖ്യാപനം നടത്തിയത്.

**മുദ്രാവാക്യം**

"ലഹരിവിമുക്ത കുടുംബം അനുഗ്രഹീത സമൂഹം"

**ആപ്തവാക്യം**

"ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെ എറിയുവിൻ (എഫേ.4:22)

**ഭാരവാഹികൾ**

ചെയർമാൻ - മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ

വർക്കിംഗ് ചെയർമാൻ - ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ (KCBC ഡയറക്ടർ സ്ഥാനത്ത് നിന്ന് വിരമിച്ചപ്പോൾ പുതിയ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ വർക്കിംഗ് ചെയർമാനായി)

വൈസ് ചെയർമാൻ - വെരി റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ

കൺവീനർ - സെബാസ്റ്റ്യൻ പാലംപറമ്പിൽ

സെക്രട്ടറി - ജോൺസൺ തൊഴുത്തുങ്കൽ

ആനിമേറ്റർ - റവ. സി. ജോവിറ്റ FCC

**1. കോർ കമ്മറ്റി**

ഭാരവാഹികൾ 6 പേർ ഉൾക്കൊള്ളുന്ന കോർ കമ്മറ്റി പ്രവർത്തിക്കുന്നു. മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്യുന്നു.

**2. എക്സിക്യൂട്ടീവ് കമ്മറ്റി**

കോർ കമ്മറ്റി അംഗങ്ങളും സബ് കമ്മറ്റി കൺവീനർമാരും മൂന്ന് വൈദീക പ്രതിനിധികളും ഉൾപ്പെടുന്ന 15 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിച്ചു. രണ്ട് മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മറ്റി ചേർന്ന് തീരുമാനങ്ങൾ എടുക്കുകയും വിലയിരുത്തലുകൾ നടത്തുകയും ചെയ്യുന്നു.

**3. സെൻട്രൽ കമ്മറ്റി**

രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും ഫൊറോന വികാരിമാർ ഡയറക്ടർമാർ, കൺവീനർമാർ, ആനിമേറ്റർമാർ, സംഘടാ പ്രസിഡണ്ടുമാർ, ഡയറക്ടർമാർ, സന്യസ്ത പ്രതിനിധികൾ എന്നിവർ അടങ്ങിയ 85 അംഗ സെൻട്രൽ കമ്മറ്റി രൂപീകരിച്ചു. രണ്ട് പ്രാവശ്യം യോഗം ചേരുകയുണ്ടായി.

**4. ഫൊറോന കമ്മറ്റി**

ഫൊറോന വികാരി ചെയർമാനും ഒരു ഫൊറോന ഡയറക്ടറും പാസ്റ്ററൽ കൗൺസിൽ മെമ്പർ കൺവീനറും സിസ്റ്റർ ആനിമേറ്ററും ഉൾപ്പെട്ട ഫൊറോന എക്സിക്യൂട്ടീവ് കമ്മറ്റിയും ഇടവക കൺവീനർമാർ കൂടി ഉൾപ്പെട്ട ഫൊറോന കൗൺസിലും പ്രവർത്തിക്കുന്നു.

**5. ഇടവക**

വികാരിയച്ചനും ഒരു വാർഡിൽ നിന്ന് 3 പ്രതിനിധികളും സന്യസ്ത പ്രതിനിധികളും ഉൾപ്പെടുന്ന ഇടവക കമ്മറ്റി പ്രവർത്തിക്കുന്നു.

**6. രൂപതാ ഉദ്ഘാടനം**

ലഹരിവിമുക്ത വർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം 2014

മാർച്ച് 2 ന് ഞായറാഴ്ച മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിൽ തിരി തെളിച്ച്കൊണ്ട് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോർജ്ജ് മൈലാടൂർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. ഇടവക ഉദ്ഘാടനം**

മാനന്തവാടി രൂപതയിലെ എല്ലാ ഇടവകകളിലും മാർച്ച് 2-ന് തിരിതെളിച്ച് കൊണ്ട് ഇടവക വികാരിമാർ ഇടവകാതല ഉദ്ഘാടനം നടത്തി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി.

**8. വൈദികർക്ക് സെമിനാർ**

മാർച്ച് 12 ന് രൂപതാ വൈദിക സമ്മേളനത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ സെമിനാർ നടത്തി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ സെമിനാറിനും ക്ലാസ്സിനും നേതൃത്വം നൽകി.

**9. റിസോഴ്സ് ടീം പരിശീലനം**

ലഹരിവിമുക്ത വർഷത്തിൽ ഇടവക സെമിനാറുകൾക്ക് നേതൃത്വം നൽകുന്നതിനായി രൂപീകരിച്ച റിസോഴ്സ് ടീം അംഗങ്ങൾക്കായി 2014 മാർച്ച് 12 ന് ഏകദിന സായാഹ്ന ശില്പശാല നടത്തി. അഡ്വ. ചാർളി പോൾ നേതൃത്വം നൽകി.

**10. സ്റ്റിക്കർ**

ലഹരിവിമുക്ത വർഷ സന്ദേശം അടങ്ങിയ 40000 സ്റ്റിക്കർ അച്ചടിച്ച് എല്ലാ ഇടവകകളിലും ഭവനങ്ങളിലും എത്തിക്കുകയും പതിപ്പിക്കുകയും ചെയ്തു.

**11. പ്രാർത്ഥനാ കാർഡ്**

40000 ലഹരിവിമോചന പ്രാർത്ഥനാ കാർഡുകൾ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പള്ളികളിലും മഠങ്ങളിലും എത്തിച്ചു. എല്ലാ ഭവനങ്ങളിലും കുടുംബ പ്രാർത്ഥനയിലും പള്ളികളിൽ അനുദിന ദിവ്യബലിക്ക് ശേഷവും പ്രാർത്ഥനകൾ ചൊല്ലുന്നു.

**12. കാറോസൂസ**

ലഹരിവിമുക്ത വർഷത്തിൽ കുർബാനയോട് ചേർന്ന് പ്രാർത്ഥിക്കുവാനായി പ്രത്യേക കാറോസൂസ പ്രാർത്ഥന തയ്യാറാക്കി നൽകുകയും ഇടവകകളിൽ ചൊല്ലുകയും ചെയ്യുന്നു.

**13. ബാനർ**

ലഹരിവിമുക്ത വർഷത്തിന്റെ 500 ബാനർ തയ്യാറാക്കി എല്ലാ ദേവാലയങ്ങളിലും സന്യസ്ത ഭവനങ്ങളിലും വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചു.

**14. പ്രാർത്ഥനയുടെ ചങ്ങല**

ലഹരിവിമുക്ത വർഷത്തിന്റെ വിജയത്തിനായി ചെയിൻ ആരാധന, വി. ബലി, ജപമാല എന്നിവ നടത്തി. ഒരു ഇടവകയിൽ ഒരു ദിവസം എന്ന നിലയിലാണ് ഇത് ക്രമീകരിച്ചത്. എല്ലാ ഇടവകകളും പ്രാർത്ഥനയോട് സഹകരിച്ചു.

**15. ലഹരി ക്വിസ്സ്**

ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെ ചോദ്യോത്തര രീതിയിൽ പ്രതിപാദിക്കുന്ന ലഹരി ക്വിസ്സ് എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചനാണ് തയ്യാറാക്കിയത്.

**16. രൂപതാദിനം**

ഈ വർഷത്തെ രൂപതാദിനം ലഹരിവിമുക്ത വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് സംഘടിപ്പിച്ചത്. ലഹരിവിരുദ്ധ മാജിക് ഷോ, ലഹരിവിരുദ്ധ സ്കിറ്റ് എന്നിവ ശ്രദ്ധേയമായി.

**17. പ്രവർത്തന ഫണ്ട്**

ഫൊറോന, രൂപത പ്രവർത്തനങ്ങൾക്കായി മെയ് മാസത്തിലെ ആദ്യ ഞായറാഴ്ച എല്ലാ ഇടവകകളിലും സ്തോത്ര കാഴ്ച എടുത്തു.

**18. തീം സോങ്ങ്**

ലഹരിവിമുക്ത വർഷത്തോടനുബന്ധിച്ച് ഒരു തീം സോങ്ങ് തയ്യാറാക്കി. ശ്രീ. ഷാജി ചന്ദനപറമ്പിലാണ് ഗാനം രചിച്ച് ഈണം പകർന്നത്.

**19. ഇടവക കൺവീനർമാരുടെ യോഗം**

ലഹരിവിമുക്ത വർഷാചരണം ഇടവകകമ്മറ്റി കൺവീനർമാരുടെ യോഗം 27-09-2014 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആസൂത്രണം ചെയ്യുകയും ചെയ്തു.

**20. സർവ്വേ**

ലഹരി ഉപയോഗത്തെ പറ്റിയും പ്രശ്നങ്ങളെ പറ്റിയും സർവ്വേ നടത്തി. രൂപതാ നേതൃത്വം പ്രത്യേകം ഫോറം തയ്യാറാക്കി നൽകി.

**21. സന്ദർശനം**

ലഹരിവിമുക്ത വർഷാചരണ കമ്മറ്റി വർക്കിംഗ് ചെയർമാനും കെ. സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടറുമായ റവ. ഫാ. സണ്ണി മഠത്തിൽ 40-ൽ പരം ഇടവകകളിൽ സന്ദർശനം നടത്തി. വി.ബലിയർപ്പിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്തു.

**22. ഫൊറോന ഡയറക്ടർ, കൺവീനർ, ആനിമേറ്റർ യോഗം**

ഫൊറോന ഡയറക്ടർ, കൺവീനർ, ആനിമേറ്റർ എന്നിവരുടെ യോഗം 30-08-2014 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തി. ഫൊറോന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി.

**23. AA കൂട്ടായ്മ**

രൂപതയിലെ 36 ഇടവകകളിൽ എ.എ. കൂട്ടായ്മ ശക്തമായി പ്രവർത്തിച്ച് വരുന്നു. ധാരാളം അക്രൈസ്തവ സഹോദരങ്ങളടക്കം നിരവധിപേർ എ.എ. മീറ്റിംഗിൽ പങ്കെടുക്കുന്നു.

**24. ലഘുലേഖ**

35000 ലഘുലേഖകൾ വിതരണം ചെയ്തു.

**25. ക്രിസ്തുമസ് കാർഡ്**

അഭിവന്ദ്യ പിതാവിന്റെ സന്ദേശവും ലഹരിവിമുക്ത ക്രിസ്തുമസ്

ആഘോഷിക്കണമെന്ന ആഹ്വാനവുമായി 40000 ക്രിസ്തുമസ് കാർഡ് കുടുംബങ്ങളിൽ വിതരണം ചെയ്തു.

**26. ധ്യാനം**

രൂപതാ സീയോൻ ധ്യാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നവംബർ 16 മുതൽ 20 വരെ ലഹരി വിമുക്ത ധ്യാനം നടത്തി.

**27. സെമിനാറുകൾ**

രൂപതാ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ധാരാളം ഇടവകകളിൽ സെമിനാറുകൾ നടന്നു.

**28. ഫൊറോനാതല പ്രവർത്തനങ്ങൾ**

ബഹുഭൂരിപക്ഷം ഫൊറോനകളിലും ഫൊറോന വികാരിയുടെയും ഡയറക്ടറുടെയും കൺവീനറുടെയും ആനിമേറ്റർമാരുടെയും നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇടവകകളെ പ്രചോദിപ്പിക്കാനും പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനും ശ്രദ്ധിച്ചു. പ്രതിമാസ യോഗങ്ങൾ ചേരുകയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്തു. തെരുവ് നാടക മത്സരം, ക്വിസ്സ് മത്സരം, കൊളാഷ് മത്സരം, കൊളാഷ് പ്രയാണം, പ്രാർത്ഥനാ സംഗമം, യുവജനങ്ങൾക്കും, കുട്ടികൾക്കും, പ്രത്യേകധ്യാനങ്ങൾ, സംഗമങ്ങൾ എന്നിവ സംഘടിപ്പിച്ചു. എല്ലാ മാസവും പല ഫൊറോനകളും രൂപതയ്ക്ക് പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു.

**29. ഇടവക പ്രവർത്തനങ്ങൾ**

ലഹരിവിമുക്ത വർഷം അർത്ഥപൂർണ്ണമാക്കാൻ കഠിനാധ്വാനം ചെയ്തത് ഇടവകകളാണ്. ബഹുമാന്യരായ ഇടവക വൈദികരെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. ധാരാളം വ്യക്തികളെ ലഹരി വിമുക്തരാക്കുവാൻ ഇടവക കമ്മറ്റിക്ക് സാധിച്ചു. സന്യസ്തരും അൽമായ സഹോദരങ്ങളും ആത്മാർത്ഥമായി നേതൃത്വം നൽകി. യുവജനങ്ങൾക്കും മുതിർന്നവർക്കും കുട്ടികൾക്കുമായി നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെച്ചു.

ഇടവകയിൽ ലഹരിക്കടിമപ്പെട്ടവരെപ്പറ്റി സർവ്വേ നടത്തി. ലഹരിക്കടിമപ്പെട്ടവരുടെ ഭവനങ്ങൾ നിരന്തരമായി സന്ദർശിച്ചു. ധാരാളം വ്യക്തികളെ നവീകരണ ധ്യാനത്തിനും ഡി അഡിക്ഷൻ സെന്ററുകളിലും അയച്ചു. എ. എ. കൂട്ടായ്മയിലൂടെ ആളുകളെ പുനഃപതനത്തിലേക്ക് പോകാതെ സംരക്ഷിച്ചു. മദ്യപാനികളുടെ കുടുംബാംഗങ്ങൾക്ക് വലിയൊരു സാന്ത്വനമായി മാറി. വാർഡുപ്രാർത്ഥനകളിൽ പ്രത്യേക ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. വിവിധ തരക്കാർക്ക് വിവിധ മത്സരങ്ങൾ നടത്തി. ധ്യാനങ്ങൾ ക്രമീകരിച്ചു. ജാഗ്രതാ സമിതികൾ രൂപീകരിച്ചു. ഇടവകയിൽ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ചെയിൻ റോസറി, ആരാധന, ഉപവാസ പ്രാർത്ഥന എന്നിവ നടത്തി. എല്ലാ ഭവനങ്ങളിലും സ്റ്റിക്കർ ഒട്ടിച്ചു. ലഹരി വിമുക്ത പ്രാർത്ഥന ചൊല്ലി. വിവിധ ഗ്രൂപ്പുകാർക്ക് സെമിനാർ സംഘടിപ്പിച്ചു. എല്ലാ ഇടവകകളിലും വിവിധതരം റാലികൾ നടത്തി. തെരുവുകളിലും പള്ളി പരിസരങ്ങളിലും ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു. ലഘുലേഖകൾ, ലഹരിവിരുദ്ധ ബൈബിൾ വാക്യങ്ങൾ എന്നിവ വിതരണം ചെയ്തു.

**30. സംഘടന പ്രവർത്തനങ്ങൾ**

രൂപതയിലെ എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും ലഹരിവിമുക്ത വർഷാചരണത്തിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

**31. മതബോധനം**

എല്ലാ ഇടവകയിലും 2014 ഏപ്രിൽ മാസം നടത്തിയ ത്രിദിന വിശ്വാസോത്സവത്തിൽ പ്രധാന വിഷയമായി ലഹരിയുടെ ദുരന്തങ്ങൾ ഏറ്റെടുത്തു. 25000 ത്തോളം വിദ്യാർത്ഥികൾ പങ്കാളികളായി. കൊളാഷ് നിർമ്മാണം, മുദ്രാവാക്യ രചന, റാലികൾ, സ്കിറ്റുകൾ, പോസ്റ്ററുകൾ, ചർച്ചകൾ, സംവാദം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. ഇടവകയിൽ എല്ലാ ഞായറാഴ്ചയും ഒരു വിദ്യാർത്ഥി മതബോധന അസംബ്ലിയിൽ ലഹരിവിരുദ്ധ സന്ദേശം നൽകുന്നു.

**32. മിഷൻലീഗ്**

മിഷൻലീഗിന്റെ പ്രവർത്തനത്തിൽ ഒരു മാസം ഒരു പ്രവർത്തനം എന്ന നിലയിൽ ക്രമീകരിച്ചു. കൊളാഷ് നിർമ്മാണം, സ്കിറ്റ് അവതരണം, ലഹരി വിരുദ്ധ സേന, കയ്യെഴുത്ത് മാസിക, ശാഖാ റാലികൾ, ഉപവാസ പ്രാർത്ഥന, പ്രസംഗ മത്സരം എന്നിവ നടത്തി.

**33. കെ.സി.വൈ.എം.**

മാനന്തവാടി രൂപത യുവജന മുന്നേറ്റം ലഹരി വിമുക്ത വർഷത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. മാനന്തവാടി, ബത്തേരി, കൽപ്പറ്റ എന്നിവിടങ്ങളിൽ വെച്ച് നടത്തിയ ലിബർത്താസ് 2014 യുവജന പങ്കാളിത്തം കൊണ്ടും പുതുമകൊണ്ടും ഏറെ ശ്രദ്ധേയമായി.

**34. മാതൃസംഘം**

ഇടവകതലത്തിൽ പ്രാർത്ഥനാധിഷ്ഠിതമായ പ്രവർത്തനംകൊണ്ട് ഏറെ സജീവമാക്കി. ജപമാലകൾ, ഉപവാസ പ്രാർത്ഥനകൾ എന്നിവ നടത്തി.

**35. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി**

മാനന്തവാടി രൂപതയിലെ വിവിധ വിദ്യാലയങ്ങളിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നു. വിദ്യാർത്ഥി റാലി, ഭവനസന്ദർശനം, സെമിനാറുകൾ, പോസ്റ്റർ, ബാനർ പ്രദർശനം എന്നിവ നടത്തി. റേഡിയോ മാറ്റൊലി, SWS, വിൻസെന്റ് ഡി പോൾ സംഘടനകളും ഏറെ ശ്രദ്ധേയമായ പ്രവത്തനം കാഴ്ചവെച്ചു.

**36. സീയോൻ ധ്യാനകേന്ദ്രം**

ധ്യാനങ്ങളും പ്രാർത്ഥനകളും വഴി ഏറെ പേരെ സഹായിച്ചു.

**37. നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ**

1. രണ്ടായിരത്തിലധികം വ്യക്തികൾ ലഹരി ഉപയോഗത്തിൽ നിന്ന് വിമോചിതരായി.
2. ഭവനങ്ങളിലെ ആഘോഷങ്ങളിൽ നിന്ന് ഒരുപരിധിവരെ മദ്യത്തെ അകറ്റി നിർത്തി.
3. വിവാഹ തലേനാളിലെ മദ്യസംസ്കാരത്തിന് പരിധിവരെ നിയന്ത്രണമുണ്ടായി
4. മദ്യത്തിന് നൽകിയ മാന്യത ഇല്ലാതായി.
5. മദ്യപാനം പാപവും രോഗവുമാണെന്ന ചിന്ത വർദ്ധിച്ചു.

6. മദ്യത്തിനും ലഹരി വസ്തുക്കൾക്കുമെതിരെ ചിന്തിക്കുന്ന സമൂഹം രൂപംകൊണ്ടു.
7. വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരിവിരുദ്ധ മനോഭാവം രൂപപ്പെട്ടു.
8. മദ്യത്തിനെതിരെ പ്രാർത്ഥനാപൂർവ്വമായ സമീപനം കൈവന്നു.
9. ജാഗ്രതാ സമിതികൾ രൂപംകൊണ്ടു.
10. യുവജനങ്ങളും വിദ്യാർത്ഥികളും ലഹരിവിരുദ്ധ പ്രവർത്തനത്തിൽ പങ്കാളികളായി.

**38. ഡി അഡിക്ഷൻ സെന്ററുകൾ**

വയനാട്ടിലും വയനാടിന് സമീപവുമുള്ള ഡി അഡിക്ഷൻ സെന്ററുകൾ ലഹരിവിമുക്ത വർഷത്തിൽ നടത്തിയ സേവനങ്ങളെ നന്ദിപൂർവ്വം ഓർക്കുന്നു. മുക്തി നടവയൽ, വിൻസെന്റ് ഗിരി ആശുപത്രി മാനന്തവാടി, അസംപ്ഷൻ ബത്തേരി, ഡി അഡിക്ഷൻ സെന്റർ പാട്ടവയൽ, ഫാത്തിമ ഹോസ്പിറ്റൽ കൽപ്പറ്റ എന്നിവരുടെ സേവനങ്ങൾ ഏറെ മഹത്തരമായിരുന്നു.

**39. നന്ദിപൂർവ്വം**

മനുഷ്യരെയും കുടുംബത്തേയും നശിപ്പിക്കുന്ന വലിയ തിന്മക്കെതിരെ പ്രവാചകധീരതയോടെ പ്രവർത്തിക്കാൻ മാനന്തവാടി രൂപതാ കുടുംബത്തെ അനുഗ്രഹിക്കുകയും നയിക്കുകയും ചെയ്ത ദൈവത്തിന്റെ മുമ്പിൽ കൂപ്പുകൈകളോടെ നിൽക്കുന്നു. വർഷാചരണം പ്രഖ്യാപിച്ച അഭിവന്ദ്യ പിതാവ് നിർദ്ദേശം സമർപ്പിച്ച പാസ്റ്ററൽ കൗൺസിൽ, പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നൽകിയ രൂപത മദ്യവിരുദ്ധ സമിതി, നേതൃത്വം നൽകിയ ബഹു. ജനറാളച്ചൻ, രൂപത കൂരിയായിലെ വൈദികർ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഫൊറോന പ്രവർത്തനത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരിമാർ, ഡയറക്ടർ, കൺവീനർ, ആനിമേറ്റർ, ഫൊറോന എക്സിക്യൂട്ടീവ് കമ്മറ്റി എന്നിവയെ നന്ദിപൂർവ്വം സ്മരിക്കുന്നു. ഇടവകയിൽ നേതൃത്വം നൽകിയ വികാരിയച്ചന്മാർ, കൺവീനർ, ആനിമേറ്റർ, കമ്മറ്റി അംഗങ്ങൾ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

രൂപതയിലെ സന്യസ്ത സമൂഹങ്ങൾ നിസ്തുലമായ സേവനമാണ് കാഴ്ചവെച്ചത്. പ്രൊവിൻഷ്യൽസ്, മദർ സുപ്പീരിയേഴ്സ് എന്നിവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. രൂപതയിലെ എല്ലാ സംഘടനകളെയും നേതൃത്വത്തെയും നന്ദിയോടെ ഓർക്കുന്നു.

മികച്ച പ്രവർത്തനം കാഴ്ചവെച്ച് സമ്മാനാർഹരായ ബത്തേരി, ചുങ്കക്കുന്ന്, നിലമ്പൂർ ഫൊറോനകളെയും ചുള്ളിയാന, ചുങ്കക്കുന്ന്, മണിമൂളി ഇടവകകളെയും ഫാ. ജി.കെ.എം.എച്ച്.എസ് കണിയാരം, നിർമ്മല എച്ച്.എസ് കബനിഗിരി, സെന്റ് തോമസ് എച്ച്.എസ്. നടവയൽ എന്നിവരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

രൂപതാ കോർക്കമ്മറ്റി അംഗങ്ങൾ, എക്സിക്യൂട്ടീവ് കമ്മറ്റി, സെൻട്രൽ കമ്മറ്റി എന്നിവയെയും അഭിനന്ദിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
സെക്രട്ടറി, ലഹരിവിമുക്തവർഷം മാനന്തവാടി രൂപത

# മതബോധനരംഗം

## മൂല്യനിർണ്ണയ ക്യാമ്പ്

ഏപ്രിൽ 11-ാം തീയതി നടക്കുന്ന ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് ഏപ്രിൽ 18,19 തീയതികളിൽ രൂപത മതബോധന ഓഫീസിൽ നടക്കുന്നു. മൂല്യനിർണ്ണയ ക്യാമ്പിലേക്ക് ക്ഷണിക്കപ്പെട്ട അദ്ധ്യാപകരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## SELOC രൂപതാതല ക്യാമ്പ് ഏപ്രിൽ 18, ഏപ്രിൽ 25

ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട X-ാം ക്ലാസ് SELOC വിദ്യാർത്ഥികളുടെ രൂപതാതല ക്യാമ്പ് ഏപ്രിൽ 18-നും VII-ാം ക്ലാസ് വിദ്യാർത്ഥികളുടെ രൂപതാതല ക്യാമ്പ് ഏപ്രിൽ 25 നും രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. അതിൽ നിന്നും രൂപതാ പ്രതിഭകളെ തെരഞ്ഞെടുക്കുന്നതാണ്. ഫൊറോനകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

## HDC പരീക്ഷാഫലം

ഫെബ്രുവരി മാസത്തിൽ നടത്തിയ 2013-2015 വർഷത്തെ HDC (Higher Diploma in Catechism) പരീക്ഷാ ഫലം ഏപ്രിൽ 1 ന് മതബോധന Website ൽ പ്രസിദ്ധീകരിക്കുന്നതാണ്.

## വിശ്വാസസംഗമം - പരീക്ഷാ പഠനശില്പശാല - വാർഷിക പരീക്ഷ

മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ വാർഷിക പരീക്ഷ ഏപ്രിൽ 11-ന് ശനിയാഴ്ചയാണ്. നീലഗിരി റീജിയണിൽ വാർഷിക പരീക്ഷ ഏപ്രിൽ 12 ന് ഞായറാഴ്ച ആയിരിക്കും. നീലഗിരി റീജിയണിൽ പരീക്ഷാസമയം I-IX ക്ലാസുകൾക്ക് 12-ാം തീയതി രാവിലെ 11 മുതൽ 1.00 pm വരെയാണ്. X -ാം ക്ലാസ് ഡിപ്ലോമ IV, VII സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവ അന്നേദിവസം ഉച്ചകഴിഞ്ഞ് 2

മണി മുതൽ 4 മണിവരെയാണ്. പരീക്ഷസമയത്തിൽ മാറ്റം വരുത്തരുത് എന്നുള്ള നിർദ്ദേശം പ്രത്യേകം ശ്രദ്ധിക്കുക.

**Diploma, Scholarship പരീക്ഷാ ഫലം**

Diploma, Scholarship പരീക്ഷകളുടെ റിസൽട്ട് വിശ്വാസോത്സവത്തിന്റെ റിപ്പോർട്ട് രൂപതയിൽ ലഭിച്ചതിനുശേഷം, മെയ് 1-ന് പ്രസിദ്ധീകരിക്കുന്നതാണ്. മെയ്മാസത്തെ ബുള്ളറ്റിനിൽ റിസൽട്ട് ഉണ്ടായിരിക്കുന്നതാണ്.

**Revaluztion SAY Exam**

Diploma പരീക്ഷയിൽ പരാജയപ്പെട്ടവർക്കുള്ള SAY പരീക്ഷ മെയ് 17 ഞായറാഴ്ചയായിരിക്കും നടത്തപ്പെടുക. ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ Revaluation ന് ഉള്ള അപേക്ഷകൾ മെയ് 10 വരെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. 50 രൂപയായിരിക്കും ഫീസ്. SAY പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ മെയ് 10 ന് മുമ്പ് 100 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. മെയ് 10-ന് ശേഷം അപേക്ഷകൾ സ്വീകരിക്കുന്നതല്ല. SAY പരീക്ഷയുടെ സെന്ററുകൾ ദ്വാരക യു.പി. സ്കൂളും മണിമൂളി പാസ്റ്ററൽ സെന്ററും ആയിരിക്കും. മെയ് 17 ന് 10 മുതൽ 12 വരെയായിരിക്കും പരീക്ഷസമയം. പരീക്ഷയ്ക്ക് ശേഷം കുട്ടികൾക്ക് വി.കുർബാനയും ഉണ്ടായിരിക്കും.

**DCC II Semester**

DCC രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ Contact ക്ലാസ് ഏപ്രിൽ 26 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9.30 ന് വി.കുർബാനയോടുകൂടിയായിരിക്കും ആരംഭിക്കുക. എല്ലാ വിദ്യാർത്ഥികളും 9.30 ന് തന്നെ എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

**ജൂബിലേറിയൻസ്**

2014-15 വർഷത്തിൽ മതാദ്ധ്യാപനരംഗത്ത് 25, 50 വർഷങ്ങൾ പൂർത്തിയാക്കുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങളും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും ഏപ്രിൽ 15-ന് മുമ്പായി വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റർ ശ്രദ്ധിക്കുമല്ലോ.

**HCC പരീക്ഷാ ഫലം**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തപ്പെട്ട HCC പരീക്ഷയുടെ റിസൽട്ട് പ്രസിദ്ധീകരിച്ചു. റാങ്ക് ജേതാക്കൾക്കും വിജയികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.

| HCC ( Plus Two) 2014 - 15 Rank List | | | | |
|---|---|---|---|---|
| Reg. No. | Name & House name | Parish | Rank | Mark |
| M 11764 | MARY (ANJU MARIYA MARTINE) KOOTTUNGAL | Adikolly | I | 90 |
| M 11799 | DELONI JOSE CHOONATT | Kabanigiri | II | 89 |
| M 11762 | ELIZEBATH (APARNA) KURUMBALAKATTU | Adikolly | III | 88 |
| M 10750 | ANCILINE MANIYAKKUPARAYIL | Chungakkunnu | IV | 87 |
| M 11758 | AGNUS JOSEPH VATTAKULATHIL | Adikolly | V | 86 |
| M 11803 | JOSHNA JACOB MANGARATH | Kabanigiri | V | 86 |
| M 11906 | ELIZABETH (LIYA S LEO) KOLLAVELIL | Mullankolly | VI | 85 |
| M 11776 | MARIYA (TESNA JOHN) NEDUMKALLEL | Amarakuni | VII | 84 |
| M 11759 | ALEYAMMA (ALEENA SABU) OLIKKARA | Adikolly | VIII | 83 |
| M 11886 | JOSEPH(RAHUL BENNY) NADUPARAMBIL | Mullankolly | IX | 82 |

| HCC- 2014-15 ( Plus Two) Result in parish Level | | | | | | | |
|---|---|---|---|---|---|---|---|
| No. | Parish | Total Reg | Attended | Absent | Passed | Failed | % |
| **Bathery** | | | | | | | |
| 1 | AMBALAVAYAL | 10 | 10 | 0 | 10 | 0 | 100% |
| 2 | BATHERY | 39 | 39 | 0 | 38 | 1 | 97% |
| 3 | CHITHRAGIRI | 12 | 11 | 1 | 11 | 0 | 92% |
| 4 | CHULLIYOD | 6 | 6 | 0 | 6 | 0 | 100% |
| 5 | KADALMAD | 10 | 9 | 1 | 9 | 0 | 90% |
| 6 | KALLUMUKKU | 1 | 1 | 0 | 1 | 0 | 100% |
| 7 | KARANI | 1 | 1 | 0 | 1 | 0 | 100% |
| 8 | MEENANGADI | 12 | 12 | 0 | 12 | 0 | 100% |
| 9 | MOOLANKAVU | 12 | 11 | 0 | 11 | 1 | 92% |
| 10 | PAZHOOR | 11 | 11 | 0 | 11 | 0 | 100% |
| 11 | THOMATTUCHAL | 6 | 6 | 0 | 6 | 0 | 100% |
| 12 | VADAKKANAD | 6 | 5 | 1 | 5 | 0 | 83% |
| 13 | VAKERY | 6 | 6 | 0 | 6 | 0 | 100% |
| | **Total** | **132** | **128** | **3** | **127** | **2** | **96%** |
| **Chungakkunnu** | | | | | | | |
| 14 | ADAKKATHODE | 30 | 30 | 0 | 30 | 0 | 100% |
| 15 | AMBAYATHODE | 20 | 20 | 0 | 17 | 3 | 85% |
| 16 | CHUNGAKKUNNU | 52 | 52 | 0 | 49 | 3 | 94% |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | KELAKAM | 6 | 6 | 0 | 6 | 0 | 100% |
| 18 | KOTTIYOOR | 41 | 41 | 0 | 39 | 2 | 95% |
| 19 | NELLIYODI | 9 | 9 | 0 | 8 | 1 | 89% |
| 20 | OTTAPLAVU | 7 | 7 | 0 | 7 | 0 | 100% |
| 21 | PALCHURAM | 8 | 8 | 0 | 8 | 0 | 100% |
| 22 | SANTHIGIRI | 2 | 2 | 0 | 2 | 0 | 100% |
| 23 | VELLOONNI | 16 | 16 | 0 | 15 | 1 | 94% |
| | **Total** | **191** | **191** | **0** | **181** | **10** | **95%** |
| **Kallody** | | | | | | | |
| 24 | CHULLIYANA | 3 | 3 | 0 | 3 | 0 | 100% |
| 25 | DEEPTHIGIRI | 12 | 10 | 2 | 10 | 0 | 83% |
| 26 | DWARAKA | 24 | 24 | 0 | 24 | 0 | 100% |
| 27 | JUDE'S MOUNT | 5 | 5 | 0 | 4 | 1 | 80% |
| 28 | KALLODY | 33 | 33 | 0 | 30 | 3 | 91% |
| 29 | KARAKKAMALA | 17 | 17 | 0 | 14 | 3 | 82% |
| 30 | KARIMBIL | 3 | 3 | 0 | 3 | 0 | 100% |
| 31 | KOMMAYAD | 17 | 17 | 0 | 15 | 2 | 88% |
| 32 | KUNJOME | 5 | 5 | 0 | 4 | 1 | 80% |
| 33 | MAKKIYAD | 6 | 6 | 0 | 4 | 2 | 67% |
| 34 | MANGALASSERY | 3 | 3 | 0 | 3 | 0 | 100% |
| 35 | MOTHAKKARA | 7 | 7 | 0 | 5 | 2 | 71% |
| 36 | NIRAVILPUZHA | 4 | 4 | 0 | 2 | 2 | 50% |
| 37 | PUTHIYIDAMKUNU | 7 | 7 | 0 | 6 | 1 | 86% |
| 38 | PUTHUSSERY | 9 | 9 | 0 | 8 | 1 | 89% |
| 39 | THONICHAL | 13 | 13 | 0 | 9 | 4 | 69% |
| 40 | VALERY | 6 | 6 | 0 | 6 | 0 | 100% |
| 41 | VANJODE | 17 | 17 | 0 | 12 | 5 | 71% |
| 42 | VELLAMUNDA | 7 | 7 | 0 | 5 | 2 | 71% |
| | **Total** | **198** | **196** | **2** | **167** | **29** | **84%** |
| **Kalpetta** | | | | | | | |
| 43 | CHARITTY | 2 | 2 | 0 | 2 | 0 | 100% |
| 44 | CHOORALMALA | 1 | 1 | 0 | 1 | 0 | 100% |
| 45 | EDAPETTY | 4 | 4 | 0 | 4 | 0 | 100% |
| 46 | KALPETTA | 10 | 10 | 0 | 10 | 0 | 100% |
| 47 | KOLAVAYAL | 3 | 3 | 0 | 2 | 1 | 67% |
| 48 | KUNNAMBETTA | 3 | 3 | 0 | 3 | 0 | 100% |
| 49 | LAKKIDI | 2 | 2 | 0 | 2 | 0 | 100% |
| 50 | NEDUMBALA | 15 | 15 | 0 | 14 | 1 | 93% |
| 51 | OLIVUMALA | 11 | 11 | 0 | 11 | 0 | 100% |
| 52 | PUZHAMUDI | 5 | 5 | 0 | 5 | 0 | 100% |

| | | | | | | | |
|---|---|---|---|---|---|---|---|
| 53 | RIPPPON | 16 | 14 | 2 | 13 | 1 | 81% |
| 54 | THENERY | 15 | 15 | 0 | 14 | 1 | 93% |
| 55 | VAZHAVATTA | 20 | 20 | 0 | 19 | 1 | 95% |
| 56 | VYTHIRY | 3 | 3 | 0 | 3 | 0 | 100% |
| | **Total** | **110** | **108** | **2** | **103** | **5** | **94%** |
| | **Mananthavady** | | | | | | |
| 57 | ALATTIL | 22 | 22 | 0 | 18 | 4 | 82% |
| 58 | BOYS TOWN | 1 | 1 | 0 | 1 | 0 | 100% |
| 59 | ELAPPEEDIKA | 7 | 6 | 1 | 6 | 0 | 86% |
| 60 | KANIYARAM | 45 | 42 | 3 | 41 | 1 | 91% |
| 61 | KARIMANI | 5 | 5 | 0 | 5 | 0 | 100% |
| 62 | MANANTHAVADY T. | 16 | 16 | 0 | 16 | 0 | 100% |
| 63 | MUTHIRERY | 10 | 9 | 1 | 8 | 1 | 80% |
| 64 | PARATHOTTAM | 5 | 5 | 0 | 5 | 0 | 100% |
| 65 | PERIA | 2 | 2 | 0 | 2 | 0 | 100% |
| 66 | POROOR | 34 | 31 | 3 | 28 | 3 | 82% |
| 67 | PRASANTHIGIRI | 7 | 7 | 0 | 6 | 1 | 86% |
| 68 | PUTHIYIDAM | 10 | 10 | 0 | 10 | 0 | 100% |
| 69 | THALAPUZHA | 5 | 5 | 0 | 5 | 0 | 100% |
| 70 | THAVINJAL | 16 | 16 | 0 | 14 | 2 | 88% |
| 71 | VALAD | 7 | 7 | 0 | 6 | 1 | 86% |
| 72 | VALIYAKOLLY | 6 | 6 | 0 | 6 | 0 | 100% |
| 73 | YAVANARKULAM | 13 | 12 | 1 | 11 | 1 | 85% |
| | **Total** | **211** | **202** | **9** | **188** | **14** | **89%** |
| | **Manimooly** | | | | | | |
| 74 | MANIMOOLY | 27 | 27 | 0 | 27 | 0 | 100% |
| 75 | MARUTHA | 2 | 2 | 0 | 2 | 0 | 100% |
| 76 | MUNDERY | 2 | 2 | 0 | 2 | 0 | 100% |
| 77 | NARIVALAMUNDA | 13 | 13 | 0 | 11 | 2 | 85% |
| 78 | NJARAPADAM | 4 | 4 | 0 | 3 | 1 | 75% |
| 79 | PALANKARA | 7 | 7 | 0 | 7 | 0 | 100% |
| 80 | PALEMAD | 14 | 14 | 0 | 13 | 1 | 93% |
| 81 | PATHIRIPADAM | 15 | 15 | 0 | 15 | 0 | 100% |
| 82 | THALANJI | 17 | 16 | 1 | 14 | 2 | 82% |
| | **Total** | **101** | **100** | **1** | **94** | **6** | **93%** |
| | **Mullankolly** | | | | | | |
| 83 | ADIKOLLY | 23 | 23 | 0 | 23 | 0 | 100% |
| 84 | AMARAKUNY | 11 | 11 | 0 | 11 | 0 | 100% |
| 85 | IRULAM | 13 | 13 | 0 | 10 | 3 | 77% |
| 86 | KABANIGIRI | 12 | 12 | 0 | 12 | 0 | 100% |

| | | | | | | | |
|---|---|---|---|---|---|---|---|
| 87 | MARAKAVU | 39 | 39 | 0 | 36 | 3 | 92% |
| 88 | MARAKKADAVU | 12 | 12 | 0 | 9 | 3 | 75% |
| 89 | MULLANKOLLY | 36 | 35 | 1 | 33 | 2 | 92% |
| 90 | PADICHIRA | 22 | 22 | 0 | 21 | 1 | 95% |
| 91 | PATTANIKOOP | 16 | 16 | 0 | 14 | 2 | 88% |
| 92 | PULPALLY | 12 | 12 | 0 | 12 | 0 | 100% |
| 93 | SEETHAMOUNT | 8 | 8 | 0 | 8 | 0 | 100% |
| 94 | SISUMALA | 17 | 17 | 0 | 17 | 0 | 100% |
| | **Total** | **221** | **220** | **1** | **206** | **14** | **93%** |
| | **Nadavayal** | | | | | | |
| 95 | ARINCHERMALA | 10 | 10 | 0 | 10 | 0 | 100% |
| 96 | CHERUKATTOOR | 18 | 18 | 0 | 18 | 0 | 100% |
| 97 | CHUNDAKKARA | 22 | 22 | 0 | 20 | 2 | 91% |
| 98 | KALLUVAYAL | 16 | 16 | 0 | 16 | 0 | 100% |
| 99 | KANIYAAMBATTA | 5 | 5 | 0 | 5 | 0 | 100% |
| 100 | KENICHIRA | 15 | 15 | 0 | 13 | 2 | 87% |
| 101 | KURUMBALAKOTTA | 3 | 3 | 0 | 3 | 0 | 100% |
| 102 | NADAVAYAL | 68 | 67 | 1 | 66 | 1 | 99% |
| 103 | NEIKKUPPA | 5 | 5 | 0 | 4 | 1 | 80% |
| 104 | PANAMARAM | 4 | 4 | 0 | 4 | 0 | 100% |
| 105 | PARALIKKUNNU | 6 | 6 | 0 | 6 | 0 | 100% |
| 106 | VALAVAYAL | 1 | 1 | 0 | 1 | 0 | 100% |
| 107 | VILAMBUKANDAM | 13 | 13 | 0 | 13 | 0 | 100% |
| | **Total** | **186** | **185** | **1** | **179** | **6** | **96%** |
| | **Nilgiris** | | | | | | |
| 108 | ARULNILAYAM | 3 | 3 | 0 | 3 | 0 | 100% |
| 109 | BEKKY | 3 | 3 | 0 | 3 | 0 | 100% |
| 110 | COONOOR | 13 | 12 | 1 | 11 | 1 | 85% |
| 111 | DHARMAGIRI | 13 | 12 | 1 | 11 | 1 | 85% |
| 112 | KALPRA | 7 | 7 | 0 | 7 | 0 | 100% |
| 113 | KAYYUNNI | 24 | 24 | 0 | 22 | 2 | 92% |
| 114 | KUNNALADI | 3 | 3 | 0 | 3 | 0 | 100% |
| 115 | MACHIKOLLY | 7 | 7 | 0 | 7 | 0 | 100% |
| 116 | MANVAYAL | 12 | 12 | 0 | 11 | 1 | 92% |
| 117 | PANAMCHIRA | 7 | 6 | 1 | 6 | 0 | 86% |
| 118 | VIMALAGIRI | 11 | 11 | 0 | 11 | 0 | 100% |
| | **Total** | **103** | **100** | **3** | **95** | **5** | **92%** |

| | | | | | | | |
|---|---|---|---|---|---|---|---|
| | **Nilambur** | | | | | | |
| 119 | CHOKKAD | 8 | 8 | 0 | 8 | 0 | 100% |
| 120 | EDIVANNA | 21 | 21 | 0 | 20 | 1 | 95% |
| 121 | NILAMBUR | 8 | 8 | 0 | 7 | 1 | 88% |
| 122 | POOKKOTTUMPADAM | 9 | 9 | 0 | 9 | 0 | 100% |
| 123 | POOLAPPADAM | 5 | 5 | 0 | 5 | 0 | 100% |
| 124 | RUBYNAGAR | 4 | 4 | 0 | 4 | 0 | 100% |
| 125 | VADAPURAM | 8 | 8 | 0 | 5 | 3 | 63% |
| 126 | VALLIKETTU | 2 | 2 | 0 | 1 | 1 | 50% |
| | **Total** | **65** | **65** | **0** | **59** | **6** | **91%** |
| | **Payyampally** | | | | | | |
| 127 | ARATTUTHARA | 9 | 9 | 0 | 9 | 0 | 100% |
| 128 | BAVALI | 2 | 2 | 0 | 2 | 0 | 100% |
| 129 | EDAYOORKUNNU | 2 | 2 | 0 | 1 | 1 | 50% |
| 130 | KAMMANA | 10 | 10 | 0 | 10 | 0 | 100% |
| 131 | KARTIKKULAM | 12 | 12 | 0 | 12 | 0 | 100% |
| 132 | MARTIN NAGAR | 19 | 19 | 0 | 16 | 3 | 84% |
| 133 | PADAMALA | 9 | 9 | 0 | 8 | 1 | 89% |
| 134 | PANAVALLY | 2 | 2 | 0 | 2 | 0 | 100% |
| 135 | PAYYAMPALLY | 29 | 26 | 3 | 24 | 2 | 83% |
| 136 | THRISSILERY | 7 | 7 | 0 | 7 | 0 | 100% |
| | **Total** | **101** | **98** | **3** | **91** | **7** | **90%** |
| | **Thariode** | | | | | | |
| 137 | CHENNALODE | 23 | 22 | 1 | 22 | 0 | 96% |
| 138 | KAVUMMANNAM | 12 | 12 | 0 | 12 | 0 | 100% |
| 139 | KOTTATHARA | 17 | 16 | 1 | 16 | 0 | 94% |
| 140 | KURUMANI | 3 | 3 | 0 | 3 | 0 | 100% |
| 141 | KURUMBALA | 22 | 22 | 0 | 19 | 3 | 86% |
| 142 | MANGALAM | 6 | 6 | 0 | 4 | 2 | 67% |
| 143 | MANJOORA | 8 | 8 | 0 | 8 | 0 | 100% |
| 144 | PANTHIPOYIL | 4 | 4 | 0 | 4 | 0 | 100% |
| 145 | PUTHUSERIKKADAVU | 13 | 13 | 0 | 13 | 0 | 100% |
| 146 | THARIODE | 21 | 20 | 1 | 19 | 1 | 90% |
| | **Total** | **129** | **126** | **3** | **120** | **6** | **93%** |

| | Seminaries | | | | | | |
|---|---|---|---|---|---|---|---|
| 147 | CAMILLUS SEMINARY | 5 | 4 | 1 | 3 | 1 | 60% |
| 148 | MOUNT MARY COLLEGE | 8 | 8 | 0 | 7 | 1 | 88% |
| 149 | ROGATE BHAVAN | 9 | 8 | 1 | 8 | 0 | 89% |
| | **Total** | **22** | **20** | **2** | **18** | **2** | **82%** |
| 150 | BANGALORE SANTHOME | 16 | 16 | 0 | 16 | 0 | 100% |
| 151 | HASSAN | 19 | 18 | 1 | 18 | 0 | 95% |
| | **Total** | **35** | **34** | **1** | **34** | **0** | **97%** |

**HCC 2014-15 ( Class XII) Result in Forane Level**

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | Bathery | 132 | 128 | 4 | 127 | 1 | 97% |
| 2 | Chungakunnu | 191 | 191 | 0 | 181 | 10 | 95% |
| 3 | Kallody | 198 | 196 | 2 | 167 | 29 | 84% |
| 4 | Kalpetta | 110 | 108 | 2 | 103 | 5 | 94% |
| 5 | Mananthavady | 211 | 202 | 9 | 188 | 14 | 89% |
| 6 | Manimooly | 101 | 100 | 1 | 94 | 6 | 93% |
| 7 | Mullenkolly | 221 | 220 | 1 | 206 | 14 | 93% |
| 8 | Nadavayal | 186 | 185 | 1 | 179 | 6 | 96% |
| 9 | Nilagiri | 103 | 100 | 3 | 95 | 5 | 92% |
| 10 | Nilambur | 65 | 65 | 0 | 59 | 6 | 91% |
| 11 | Payyampally | 101 | 98 | 3 | 91 | 7 | 90% |
| 12 | Thariode | 129 | 126 | 3 | 120 | 6 | 93% |
| 13 | Seminaries | 22 | 20 | 2 | 18 | 2 | 82% |
| 14 | bangalore Santhome | 16 | 16 | 0 | 16 | 0 | 100% |
| 15 | Hassan | 19 | 18 | 1 | 18 | 0 | 95% |
| | **Total** | **1805** | **1773** | **32** | **1662** | **111** | **92%** |

**HCC 2014-15 ( Class XII) Result in Diocesean Level**

| | |
|---|---|
| Total Reg | 1805 |
| Attended | 1773 |
| Absent | 32 |
| Passed | 1662 |
| Failed | 111 |
| Percentage | 92% |

## Detailed Result of Plus Two 2015

**Bathery Forane:**

**Ambalavayal:** M/10500, 10501, 10506*, 10507, 10508, 10509, 10512, 10515, 10516, 10517* **Bathery:** 8743, 10520*, 10521*, 10523*, 10525, 10530*, 10531*, 10532*, 10534*, 10535, 10536, 10538, 10539*, 10541, 10542*, 10543*, 10544, 10546*, 10547*, 10549*, 10550*, 10551, 10554*, 10555*, 10556*, 10558*, 10559, 10561, 10562, 10564, 10565*, 10566*, 10567, 10568*, 10570*, 10571*, 10573, 11418* **Chithragiri:** 10574*, 10576, 10578*, 10579*, 10580*, 10581*, 10582*, 10584*, 10585*, 10586*, 10587*, **Chulliyode:**10588*, 10589*, 10590*, 10591*, 10592, 10593, **Kadalmadu:** 10595, 10596, 10599*, 10600*, 10601*, 10602*, 10603*, 10604*, 10605* **Kallumukku:** 8089 **Karani :** 10608*, **Meenangady:**10609, 10610, 10611, 10612, 10613, 10614*, 10615*, 10616*, 10617*, 10618*, 10619*, 10956, **Moolankavu:**10621*, 10622, 10624, 10629*, 10630, 10631*, 10632*, 10633, 10634*, 10635, 10636, **Pazhoor:**10639*, 10640, 10643*, 10644, 10645*, 10646*, 10647*, 10648*, 10649*, 10650*, 10651*, **Thomattuchal:**10652*, 10653*, 10654*, 10655, 10656*, 10657*, **Vadakkanadu:**10658*, 10659, 10660*, 10661*, 10662*, **Vakery:**10664*, 10665, 10666*, 10667*, 10668*, 10669.

**ChungakkunnuForane:**

**Adakkathode:** M/10670*, 10671*, 10672*, 10673*, 10674, 10675, 10676*, 10677*, 10678*, 10679*, 10680*, 10681*, 10682*, 10683*, 10684*, 10686*, 10687*, 10688, 10689*, 10690*, 10691, 10692*, 10693*, 10695*, 10696, 10698, 10699*, 10700*, 10701, 10702*, **Ambayathode:**10703*, 10704, 10705, 10706*, 10708, 10710, 10712, 10713, 10714*, 10715*, 10716*, 10717*, 10718*, 10719*, 10720, 10722*, 10723*. **Chungakkunnu:** 8256, 10724, 10725, 10726, 10727*, 10729, 10730*, 10731*, 10732, 10733*, 10734*, 10735*, 10736*, 10738*, 10740*, 10741, 10742*, 10743*, 10744, 10745*, 10747, 10748, 10749, **10750**, 10751*, 10752*, 10753*, 10754*, 10755*, 10756, 10757*, 10759*, 10760*, 10761*, 10762*, 10763*, 10764*, 10766*, 10768*, 10769*, 10770*, 10771*, 10772*, 10773*, 10774*, 10775*, 10776, 10777*, 10778. **Kelakam:** 10779, 10780, 10781*, 10783*, 10784*, 10785* **Kottiyoor:** 10786, 10787*, 10790, 10791*, 10792, 10793*, 10794*, 10795, 10796*, 10797, 10798, 10799, 10801, 10802*, 10803*, 10804*, 10805*, 10807*, 10808*, 10809*, 10810*, 10811*, 10812*, 10813*, 10814, 10815, 10816*, 10817, 10818*, 10819*, 10820*, 10821, 10822, 10823*, 10824, 10825*, 10826*, 10827, 10828. **Nelliyody:** 10832, 10834, 10837, 10838*, 10839, 10841*, 10842, 12171. **Ottaplavu:** 10844, 10845, 10847*, 10848*, 10849*, 10850*, 10851*. **Palchuram:**10852*, 10853*, 10854*, 10855*, 10856, 10857*, 10858* , 10859*. **Santhigiri:** 8329, 10863* **Velloonny:** 10865, 10866, 10867*, 10868*, 10869*, 10870, 10871*, 10872, 10873*, 10874*, 10875*, 10876, 1410*, 8333, 09 A 3817.

**Kallody Forane:**
ദ്വാരക പാസ്റ്ററൽ സെന്ററിൽ മാർച്ച് 1 മുതൽ 4 വരെ നടന്ന കോഴ്സിൽ 109 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഏപ്രിൽ | 10–13 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ | 24–27 | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 8–11 | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 29– ജൂൺ 1 | | പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃസംഘടനയുടെ പേരിൽ മാറ്റം**

കഴിഞ്ഞ സീറോമലബാർ സഭയുടെ മെത്രാൻ സിനഡ് വിവിധ രൂപതകളിൽ പ്രവർത്തിക്കുന്ന മാതൃജന്യ പ്രസ്ഥാനങ്ങൾ സീറോ മലബാർ മാതൃവേദി (Syro Malabar Mothers Association –SMMA) എന്ന പൊതുനാമം സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന CMA /അഥവാ കത്തോലിക്കാ മാതൃ സംഘടന ഇനിമുതൽ ഔദ്യോഗികമായി സീറോ മലബാർ മാതൃവേദി മാനന്തവാടി രൂപത (SMMA) എന്ന പേരിലായിരിക്കും അറിയപ്പെടുക. മേഖലാ, ശാഖാ നേതൃത്വങ്ങൾ ഔദ്യോഗിക എഴുത്തുകളിലും രേഖ കളിലും ഈ പേര് സാവകാശം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സമ്മാന കൂപ്പൺ**

സീറോ മലബാർ മാതൃവേദി മാനന്തവാടി രൂപതാ ഘടകത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനെക്കുറിച്ച് വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ഒരു സമ്മാനകൂപ്പൺ പുറത്തിറക്കുകയാണ്. 10 രൂപ വില യുള്ള കൂപ്പൺ 20 Leaf കളുള്ള Book എന്ന രീതിയിലാണ് ക്രമീകരിച്ചി

രിക്കുന്നത്. നറുക്കെടുപ്പ് തീയതി 2015 ജൂൺ 6-ാം തീയതിയാണ്. മെയ് 15-ാംതീയതിക്കു മുൻപായി കൂപ്പണുകളുടെ Counter foil-ഉം പണവും രൂപതാ ഓഫീസിൽ എത്തിക്കണം. കൂപ്പൺ വിറ്റുകിട്ടുന്ന തുകയിൽ 20% ഇടവകകൾക്കും 20% മേഖലകൾക്കുമുള്ളതാണ്. ഇതിൽ ഇടവകാ വിഹിതം എടുത്തശേഷം ബാക്കിതുക രൂപതയിൽ ഏൽപ്പിച്ചാൽ മതി. മേഖലാ വിഹിതം രൂപതയിൽ നിന്നും നൽകുന്നതായിരിക്കും. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**സീറോ മലബാർ മാതൃവേദി നേതൃസംഗമം**

ഫെബ്രുവരി 19,20 തീയതികളിൽ സീറോ മലബാർ മാതൃവേദിയുടെ നേതൃസംഗമം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. 20 രൂപതകളിൽ നിന്നും എക്സിക്യൂട്ടിവ് അംഗങ്ങൾ നേതൃസംഗമത്തിൽ പങ്കെടുത്തു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ആനിമേറ്റർ സി.കൃപ എസ്.എ.ബി.എസ്., പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി, സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളം,ജോ. സെക്രട്ടറി ശ്രീമതി ഷൈനി ഇളപ്പുപാറ, ട്രഷറർ ശ്രീമതി ഏലിയാമ്മ കുന്നത്ത് റിസോഴ്സ് ടീം അംഗം ശ്രീമതി ഗ്രേസി ജേക്കബ്ബ് ചിറ്റിനപ്പിള്ളി എന്നിവർ പങ്കെടുത്തു.

**രൂപതാ എക്സിക്യൂട്ടീവ്**

മാർച്ച് 12-ാം തീയതി രൂപതാ ഡയറക്ടർ മാത്യു പെരിയപ്പുറം അച്ചന്റെയും അസോസിയേറ്റ് ഡയറക്ടർ ബഹു.ജോഷി മഞ്ഞക്കുന്നേലച്ചന്റെയും നേതൃത്വത്തിൽ എക്സിക്യുട്ടീവ് ചേർന്നു. വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. ടീം ട്രയിനിംഗിനെക്കുറിച്ചും സംഭാവന കൂപ്പണെക്കുറിച്ചും ചർച്ച ചെയ്തു. ഏപ്രിൽ 13-ാം തീയതി 4 മണിമുതൽ റിസോഴ്സ് ടീമിന്റെ ട്രെയിനിംങ്ങും എക്സിക്യുട്ടിവ് മീറ്റിംഗും നടത്തുന്നതാണ്.

**കൽപറ്റ മേഖല**

കൽപറ്റ മേഖലാ എക്സിക്യൂട്ടിവും ജനറൽബോഡി യോഗവും വാഴവറ്റ ശാഖയിൽവച്ച് നടത്തി. മേഖലാ ഡയറക്ടർ ബഹു.ഫാ. തോമസ് പരുന്തനോലിൽ ഉദ്ഘാടനം ചെയ്തു. രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീമതി റോസമ്മ മാന്നംകരിയിൽ ആശംസയർപ്പിച്ചു. ക്രൈസ്തവ പാരമ്പര്യം കുടുംബങ്ങളിൽ എന്ന വിഷയത്തെക്കുറിച്ച് രൂപതാ ടീം അംഗം ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ടീച്ചർ ക്ലാസ് നയിച്ചു. മേഖലയിലെ എല്ലാ ശാഖാ ആനിമേറ്റർമാരും എക്സിക്യൂട്ടിവ്

അംഗങ്ങളും വാഴവറ്റ ശാഖയിലെ അമ്മമാരും പങ്കെടുത്തു. യോഗത്തിൽ വച്ച് മേഖലയിലെ ബെസ്റ്റ് ശാഖയായ തെനേരിക്ക് ട്രോഫി സമ്മാനിച്ചു.

**ആറാട്ടുതറ**

രോഗീസന്ദർശനം നടത്തി. നടവയൽ-ഓസാനാംഭവൻ സന്ദർശിച്ച് സഹായധനം നൽകി. ഓരോ വാർഡിലും അമ്മമാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്താൻ തീരുമാനിച്ചു.

**കൽപ്ര**

ഇടവകയിലെ എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി ഏപ്രിൽ മാസം ഒരു സെമിനാർ നടത്താൻ തീരുമാനിച്ചു. അവധിക്കാലത്ത് കുട്ടികളെ ധ്യാനത്തിന് പങ്കെടുപ്പിക്കുന്നതിനെകുറിച്ചും കുട്ടികളിൽ വായനാശീലം വളർത്തുവാൻ അമ്മമാർ ശ്രദ്ധിക്കേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്തു.

**പുതിയിടംകുന്ന്**

ലഹരി വിമുക്തവർഷ സമാപനത്തോടനുബന്ധിച്ച് ഇടവക ദേവാലയത്തിൽ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ജപമാല പ്രാർത്ഥനയും ആരാധനയും നടത്തി. ഓസാനാംഭവൻ, സമരിറ്റൻ ഭവൻ സന്ദർശനത്തിനുവേണ്ട ക്രമികരണങ്ങൾ ചെയ്തു.

**പുതുശ്ശേരിക്കടവ്**

ഫെബ്രുവരി 20 –ന് ഇടവകയിലെ മുഴുവൻ മാതാക്കൾക്കുമായി സി.ടെസീന എസ്.എ.ബി.എസ് ക്രൈസ്തവ പാരമ്പര്യത്തെക്കുറിച്ചും ആധുനിക കുടുംമ്പങ്ങൾ ഇന്നു നേരിടുന്ന വെല്ലുവിളികളെകുറിച്ചും സെമിനാർ നടത്തി.

**വെള്ളൂന്നി**

ഫെബ്രുവരി 14–ാം തീയതി അമ്മമാർ സ്നേഹതീരം ശുശ്രൂഷക്കായി മരിയാഭവനിൽ പോയി. അരിയും 2000/– രൂപയും നൽകി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി തിരുനാൾ ദിവസങ്ങളിൽ അമ്മമാർ നേർച്ചയപ്പം ഉണ്ടാക്കി വിറ്റു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"ഞാനാണ് അവരുടെ ദൈവമായ കർത്താവെന്ന് അവരറിയും. അനുസരിക്കുന്ന ഹൃദയവും ശ്രവിക്കുന്ന ചെവികളും അവർക്കു ഞാൻ നൽകും" (ബാറൂക്ക് 2:31)

മാർച്ചിലെ ആദ്യവെള്ളി സോണൽ മീറ്റിംഗിനായി ശുശ്രൂഷകർ സീയോനിൽ ഒരുമിച്ചുചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവയ്ക്കുശേഷം 12 മണിക്ക് സീയോൻ ധ്യാനകേന്ദ്രത്തിന് തുടക്കം കുറിച്ച ബഹുമാനപ്പെട്ട ജോർജ്ജ് മേമന അച്ചൻ വി.ബലിയർപ്പിച്ച് വചന സന്ദേശം നൽകി. 1.15 ന് സീയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗ് നടന്നു. സീയോനിലെ പ്രവർത്തനങ്ങളെക്കുറിച്ചും ഇടവകാധ്യാനങ്ങളെക്കുറിച്ചും ചർച്ചചെയ്തു. ജന്മദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ നേർന്നു. മൂന്ന് മണിക്ക് മീറ്റിംഗ് അവസാനിപ്പിച്ച് ഒരുക്ക ശുശ്രൂഷയ്ക്കായി പോയി.

**ജാഗരണ പ്രാർത്ഥന**

"ഭൂമിയിലുള്ള വസ്തുക്കളിലല്ല പ്രത്യുത ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കുവിൻ" (കൊളോ 3/2) ആദ്യവെള്ളി ജാഗരണ പ്രാർത്ഥന 6.30–ന് ജപമാലയോടുകൂടി ആരംഭിച്ചു. 7 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. 12 മണിവരെ കുരിശിന്റെ വഴി, ആരാധന എന്നിവയ്ക്ക് സീയോൻ ടീം നേതൃത്വം നൽകി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

പ്രഭാതത്തിൽ ജപമാല പ്രദിക്ഷണത്തോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. 9 മണിക്ക് സപ്ര, ജപമാല സ്തുതിആരാധന എന്നിവ നടത്തി. ശ്രീ. ജോസഫ് വട്ടക്കുന്നേൽ വചനം ശുശ്രൂഷനടത്തി. ഈ വർഷം മാനന്തവാടി രൂപതയ്ക്കുവേണ്ടി അഭിഷിക്തരായ നവവൈദികർ

വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണശേഷം ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന, ദിവ്യ കാരുണ്യ പ്രദിക്ഷണം എന്നിവ നടത്തി. 3.30 ന് ശുശ്രൂഷകൾ അവ സാനിപ്പിച്ചു.

**തൂവാനീസാ കൂട്ടായ്മ**

2-ാം വെള്ളിയാഴ്ച തൂവാനീസ കൂട്ടായ്മ സീയോനിൽ വച്ചു നടന്നു. 10 മണിക്ക് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരം ഭിച്ചു. 3 മണിക്ക് അവസാനിച്ചു.

**ആന്തരികസൗഖ്യ ധ്യാനം**

മാർച്ച് 15-19 ആന്തരികസൗഖ്യധ്യാനം സീയോനിൽ വച്ചു നടന്നു. 122 പേർ പങ്കെടുത്ത ധ്യാനത്തിൽ റവ.ഫാ. അഗസ്റ്റിൻ താന്നിയിൽ റവ. ഫാ. സോണി വാഴകാട്ട്, ശ്രീ. ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**മൂന്നാംവെള്ളി ജാഗരണ പ്രാർത്ഥന**

സീയോനിൽ മാർച്ച് 20 വൈകുന്നേരം 7 മണി മുതൽ രാവിലെ 5 മണിവരെ ജാഗരണ പ്രാർത്ഥന നടന്നു. ബഹു. അഗസ്റ്റിൻ താന്നി യിൽ അച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീമാണ് പ്രാർത്ഥന നയി ച്ചത്.

**സീയോൻ ഏപ്രിൽ മാസത്തിൽ**

| | | |
|---|---|---|
| ഏപ്രിൽ 11 രണ്ടാംശനി | - | യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ<br>പൊതുകൗൺസിലിംഗ്ദിനം |
| ഏപ്രിൽ 17 മൂന്നാംവെള്ളി | - | ജാഗരണപ്രാർത്ഥന |
| ഏപ്രിൽ 25 നാലാംശനി | - | സൗഖ്യദിനം |
| ഏപ്രിൽ 19-23 | - | ക്രിസ്റ്റീൻ ധ്യാനം<br>(9,10,+1,+2 ക്ലാസ്സ്) |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ ഏറ്റവും സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളേ,

"നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. അവന്റെമേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു."

വലിയനോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് പെസഹാചരണം, ദു:ഖവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ എന്നിവയിലൂടെ നമ്മുടെ രക്ഷകനായ യേശുനാഥന്റെ വിനയത്തിന്റേയും, പരസ്നേഹത്തിന്റേയും മാതൃക നമ്മിലും വളർന്നു വരുവാൻ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റേയും, സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും പരസ്നേഹത്തിന്റേയും ശുശ്രൂഷയുടേയും മാതൃക നമുക്ക് നൽകിയ ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റേയും തികവുറ്റ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

**സിസി വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാനന്തവാടി സെൻട്രൽ കൗൺസിൽ മുമ്പ് അറിയിച്ചതുപോലെ അതിന്റെ 37-ാം മത് വാർഷികവും "ഓസാനാം ഫാമിലി ഭവൻ" ഉദ്ഘാടനവും 18-4-2015 ന് ശനിയാഴ്ച 10 മണിക്ക് ഓസാനാംഭവനിൽ വെച്ച് അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്ന വിവരം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

വാർഷികയോഗത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം എസി പ്രസിഡണ്ടുമാർ ശേഖരിച്ച് 2015 ഏപ്രിൽ 10-ാം തീയതിക്ക് മുമ്പ് സിസിയിൽ എത്തിക്കേണ്ടതാണ്.

**പുതിയ കോൺഫറൻസുകൾ**

പയ്യമ്പള്ളി ഏരിയ കൗൺസിലിന്റെ കീഴിൽ രണ്ട് പുതിയ കോൺഫറൻസുകൾ രൂപീകരിച്ചു.

പനവല്ലി സെന്റ് മേരീസ് ദേവാലയത്തിൽ പുതിയ കോൺഫറൻസുകൾ രൂപീകരിച്ചത്: 1) സെന്റ് മേരീസ് കോൺഫറൻസ് പനവല്ലി- ബ്രദർ സജിത്ത് ചേവരാനാൽ പ്രസിഡണ്ട്, 2) സെന്റ് സെബാസ്റ്റ്യൻ (യൂത്ത്) കോൺഫറൻസ് പനവല്ലി - സി. ജിപിഷ കൊച്ചുമീൻപള്ളി പ്രസിഡണ്ട്, ആത്മീയോപദേഷ്ടാവ് : റവ.ഫാ. സജി നെടുംകല്ലേൽ.

പുതിയ കോൺഫറൻസുകൾ രൂപീകരിക്കാൻ നേതൃത്വം നൽകി

ബോധവത്ക്കരണം നടത്തിയ ഉദ്ഘാടനം ചെയ്ത സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റ്യൻ കൊടിയംകുന്നേൽ അഭിനന്ദനങ്ങൾ അർഹിക്കുന്നു. കോൺഫറൻസ് രൂപീകരണത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ച എസി പ്രസിഡണ്ട് ബ്രദർ ജോസ് കാരക്കട മറ്റ് എസി ഭാരവാഹികൾ, കോൺഫറൻസ് പ്രസിഡണ്ടുമാർ എന്നിവരേയും അനുമോദിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

**പുതിയ ഭാരവാഹികൾ**

മണിമൂളി ഏരിയ കൗൺസിൽ തിരഞ്ഞെടുപ്പ് നടത്തി. എസി പ്രസിഡണ്ട് : ബ്രദർ എം.എ. പോൾ മുട്ടംതോട്ടിൽ, പാലാങ്കര (പോസ്റ്റ്) നിലമ്പൂർ 679330, ഫോൺ: 9495762827.

കോൺഫറൻസ് പ്രസിഡണ്ടുമാർ: ക്രൈസ്റ്റ് കിംഗ് കോൺഫറൻസ് മണിമൂളി: ബ്രദർ കെ.വി. ജോസഫ് കൂട്ടുങ്കൽ മണിമൂളി (പോസ്റ്റ്)

സെന്റ് മേരീസ് കോൺഫറൻസ് മണിമൂളി : സി. ത്രേസ്യാമ്മ ഇയ്യാങ്കൽ, മണിമൂളി പോസ്റ്റ്.

സെന്റ് സെബാസ്റ്റ്യൻ കോൺഫറൻസ് പാലാങ്കര: ബ്രദർ ദേവസ്യ തച്ചേടത്ത്, കാരപ്പുറം (പോസ്റ്റ്) ഇടക്കര.

**സ്കോളർഷിപ്പ്**

US സ്കോളർഷിപ്പിന്റെ അടുത്ത ഇൻസ്റ്റാൾമെന്റ് മുമ്പ് അറിയിച്ചതുപോലെ സിസി വാർഷികത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്നതായിരിക്കും. കുട്ടികളെ സിസി വാർഷികത്തിലേക്ക് കൊണ്ടുവരേണ്ടതാണ്.

സ്കോളർഷിപ്പിന്റെ കോൺഫറൻസ് വിഹിതം 2015 ഏപ്രിൽ 10-ാം തീയതി സിസിയിൽ എത്തിക്കേണ്ടതാണ്. കബ്ലീഷൻ റിപ്പോർട്ട് ഫോട്ടോ സഹിതം രണ്ട് വീതം, നന്ദിയുടെ എഴുത്ത് കുട്ടിയുടെ കൈപ്പടയിൽ. ഇവയും കൊണ്ടുവരേണ്ടതാണ്.

**ഓസാനാംഭവൻ രാത്രി സേവനം**

**പുൽപ്പള്ളി എസി**

| | | |
|---|---|---|
| 16-4-2015 | സെന്റ് മേരീസ് | മരകാവ് |
| 17-4-2015 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 18-4-2015 | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 19-4-2015 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 20-4-2015 | സെന്റ് ജൂഡ് | അമരക്കുനി |
| 21-4-2015 | ഇൻഫന്റ് ജീസസ് | പട്ടാണിക്കൂപ്പ് |
| 22-4-2015 | സാന്തോം | മരകാവ് |

**തരിയോട് എസി**

| | | |
|---|---|---|
| 23-4-2015 | സെന്റ് ഫ്രാൻസീസ് അസീസി | മഞ്ഞൂറ |
| 24-4-2015 | സെന്റ് തെരേസ | തരിയോട് |
| 25-4-2015 | സെന്റ് തോമസ് | തരിയോട് |
| 26-4-2015 | സെന്റ് തോമസ് | ചെന്ദലോട് |
| 27-4-2015 | സെന്റ് മേരീസ് | ചെന്ദലോട് |
| 28-4-2015 | സെന്റ് അൽഫോൻസ | കാവുംമന്ദം |

| | | |
|---|---|---|
| 29-4-2015 | ലൂർദ്ദ്മാതാ | കാവുംമന്ദം |
| 30-4-2015 | സെന്റ് ജോർജ്ജ് | കോട്ടത്തറ |

**തോണിച്ചാൽ എസി**

| | | |
|---|---|---|
| 1-5-2015 | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 2-5-2015 | സെന്റ് അൽഫോൻസ | ദ്വാരക |
| 3-5-2015 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 4-5-2015 | സെന്റ് തെരേസ | കൊമ്മയാട് |
| 5-5-2015 | സെന്റ് മേരീസ് | തോണിച്ചാൽ |

**വാഴവറ്റ എസി**

| | | |
|---|---|---|
| 6-5-2015 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 7-5-2015 | സെന്റ് ഫ്രാൻസീസ് അസീസി | മീനങ്ങാടി |
| 8-5-2015 | അമലോത്ഭവമാതാ | വാഴവറ്റ |
| 9-5-2015 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 10-5-2015 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 11-5-2015 | സെന്റ് ജോർജ്ജ് | കൊളവയൽ |
| 12-5-2015 | സെന്റ് ജോസഫ് | തെനേരി |
| 13-5-2015 | സെന്റ് മേരീസ് | തെനേരി |
| 14-5-2015 | ക്രിസ്തുരാജ | കരണി മീനങ്ങാടി |

**ഓസാനാംഭവൻ സന്ദർശനം**

**കല്ലോടി എസി**

| | | |
|---|---|---|
| 16-4-2015 | സെന്റ് തോമസ് | ദീപ്തിഗിരി |
| 18-4-2015 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 20-4-2015 | സെന്റ് തോമസ് | വഞ്ഞോട് |
| 22-4-2015 | സെന്റ് ബനഡിക്ട് | മക്കിയാട് |
| 24-4-2015 | സെന്റ് ആന്റണി | കുഞ്ഞോം |
| 26-4-2015 | സെന്റ് മേരീസ് | പുതുശ്ശേരി |
| 28-4-2015 | സെന്റ് ജോർജ്ജ് | കല്ലോടി |

**കല്പറ്റ എസി**

| | | |
|---|---|---|
| 30-4-2015 | സെന്റ് മേരീസ് (വ) | വൈത്തിരി |
| 2-5-2015 | സെന്റ് മേരീസ് | നെടുമ്പാല |
| 4-5-2015 | സെന്റ് ജൂഡ് | കല്പറ്റ |
| 6-5-2015 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 8-5-2015 | സെന്റ് മേരീസ് | പുഴമുടി |
| 10-5-2015 | സെന്റ് ക്ലാരറ്റ് | ചാരിറ്റി വൈത്തിരി |
| 12-5-2015 | സെന്റ് മേരീസ് | കല്പറ്റ |
| 14-5-2015 | സെന്റ് ജോസഫ് | റിപ്പൺ |

എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും, കുടുംബാംഗങ്ങൾക്കും നമ്മുടെ രക്ഷകനായ യേശുനാഥൻ മരണത്തെ ജയിച്ച് എഴുന്നേറ്റ് ഉത്ഥിതനായി എന്നെന്നും ജീവിച്ച് വാഴുന്ന ഉയിർപ്പ് തിരുനാൾ - ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ** - സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പദ്ധതിയുടെ ഭാഗമായി ഇന്റേണൽ ഇൻസ്പെക്ടർമാരായി 204 കർഷകരെകൂടി തെരഞ്ഞെടുക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തു. കൃഷിയിലെ നൂതന മാറ്റങ്ങളും രോഗകീടനിയന്ത്രണവും എന്ന വിഷയത്തെ ആസ്പദമാക്കി പുതുശ്ശേരി, പുലിക്കാട്, അപ്പപാറ, പിണങ്ങോട്, കല്ലോടി എന്നിവിടങ്ങളിൽ കർഷക സെമിനാറുകൾ സംഘടിപ്പിച്ചു. 161 കർഷകർ പുതിയതായി പദ്ധതിയിൽ ചേർന്നു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർട്രേഡ് കർഷക സംഘടനയായ വോഫ കർഷകർക്കുവേണ്ടിയുള്ള കർമ്മപദ്ധതികളുമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ഫെയർ ട്രേഡ് സർട്ടിഫിക്കേഷൻ**

വോഫയുടെ ഫെയർ ട്രേഡ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് 2015 ഫെബ്രുവരി മാസത്തിൽ സാധിച്ചു. അതിനാവശ്യമായ ക്രമീകരണങ്ങൾ കോർഡിനേറ്റർ നടത്തുകയുണ്ടായി. പുതുക്കിയ സർട്ടിഫിക്കറ്റ് വീണ്ടും 2018 ജനുവരിയിൽ പുതുക്കേണ്ടതാണ്.

**വിപണന വിഭാഗം**

ജൈവ-ഫെയർ ട്രേഡ് ഉൽപ്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിപണന വിഭാഗത്തിന് ഫെബ്രുവരിയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാധിച്ചു. ജർമ്മനി, നെതർലാന്റ്, ഓസ്ട്രേലിയ, ബ്രിട്ടൺ, ഇറ്റലി എന്നീ രാജ്യങ്ങളിലേക്ക് ജൈവ-ഫെയർട്രേഡ് ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യമാക്കി.

**വികാസ് പീഡിയ മലയാളം**

വികാസ് പീഡിയ ജനങ്ങളുടെ വികസനത്തിന് അറിവും സേവനങ്ങളും നൽകുവാൻ ദേശീയതല താൽപര്യത്തിന്റെ ഭാഗമായി ഭാരത സർക്കാർ വികസിപ്പിച്ചെടുത്തതാണ്. വികാസ് പീഡിയ മലയാളം

പോർട്ടലിൽ പുതിയ കൂടുതൽ പേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കോളേജ് തലങ്ങളിലും, സ്കൂൾ തലങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സമൂഹത്തിന്റെ താഴെ തട്ടുകളിലുമായി വികാസ് പീഡിയ പോർട്ടലിനെകുറിച്ച് ക്ലാസ്സുകൾ കൊടുക്കുകയും, ജനങ്ങൾ പോർട്ടലിനെ കൂടുതലായി സ്വീകരിക്കുവാനും തുടങ്ങി. ദിവസേനയുള്ള വാർത്തകളും പരിപാടികളും ഹോം പേജിലും ഫേസ്ബുക്കിലും ഉൾപ്പെടുത്തുന്നു. ഹോം പേജിൽ ഭാരതസർക്കാരിനുവേണ്ടി സിറസാക്ക് മുംബൈ രൂപകൽപ്പന ചെയ്ത മൊബൈൽ ആപ്ലിക്കേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആവശ്യ മൊബൈൽ ആപ്ലിക്കേഷനുകളും വ്യക്തി ജീവിതത്തിൽ ആവശ്യമായ ആപ്ലിക്കേഷനുകളും ഇന്ന് നല്ല രീതിയിൽ ചർച്ച ചെയ്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് www.vikaspedia.in, ml.vikaspedia.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**സേവ് എ ഫാമിലി പ്രോഗ്രാം**

ഫെബ്രുവരി മാസത്തിൽ സേവ് എ ഫാമിലി പ്രോഗ്രാം കുടുംബാംഗങ്ങളുടെ ഭവനസന്ദർശനം നടത്തുകയുണ്ടായി. അതോടൊപ്പം കുടുംബങ്ങളിൽ നടത്തിവരുന്ന ജൈവപച്ചക്കറി കൃഷിയുടെ രൂപതാതലത്തിലുള്ള വിലയിരുത്തൽ നടത്തി. സുരക്ഷ പെൻഷൻ സ്കീമിന്റെ അംഗത്വനവീകരണം നടത്തി. ഗൂഡല്ലൂർ, നിലമ്പൂർ മേഖലയിലെ മേഖലാതല യോഗം ചേരുകയുണ്ടായി. SAFP കുടുംബങ്ങളുടെ വിവിധ വരുമാന പദ്ധതിക്കുള്ള ഫണ്ട് വിതരണം നടത്തി. ഈ മാസം FAT യോഗവും സെൻട്രൽ ലെവൽ യോഗവും ചേരുകയുണ്ടായി.

**ജനകീയ സംഘാടനം**

സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ യോഗം ഫെബ്രുവരി 11 ന് ചേരുകയുണ്ടായി. SWS കോർഡിനേറ്റർ ശ്രീ. കെ. ഒ. ജോയി പരിപാടിക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് ഫീൽഡ് പബ്ലിസിറ്റി വിഭാഗവുമായി ബന്ധപ്പെട്ട് കാലിക പ്രസക്തമായ മൂന്ന് വിഷയങ്ങളെക്കുറിച്ച് ശ്രീ. ഐസക് ഈപ്പൻ, ശ്രീ. പ്രഭാകരൻ, ശ്രീ. ദേവദാസ് എന്നിവർ ക്ലാസ്സെടുത്തു. ഇതിൽ പ്രധാനമായും ക്ലാസ്സെടുത്തത് സ്വഭാരത്, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ, സാമ്പത്തിക സാക്ഷരത എന്നിവയാണ്. ഇതിൽ സാമ്പത്തിക സാക്ഷരതയിൽ ശ്രീ. ഈപ്പൻ ഐസക് ധൻജൻ യോജറ്റയെകുറിച്ച് വിശദമായി പറയുകയുണ്ടായി. തുടർന്ന് യോഗത്തിന് ശ്രീമതി ആലീസ് സിസിൽ നന്ദി പറഞ്ഞു.

**ബയോഗ്യാസ് വികസന പദ്ധതി**

കാരക്കാമല, വേലുക്കരക്കുന്ന്, പടിഞ്ഞാറത്തറ, ചെറുകര, കാട്ടിമൂല, പേരിയ തുടങ്ങിയ സ്ഥലങ്ങളിൽ 4 പ്ലാന്റുകൾ കമ്മീഷൻ

ചെയ്യുകയും 7 പ്ലാന്റുകളുടെ പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തു.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം**

FCT യുടെ അവസാനഘട്ട പരിശീലന പരിപാടി രണ്ട് ഘട്ടങ്ങളിലായി 42 പേരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയുണ്ടായി. ഈ സാമ്പത്തിക വർഷം 300 പേർക്കായിരുന്നു പരിശീലനം നൽകേണ്ടിയിരുന്നത് അത് ഫെബ്രുവരി മാസത്തോടെ അവസാനിച്ചു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

## കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ഇതിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**ബോധവൽക്കരണ സെമിനാർ**

KLM സംഘടനയെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും 08-02-15 നു കുറ്റിമൂലയിൽ വച്ച് ക്ലാസ്സ് നടത്തി. 60 ആളുകൾ ക്ലാസ്സിൽ പങ്കെടുത്തു. തുടർന്ന് കൂടുതൽ ആളുകൾ അംഗങ്ങളാകുവാൻ കടന്നു വന്നിട്ടുണ്ട്.

**സുരക്ഷ ക്ലിനിക്**

01-02-15 നു വാളേരി ഇടവകയിൽ വെച്ച് സുരക്ഷ ക്ലിനിക് നടത്തി. തുടർന്ന് 15 ആളുകൾ സുരക്ഷയിൽ അംഗങ്ങളായി.

**അംഗത്വം പുതുക്കൽ**

ഈ മാസം 153 പേർ സുരക്ഷ 'B' യും 20 പേർ സുരക്ഷ 'A'യും 55 പേർ KCTTF ഉം 6 പേർ KTWF ഉം പുതുക്കി.

**സംഘടനാ ലീഡേഴ്സ് മീറ്റിംഗ്**

28-02-15 നു ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന രൂപത സംഘടന നേതൃത്വ യോഗത്തിൽ ശ്രീ. ബിജു മരോട്ടിമൂട്ടിൽ, ശ്രീ. റ്റോബി കൂട്ടുങ്കൽ എന്നിവർ പങ്കെടുത്തു. സംഘടനയെക്കുറിച്ച് ശ്രീ. റ്റോബി കൂട്ടുങ്കൽ സംസാരിച്ചു. ഇനിയും അംഗത്വം പുതുക്കുവാനുള്ളവർ എത്രയും വേഗം തങ്ങളുടെ അംഗത്വം പുതുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപറയുന്ന നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

ഫോൺ : 04935 - 240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ KLM

## *റേഡിയോ മാറ്റൊലി* 90.4 mhz

**സല്ലാപം - തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

മാറ്റൊലിയിൽ ആരംഭിച്ചിരിക്കുന്ന സല്ലാപം - തത്സമയ ഫോൺ ഇൻ പരിപാടിയിലേക്ക് ശ്രോതാക്കൾക്ക് തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 3.00 മണി വരെ വിളിക്കാവുന്നതാണ്. വിളിക്കേണ്ട നമ്പർ 04935 242008.

NREGA ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സി.വി. ജോയി മാർച്ച് 5-ാം തീയതി തത്സമയ ഫോൺ ഇൻ പ്രോഗ്രാമിൽ പങ്കെടുത്ത് തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചുള്ള ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നല്കി.

**കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം**

മാർച്ച് 16,17,18 തീയതികളിൽ ഡൽഹിയിൽ വെച്ച് നടന്ന 5-ാമത് ദേശീയ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിൽ സ്റ്റേഷൻ ഡയറക്ടർ പങ്കെടുക്കുകയും മാറ്റൊലി പ്രക്ഷേപണം ചെയ്ത ന്യായബോധനം എന്ന നിയമ ബോധവത്കരണ പരിപാടിയെക്കുറിച്ച് വിഷയാവതരണം നടത്തുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

**മാനന്തവാടി രൂപതാ ശ്രേഷ്ഠപുരസ്കാരം-2015 അപേക്ഷകൾ ക്ഷണിക്കുന്നു**

വിവിധ മേഖലകളിൽ മികവു തെളിയിച്ച മാനന്തവാടി രൂപതാംഗങ്ങളെ രൂപതാ ദിനത്തിൽ ശ്രേഷ്ഠ പുരസ്കാരം നല്കി ആദരിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു. 13 മേഖലകളിലാണ് അവാർഡുകൾ നൽകുന്നത്. വൈദികൻ, സിസ്റ്റർ, അധ്യാപക/ൻ, വിദ്യാർത്ഥി/നി (ഹൈസ്കൂൾ തലം മുതൽ), പൊതു പ്രവർത്തനം, കർഷക/ൻ, വനിത, യുവജനം (18-35 വയസ്സ്), സംരംഭക/ൻ, മാധ്യമ പ്രവർത്തക/ൻ, കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തക/ൻ, കായികമേഖല, സേവന മേഖല (അധ്യാപനം ഒഴികെയുള്ളത്) എന്നിവയാണവ.

സഭാംഗങ്ങൾക്ക് പ്രചോദനവും, പ്രോത്സാഹനവും നല്കാനായി 2012 ലാണ് അവാർഡുകൾക്ക് തുടക്കം കുറിച്ചത്.ഓരോ മേഖല യിലേയും ക്രൈസ്തവ മൂല്യാധിഷ്ഠിത സംഭാവനകളും, മികവുകളും പരിഗണിച്ചായിരിക്കും യോഗ്യരായവരുടെ തെരഞ്ഞെടുപ്പ് നടത്തുക. ഒപ്പം, പ്രവർത്തനങ്ങളുടെ സുസ്ഥിരതയും, തുടർച്ചയും, വ്യാപ്തിയും, ഗുണാത്മകതയും, സർഗ്ഗപരതയും, തനിമയും, പ്രവർത്തനങ്ങളിൽ നേരിട്ട വെല്ലുവിളികളും, അതിജീവിച്ച രീതികളും, സാമൂഹിക - ആധ്യാത്മിക രംഗങ്ങളിൽ പ്രവർത്തനങ്ങളുടെ പ്രാധാന്യം, സ്വാധീനം തുടങ്ങിയവയും തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളിൽപെടും. നിശ്ചയിക്കപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏറ്റവും കൂടുതൽ പ്രാഗൽഭ്യം തെളിയിച്ച വ്യക്തികൾക്കായിരിക്കും അവാർഡ് നല്കുക.

അവാർഡിനായുള്ള നാമനിർദ്ദേശങ്ങൾ മാനന്തവാടി രൂപതാംഗ ങ്ങളിലാർക്കും സ്വയമായോ, മറ്റുള്ളവർക്കുവേണ്ടിയോ സമർപ്പിക്കാവു ന്നതാണ്. ഏതു വിധത്തിലാണെങ്കിലും വിശദമായ വ്യക്തിവിവരങ്ങളും (സി.വി), പാസ്പോർട്ട് സൈസ് ഫോട്ടോയും, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വ്യക്തിക്ക് അവാർഡിനുള്ള അർഹതയെ ന്യായീകരിച്ചുകൊണ്ടുള്ള രണ്ടു പേജിൽ കവിയാത്ത ടൈപ്പ് ചെയ്ത വിശദീകരണവും, അവയെ സാധൂകരിക്കുന്ന രേഖകളുടെ കോപ്പിയും ഉൾപ്പെടുന്ന അപേക്ഷയാണ് സമർപ്പിക്കേണ്ടത്. 10,000 രൂപയുടെ ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, മെമന്റോ, എന്നിവ ഉൾപ്പെടുന്നതായിരിക്കും പുരസ്കാരം. മാനന്തവാടി രൂപതാദ്ധ്യക്ഷനായിരിക്കും അവാർഡുകൾ പ്രഖ്യാപിക്കുക.

2015 ഏപ്രിൽ 20 മുമ്പ്, രൂപതാ പി.ആർ.ഒ.യുടെ ഓഫീസിൽ അപേക്ഷകൾ തപാലിലോ, prodiocese@gmail.com എന്ന ഇമെയിലിലോ അയയ്ക്കാം.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**
പി.ആർ.ഒ, മാനന്തവാടി രൂപത

## MARY MATHA ARTS & SCIENCE COLLEGE

**Tidings Since 22 February 2015**

The Department of English organized a film festival and Fr. Francis memorial short film competition from 19 to 21 February. In the event inaugurated by the noted film director, Mr. Sudevan, about forty films were screened. In the film competition, Pazhassi Raja College - Pulpally, Assumption College - Changanacherry and Govt. Higher Secondary School - Thrissileri won the first three positions in order. Our students participated in different on -stage and off - stage events in the University Arts Festival taken place at Nehru Arts and Science College, Kanhangad. Nimidha James, II BA Functional English won second prize in English Essay writing. Neenu Santhosh P S, II MSc, Computer Science bagged the third positions in Kuchuppudi and Mohiniyattam.

The College hosted a coaching camp of the Kannur University Yoga Team from 1 to 12 March 2015. In view of preparing the students for the end semester university examination, the College arranged for a model examination in the first and second weeks of March. On 3 March, the college community paid homage to Rev. Fr. George Moolayil, Former Vicar General. On the same day, Smt. Kunjannam, mother of Dr Pamy Sebastian, Asso. Professor, Mathematics, passed away. The annual sports day of the college was inaugurated on 6 March by Mr. Madhusoodanan, the Joint RTO of Mananthavady. Competitions were held in Cricket, Kabadi and shuttle Badminton. The College bid farewell to the final year students on 11 March. Fr. Chandy Punakkatt made the benedictory speech and the Principal enunciated a pledge to the passing out students.

On 18 March, college day was celebrated. After the formal meeting inaugurated by Dr. M N Karassery, the students organized a variety of cultural programmes. A send off meeting to honour Sr. Dr. Germina, S H, Head of the Department of Mathematics was organised on 19 March. Rev. Msgr. Madappallikkunnel inaugurated the meeting and expressed gratitude to Sr. Germina for her long service on the campus. The Principal welcomed the gathering, Fr. Manager presided over the meeting and representatives of the teaching staff, non teaching staff and students felicitated the retiring member.

**Dr. Saban Kurumthottam V** - Principal

സ്നേഹമുള്ളവരേ, മറ്റൊരു അവധിക്കാലം കൂടി സമാഗതമായിരിക്കുന്നു. എല്ലാവരും പഠനത്തിന്റെയും ക്ലാസ്സുകളുടെയും തിരക്കിൽ നിന്നും മാറി ഈ മധ്യവേനൽ അവധിക്കാലം ഉല്ലാസവും, കളികളും, വിനോദയാത്രകളുമൊക്കെയായി ആഘോഷമാക്കുമ്പോൾ, ഓർമ്മിക്കുക, ഈ ആഘോഷങ്ങൾ കളിതമാശകൾ മാത്രമാകാതെ ജീവിതത്തെ ഒന്നുകൂടി തിരിഞ്ഞു നോക്കാനും, ലോകത്തെ വിശാലമായി ഉൾക്കൊള്ളാനും, മനസിലാക്കാനും, നമ്മെ പ്രാപ്തരാക്കുന്ന വായനാശീലം കൂടുതൽ സ്വായത്തമാക്കാൻ ശ്രമിക്കുക. പുസ്തകം വായിക്കുക എന്നുപറഞ്ഞാൽ മറ്റൊരു ജീവിതം മനസിലാക്കുക എന്നാണ്. വായിക്കുക, വളരുക ഇതാകട്ടെ ഈ മധ്യവേനൽ അവധിക്കാലത്തെ നമ്മുടെ ലക്ഷ്യം. എല്ലാവർക്കും ഒരു നല്ല അവധിക്കാലം ആശംസിക്കുന്നു.

**അഭിനന്ദനങ്ങളും നന്ദിയും**

രൂപതാ ലഹരിവിരുദ്ധ വർഷത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ യഥാക്രമത്തിൽ കണിയാരം ഫാ.ജി.കെ.എം.എച്ച്.എസ്, കബനിഗിരി നിർമ്മല എച്ച്.എസ്, നടവയൽ സെന്റ് തോമസ് എച്ച്.എസ് എന്നീ സ്കൂളുകൾ കരസ്ഥമാക്കി. ലഹരിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ച് മനസിലാക്കാനും അത് സമൂഹത്തിൽ പ്രചരിപ്പിക്കാനും ലഹരിയും അനുബന്ധ സാധനങ്ങളും പൂർണ്ണമായും നിർമാർജ്ജനം ചെയ്യാനും നിങ്ങൾ കാണിച്ച തീക്ഷ്ണതയ്ക്കും, പ്രയത്നത്തിനും പ്രത്യേകം അഭിനന്ദനങ്ങൾ. രൂപതാ ലഹരി വിരുദ്ധവർഷ സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. ഈ പ്രവർത്തനങ്ങൾ എല്ലാം ഏറ്റവും നന്നായി ചെയ്യുന്നതിന് പ്രയത്നിച്ച പ്രധാനാദ്ധ്യാപകരായ ശ്രീമതി.ത്രേസ്യാമ്മ ജോർജ്ജ്, ശ്രീമതി. സെലിൻ ജോസ്, ശ്രീ. ടോമി എൻ.യു എന്നിവരെയും, എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുത്ത എല്ലാ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും, ഇവരെ പ്രോത്സാഹിപ്പിച്ച പി.റ്റി.എ, മദർ പി.റ്റി.എ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു. മനുഷ്യ സ്നേഹത്തിന്റെയും നന്മയുടെയും പാഠങ്ങൾ സമൂഹത്തിനും സഹപാഠികൾക്കും പകർന്നു നൽകി മാതൃഭൂമി വിദ്യ- വി.കെ.സി ജൂനിയർ നന്മയുടെ മികച്ച വിദ്യാലയ പുരസ്ക്കാരം നേടിയ സെന്റ് ആന്റണീസ് യു.പി സ്കൂൾ പഴൂരിന് അഭിനന്ദനങ്ങൾ. ഈ

പ്രവർത്തനങ്ങൾ എല്ലാം ഏറ്റവും നന്നായി ചെയ്യുന്നതിന് സഹകരിച്ച പ്രധാനാദ്ധ്യാപകൻ ശ്രീ. ജോൺസൺ സാറിനെയും, എല്ലാ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**പൂൾ ലിസ്റ്റ് രൂപീകരണം - അഭിമുഖം**

നമ്മുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ വിദ്യാലയങ്ങളിൽ 2015 -2018 കാലയളവിൽ ഉണ്ടാകുന്ന അദ്ധ്യാപക തസ്തിക ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരുടെ Pool list തയ്യാറാക്കുന്നതുമായി സംബന്ധിച്ച തിരഞ്ഞെടുപ്പ് പ്രിക്രിയകളിൽ ആദ്യത്തെ അഞ്ച് ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കിയവർക്ക് ആറാം ഘട്ടമായ അഭിമുഖം മാർച്ച് 10,11,17,18, തിയ്യതികളിലായി നടത്തപ്പെട്ടു. ഇതിനായി സഹകരിച്ച മാനന്തവാടി രൂപത എഡ്യൂക്കേഷണൽ ബോർഡിനും, മതബോധന ഡയറക്ടർക്കും പ്രത്യേകം നന്ദി. ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കേറ്റ് വേരിഫിക്കേഷൻ നടത്തിയ കോർപ്പറേറ്റ് ഓഫീസ് സ്റ്റാഫ് ശ്രീ.തങ്കച്ചൻ സാറിനും, ദ്വാരക എ.യു.പി സ്കൂൾ HM ശ്രീ. ഷാജി സാറിനും പ്രത്യേകം നന്ദി അറിയിക്കുന്നു. അതുപോലെ പൂൾ ലിസ്റ്റ് രൂപികരണത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വികാരിയച്ചന്റെ വിലയിരുത്തൽ റിപ്പോർട്ട് രഹസ്യസ്വഭാവത്തോടുകൂടി കോർപ്പറേറ്റ് മാനേജർക്ക് നേരിട്ട് ലഭിക്കത്തക്കവിധം തിരിച്ച് നൽകി സഹകരിച്ച എല്ലാ വികാരിയച്ചൻമാർക്കും പ്രത്യേകം സ്നേഹവും നന്ദിയും അറിയിക്കുന്നു.

**HM പ്രമോഷൻ: അഭിമുഖം**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2015-2016 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖം 2015 മാർച്ച് 30 ന് നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**മോറൽ സയൻസ് പരീക്ഷ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ഉള്ള എല്ലാ എൽ.പി, യു.പി സ്ക്കൂളുകളിലും മോറൽ സയൻസിന്റെ പരീക്ഷ മാർച്ച് 26-ാം തിയ്യതി നടത്തപ്പെട്ടു സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, നടവയൽ**

- ജനുവരി 6-ന് SSLC വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് വേണ്ടി സെമിനാർ സംഘടിപ്പിച്ചു. പനമരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.സി. മജീദ് വിഷയാവതരണം നടത്തി. SSLC വിദ്യാർത്ഥികളുടെ ക്യാമ്പ് ജനുവരി 7-ന് സ്കൂൾ മാനേജർ ഫാ.ഷാജി മുളകൊടിയാങ്കൽ ഉദ്ഘാടനം ചെയ്തു. ഓരോ അദ്ധ്യാപകനും 5 വിദ്യാർത്ഥികളെ വീതം സവിശേഷ ശ്രദ്ധയ്ക്കായി നൽകുകയും ചെയ്തു.

- സാമൂഹിക ക്ഷേമവകുപ്പുമായി സഹകരിച്ച് ജനുവരി 8-ന് ഫിലിം ഷോ സംഘടിപ്പിച്ചു.

- ദേശീയ ഗെയിംസ് പ്രചരണ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച കൂട്ടയോട്ടം ജനുവരി 20-ന് കണിയാമ്പറ്റ പഞ്ചായത്ത് പ്രസിഡന്റ് റോസിലി ടോമി ഉദ്ഘാടനം ചെയ്തു.

- അക്ഷരക്കളരി ആരംഭിച്ചു - അക്ഷരജ്ഞാനമില്ലാത്ത വിദ്യാർത്ഥികളെ 4 ഗ്രൂപ്പായി തിരിച്ച് 2.00 pm മുതൽ 3.00 pm വരെ പ്രത്യേക പരിശീലനം നൽകുന്നു.

- സ്കൂളിന്റെ വാർത്താ പത്രികയായ മഷിത്തണ്ട് പ്രസിദ്ധീകരിച്ചു.

- ലൗഗ്രീൻ ക്ലബിന്റെ ആഭിമുഖ്യത്തിൽ വനസംരക്ഷണ സമിതിയുമായി സഹകരിച്ച് കാട്ടുതീ ബോധവത്ക്കരണ യാത്ര നടത്തി.

**സെന്റ് ആന്റണീസ് യു. പി സ്കൂൾ, പഴൂർ**

- മനുഷ്യ സ്നേഹത്തിന്റെയും നന്മയുടെയും പാഠങ്ങൾ സമൂഹത്തിനും സഹപാഠികൾക്കും പകർന്നു നൽകി സെന്റ് ആന്റണീസ് യു.പി സ്കൂൾ, പഴൂർ മാതൃഭൂമി വിദ്യ- വി.കെ.സി ജൂനിയർ നന്മയുടെ മികച്ച വിദ്യാലയ പുരസ്ക്കാരം നേടി. 25000/- രൂപയും പ്രശസ്ത്രി പത്രവും ലഭിച്ചു. നന്മ സ്റ്റോർ, വസ്ത്ര ശേഖരണം, ലഹരി വിരുദ്ധ പ്രവർത്തനം, പഠന-ചികിത്സാ സഹായം, തുടങ്ങിയവ പരിഗണിച്ചാണ് ഈ പുരസ്ക്കാരം ലഭിച്ചത്.

- മലബാർ കാൻസർ സെന്ററിന്റെയും, പഴൂർ, സെന്റ് ആന്റണീസ് യു.പി സ്കൂളിന്റെയും നേതൃത്വത്തിൽ പഴൂർ സ്കൂളിൽ വച്ച് ഫെബ്രുവരി 27 ന് കാൻസർ നിർണ്ണയ ക്യാമ്പും, ബോധവത്ക്കരണ ക്ലാസ്സും നടത്തി.

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 2 മുതൽ 27 വരെ പ്രത്യേക പഠന ക്യാമ്പ് നടത്തി. പഠനക്യാമ്പിന്റെ പ്രത്യേക മൂല്യനിർണ്ണയത്തിൽ 80% അധികം മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ 30 വിദ്യാർത്ഥികൾ പങ്കെടുത്ത ഏകദിന സൗജന്യ വിനോദയാത്ര നടത്തി.

- ജൂനിയർ റെഡ് ക്രോസ് ബത്തേരി ഉപജില്ലാ ഏകദിന JRC ക്യാമ്പ് പഴൂർ, സെന്റ്. ആന്റണീസ് യു.പി സ്കൂളിൽ വച്ച് നടത്തി 30 വിദ്യാലയങ്ങളിൽ നിന്നായി മുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൂൾ മാനേജർ ഫാ. വിൻസെന്റ് പുതുശ്ശേരി ഉദ്ഘാടനം ചെയ്തു.

- പഴൂർ, സെന്റ്. ആന്റണീസ് യു.പി സ്കൂളിന്റെ 38-ാമത് വാർഷിക ആഘോഷം ഫെബ്രുവരി 12 ന് നടത്തി. സ്കൂൾ മാനേജർ ഫാ. വിൻസെന്റ് പുതുശ്ശേരി അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീ. പി.എം ജോയി ഉദ്ഘാടനം ചെയ്തു. വിവിധ കലാപരിപാടികളോടെ വാർഷിക ആഘോഷം ഭംഗിയായി നടത്തി.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ



**3. പ്രശാന്തി ഫാമിലി കൗൺസിലിംഗ് സെന്റർ & സേവ്യർ ട്രെയിനിംഗ് സെന്റർ, പച്ചിലക്കാട്**

രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനഘടകമണല്ലോ കുടുംബം. മാനുഷിക മൂല്യങ്ങളും ദൈവീക പുണ്യങ്ങളും മനുഷ്യമനസ്സുകളിലേക്ക് പകർന്ന് അവനിലെ മൃഗീയഭാവങ്ങളെ നിയന്ത്രിച്ച് ഉത്തമമനുഷ്യനാക്കുന്ന പ്രക്രിയയ്ക്ക് കുടുംബം വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പൂങ്കാവനങ്ങളാകേണ്ട കുടുംബാന്തരീക്ഷം ഇന്ന് അരാജകത്വത്തിന്റെയും അസ്വസ്തതയുടെയും ഒരിടമായി മാറിക്കൊണ്ടിരിക്കുന്നു. സൗഹൃദത്തിന്റെ കൂട്ടായ്മകൾ രൂപപ്പെടേണ്ട കുടുംബാന്തരീക്ഷത്തിൽ താൻപോരിമയുടെ തുരുത്തുകൾ രൂപപ്പെടുന്നു. പരാജയങ്ങളുടെയും പരിഭവങ്ങളുടെയും ഇത്തരം പ്രതിബന്ധ സാഹചര്യങ്ങളിൽ കുടുംബങ്ങളെ അനുധാവനം ചെയ്യാൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽവച്ച് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ അദ്ധ്യക്ഷതയിൽ നടന്ന സിനഡ് നമ്മെ ആഹ്വാനം ചെയ്യുന്നു.

അസ്വസ്തമായ കുടുംബാന്തരീക്ഷത്തിൽ തകരുന്ന മനുഷ്യബന്ധങ്ങളെ സൗഹൃദത്തിന്റെയും പരസ്നേഹത്തിന്റെയും പരസ്പരവിട്ടു വീഴ്ചയുടെയും ചരടിൽ കോർത്ത് കുടുംബജീവിതത്തിന് പുതിയൊരു ദിശാബോധം നൽകുവാൻ, മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടത്തിന്റെ നിർദ്ദേശപ്രകാരം, ഈശോസഭാ വൈദികരുടെ വിദഗ്ധ നേതൃത്വത്തിൽ പ്രശാന്തി ഫാമിലി കൗൺസിലിംഗ് സെന്ററും സേവ്യർ ട്രെയിനിംഗ് സെന്ററും പച്ചിലക്കാട് ആസ്ഥാനമായി 2015 ഏപ്രിൽ 11 മുതൽ പ്രവർത്തിച്ചു തുടങ്ങുന്നു.

**ഫാ. സജി കണ്ടശ്ശാംകുന്നേൽ എസ്.ജെ.**
ഡയറക്ടർ, പ്രശാന്തി ഫാമിലി കൗൺസിലിംഗ് സെന്റർ
പച്ചിലക്കാട്, Ph: 04936-289762, Mob: 9446256009, 8606708466
E-mail: prasanthifcc@gmail.com, www.prasanthifcc.com

★★★

**2. ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി**

ബൈബിൾ ഒരിക്കലെങ്കിലും വായിക്കാൻ ആഗ്രഹിച്ചിരിക്കുന്ന നിരവധി ജനവിഭാഗങ്ങൾക്ക് അവരുടെ മാതൃഭാഷയിൽത്തന്നെ ബൈബിൾ ലഭ്യമാക്കുന്ന ഫിയാത്ത്മിഷന്റെ ശുശ്രൂഷകളിൽ കുട്ടികളെക്കൂടി പങ്കുകാരാക്കാനുള്ള ഒരു പദ്ധതി ഫിയാത്ത്മിഷൻ നടപ്പിലാക്കുന്നു.

കുട്ടികൾ തങ്ങളുടേയും കൂട്ടുകാരുടേയും ബന്ധുമിത്രാദികളുടേയും ഉപയോഗം കഴിഞ്ഞ പഴയ നോട്ടുബുക്കുകളെല്ലാം ശേഖരിച്ച് പള്ളികളിലോ സ്കൂളുകളിലോ മറ്റിടങ്ങളിലോ ബഹു.വൈദികരുടേയോ സിസ്റ്റേഴ്സി ന്റേയോ സംഘടനാ ഭാരവാഹികളുടേയോ നിർദ്ദേശപ്രകാരം എത്തിക്കണം.

ശേഖരിക്കപ്പെട്ട പഴയ നോട്ടുബുക്കുകൾ ഉത്തരവാദിത്തപ്പെട്ടവരുടെ അറിയിപ്പ് ലഭിക്കുമ്പോൾ ഫിയാത്ത്മിഷണറീസ് ലോറികളിൽ കയറ്റിക്കൊ ണ്ടുപോയി പേപ്പർ കമ്പനികളിലേൽപിക്കുന്നു. പേപ്പർകമ്പനിക്കാർ അതിന്റെ വിലയ്ക്ക് തുല്യമായ ബൈബിൾ പ്രിന്റിംഗ് പേപ്പർ ഫിയാത്ത്മിഷന് നൽകും. ചുരുക്കത്തിൽ കേരളത്തിലെ ഒരു കുട്ടി കൈമാറുന്ന ഉപയോഗശൂന്യമായ പഴയനോട്ടുബുക്കുകൾ ബൈബിളായി രൂപന്തരപ്പെട്ട് വചനത്തിനായി ദാഹി ച്ചിരിക്കുന്ന ഒരു വ്യക്തിയുടെ കൈകളിൽ എത്തിച്ചേരുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.

കൂടുതൽ വിവരങ്ങൾക്ക്:
FIATMISSION, Ave Maria Tower, New Church Road,
Thrissur-01, Ph: +91 9349421593, 0487-3263930, Email: fiatxtn@gmail.com

★★★

### 3. ഫാ. തേസ്സാ സ്പെഷ്യൽ സ്കൂൾ

1982–ൽ മാനന്തവാടി രൂപതയിൽ പടിഞ്ഞാറത്തറ, കുറ്റിയാംവയലിൽ സ്ഥാപിതമായ ഫാ. തേസ്സാ സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ്, ബാണാസുരസാഗർഡാം വളരെ അടുത്തു വന്നതുമൂലം ഉണ്ടായ ബുദ്ധി മുട്ടുകളാൽ 2013 ഡിസംബറിൽ മാനന്തവാടി – കുഴിനിലം എന്ന സ്ഥല ത്തേയ്ക്ക് മാറ്റുകയുണ്ടായി. ഈ അധ്യയനവർഷത്തിൽ 84 കുട്ടികൾ പഠിച്ചു വരുന്നു. പെൺകുട്ടികളും ആൺകുട്ടികളുമുണ്ട്. എന്നാൽ പെൺകുട്ടികൾക്ക് മാത്രമാണ് ഹോസ്റ്റൽ സൗകര്യമുള്ളത്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ഇന്നത്തെ സമൂഹത്തിലേക്ക് കൊണ്ടുവരിക, അവരുടെ സമഗ്രവികസനം നേടി എടു ക്കുക എന്ന ലക്ഷ്യം മുൻനിർത്തി വ്യക്തിത്വവികാസവും, അറിവും കൈവ രിക്കുന്നതിനായി സ്നേഹിക്കുക, ശുശ്രൂഷിക്കുക, പഠിപ്പിക്കുക എന്ന ആദർശ വാക്യവുമായി പ്രവർത്തിക്കുന്ന ഫാ. തേസ്സാ സ്പെഷ്യൽ സ്കൂൾ വയനാ ട്ടിലെ ആദ്യത്തെ സ്പെഷ്യൽ സ്കൂളാണ്.

ഇവരുടെ മാനസിക വളർച്ചയും പ്രായവും ബുദ്ധിയുടെ തോത് അനു സരിച്ച് പാഠ്യവിഷയങ്ങളിലും സംഗീതം, ബാന്റ്, നൃത്തം, യോഗ, സ്പോർട്ട്സ് എന്നിവയിലും പരിശീലനം നൽകിവരുന്നു. കൂടാതെ 18 വയ സുകഴിഞ്ഞ കുട്ടികൾക്ക്, കോഴിവളർത്തൽ, പച്ചക്കറിത്തോട്ടം, പേപ്പർപ്ലേറ്റ്, പേപ്പർഗ്ലാസ്, മെഡിസിൻ കവർ, തയ്യൽ, പൂക്കൾ നിർമ്മാണം, കാർഡ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്ന ഒരു വൊക്കേഷണൽ സെന്റർ ഇവിടെ പ്രവർത്തിക്കുന്നു. ഇവരുടെ ശാരീരികമായ വൈകല്യത്തെ കുറച്ചുകൊണ്ട് മാനസികവും, ശാരീരികവുമായ ഉൻമേഷവും വികാസവും

നേടിയെടുക്കുന്നതിന് വിപുലമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു ഫിസിയോ തെറാപ്പി യൂണിറ്റും ഇവിടെ സജീവമാണ്.

ഇവിടെ മൂന്നുവയസുമുതലുള്ള കുട്ടികൾക്ക് ആണ് പരിശീലനം നൽകി വരുന്നത്. കുട്ടികളുടെ ഡെവലപ്പ്മെന്റൽ ഡിലേയിൽ വളരെ നേരത്തെ തന്നെ ഇടപെടാൻ സാധിച്ചാൽ ഇവരുടെ വൈകല്യത്തിന്റെ അളവിൽ വളരെ യേറെ മാറ്റം വരുത്തി സാധാരണനിലയിലേക്ക് കൊണ്ടുവരാൻ സാധിക്കും. ഈ വിവരം പല മാതാപിതാക്കന്മാർക്കും അറിവില്ലായിരിക്കും. ഈ അവ സ്ഥയിൽ വേദന അനുഭവിക്കുന്ന എല്ലാ മാതാപിതാക്കൾക്കും അവരുടെ നിരാശയിൽ പ്രത്യാശ ഏകുവാൻ അവർക്കൊരു താങ്ങും, തണലുമാകു വാൻ ഈ സ്ഥാപനം ആഗ്രഹിക്കുന്നു.

മാനന്തവാടി രൂപതയിൽ കണിയാരം ഇടവകയിൽ കുഴിനിലം - പുത്തൻപുരയിലാണ് ഇപ്പോൾ ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്.

അഡ്രസ്സ്: Fr. Tezza Special School for Mentally Challenged,
Puthenpura, Kuzhinilam, Mananthavady (P.O.),
Wayanad Dt. 670645, Ph:9747128678, 04935-246316

★★★

### 4. ചെമ്പേരി വിമൽജ്യോതി കോളേജ് അഡ്മിഷൻ

തലശ്ശേരി അതിരൂപതയുടെ അഭിമാനസ്ഥാപനമായ ചെമ്പേരി വിമൽ ജ്യോതിയിൽ 2015-16 വർഷത്തെ അഡ്മിഷനുള്ള നടപടിക്രമങ്ങൾ ആരംഭി ക്കുന്നു. എൻ.ആർ.ഐ. സീറ്റുകൾ ആവശ്യമുള്ളവർക്ക് മാനേജ്മെന്റിനെ സമീപിച്ച് ഇപ്പോൾ തന്നെ റിസർവ് ചെയ്യാവുന്നതാണ്. കേരള ഗവൺമെന്റ് നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ഏപ്രിൽ 5 മുതൽ 18 വരെ കോളേജിൽ എൻജി നീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് നടത്തുന്നു. താൽപര്യമുള്ള കുട്ടികൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. നിലവിലുള്ള സ്കോളർഷിപ്പുകൾക്ക് പുറമേ ഈ വർഷം പുതുതായി ആകർഷകമായ പല സ്കോളർഷിപ്പുകളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ കോളേജിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലെ ഏതൊരു എൻജിനീയറിംഗ് കോളേജിനോടും കിടപിടി ക്കത്തക്ക മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഇവിടെ ഉണ്ട്. പരിചയസമ്പ ന്നനും പ്രഗത്ഭനുമായ പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് സാറിന്റെ നേതൃത്വത്തിൽ മികവുറ്റ അദ്ധ്യാപകരുടെ സേവനം കോളേജിന്റെ അക്കാ ദമിക നിലവാരം ഉയർന്ന നിലയിൽ എത്തിച്ചിരിക്കുന്നു. വിമൽജ്യോതി പ്ലേസ്മെന്റ് സെൽ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. കേരള ത്തിനകത്തും പുറത്തുമുള്ള ധാരാളം പ്രമുഖ കമ്പനികൾ റിക്രൂട്ട്മെന്റിനായി ഇവിടെ എത്തുന്നു.

അച്ചടക്കമാണ് വിമൽജ്യോതിയുടെ മുഖമുദ്ര. രാഷ്ട്രീയ പ്രവർത്ത നമില്ലാത്ത, റാഗിംഗ് ഇല്ലാത്ത ശാന്തമായ ഒരു പഠനാന്തരീക്ഷം വിമൽജ്യോതി

യുടെ പ്രത്യേകതയാണ്. ബഹു. വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും മേൽനോട്ടത്തിൽ നടത്തുന്ന ഹോസ്റ്റൽ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

**ഫാ. ജിനു വടക്കേമുളഞ്ഞനാൽ** **ഫാ. ജിയോ പുളിക്കൽ**

അഡ്മിനിസ്ട്രേറ്റർ - 9447373415 ചെയർമാൻ - 9446164865

ഓഫീസ് - 0460-2212240, 2213399

വെബ്സൈറ്റ് - www.vjec.ac.in

★★★

**5. പാലാ കമ്മ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്നു**
**വചനം ജീവിച്ചവർ (25 വിശുദ്ധരുടെ ജീവിതം നാടകരൂപത്തിൽ)**

★വി. തോമാശ്ലീഹാ, ★വി. സെബസ്ത്യാനോസ്, ★വി. ഗീവർഗീസ്, ★വി. ആഗസ്തീനോസ്, ★വി. ഫ്രാൻസീസ് അസീസ്സി, ★വി. ക്ലാര, ★വി. ഫ്രാൻസീസ് സേവ്യർ, ★വി. തോമസ് മൂർ, ★വി. ജോവാൻ ഓഫ് ആർക്ക്, ★വി. ജോൺ മരിയ വിയാനി, ★വി. കൊച്ചുത്രേസ്യാ, ★വി.ഡൊമിനിക് സാവിയോ, ★വി. മരിയാ ഗൊരേത്തി, ★വി. മാക്സ്മില്യൻ കോൾബേ, ★വി. എഡിത്ത് സ്റ്റെയിൻ, ★വി. ജിയെന്നാ, ★വി. അൽഫോൻസാ, ★വി. ചാവറയച്ചൻ, ★വി. എവുപ്രാസ്യാമ്മ, ★വാ. ജോൺ ഹെൻട്രി ന്യൂമാൻ, ★വാ.കുഞ്ഞച്ചൻ, ★വാ. മറിയം ത്രേസ്യാ, ★വാ. മദർ തെരേസ, ★വാ. ദൈവസഹായംപിള്ള.

**രചന:** സി.കെ. ശശി, ഫാ. ഡായി കുന്നത്ത് എം.എസ്.റ്റി., ഫാ. സെബാസ്റ്റ്യൻ കിടങ്ങത്താഴെ, ഫാ. ജോസഫ് ആലഞ്ചേരി, സി. ഷീലു തെരേസ് സി.എം.സി.

**സംവിധാനം:** പ്രദീപ് റോയ്, **സംഗീതം:** സെബി നായരമ്പലം.

സവിശേഷതകൾ: പ്രൊഫഷണൽ നാടകങ്ങളുടെ ശൈലിയിലുള്ള അവതരണം, 15 മിനിട്ടു മുതൽ 45 മിനിട്ടുവരെ സമയം നീളുന്ന വ്യത്യസ്ത നാടകങ്ങൾ, പ്രൊഫഷണൽ നാടകരംഗത്തെ പ്രതിഭകളുടെ ശബ്ദത്തിൽ ഡബ്ബു ചെയ്തിരിക്കുന്നു, സന്ദർഭോചിതമായ പശ്ചാത്തലസംഗീതം, ഗാനങ്ങൾ, 400 പേജുള്ള പുസ്തകത്തിൽ നാടകാവതരണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ, തിരുനാളുകൾ, ഇടവകദിനം, കുടുംബസമ്മേളനം, സൺഡേസ്കൂൾ വാർഷികം എന്നിവ ആകർഷകമാക്കാനൊരു സഹായി. വില: Rs. 450/-

പാലാ കമ്മ്യൂണിക്കേഷൻസ്, ഷാലോം പാസ്റ്ററൽ സെന്റർ
പാലാ, 686575, ഫോൺ: 9048306071, 72, 04822-210812
E-mail: palacommunications@yahoo.com, Web: www.palaicom.com

★★★

**6. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം**

1. *പേര് :* മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം
2. *ലക്ഷ്യം:* ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുക

3. *സംസ്ഥാപനം:* മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ ബഹുമാനാർത്ഥം കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സ്ഥാപിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിനുള്ള എൻഡോവ്മെന്റ് തുകയായ മൂന്ന് ലക്ഷം രൂപ കോതമംഗലം രൂപതാകാര്യാലയവും പുന്നക്കോട്ടിൽ കുടുംബാംഗങ്ങളും ചേർന്ന് സംഭാവന ചെയ്തിട്ടുള്ളതാണ്.
4. വർഷത്തിലൊരിക്കൽ 25,000 രൂപ കാഷ് അവാർഡും പ്രശംസാഫലകവും ഒരാൾക്ക് അഥവാ ഒരു സംരംഭത്തിന് അഥവാ ഒരു പ്രസ്ഥാനത്തിന്.
- അഞ്ചു വർഷത്തിനുള്ളിൽ പ്രകാശനം ചെയ്യപ്പെട്ട സൃഷ്ടികളാണു പുരസ്കാരത്തിനു പരിഗണിക്കുന്നത്.
- സമർപ്പിക്കുന്ന രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതാവണം. ഒറ്റപ്പെട്ട ലേഖനങ്ങളോ മറ്റു സൃഷ്ടികളോ അല്ല പരിഗണിക്കുന്നത്.
- ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.
- നിലവാരമില്ലാത്ത എൻട്രികൾ മാത്രമുള്ളപ്പോൾ അവാർഡു നിർണയ സമിതിക്ക് അവാർഡ് പ്രഖ്യാപിക്കാതിരിക്കാം.

5 *മാനദണ്ഡം:* 1. ജനപ്രീതി (+ Common Accessibility), 2. സർഗാത്മകത (+ കാലികപ്രസക്തി, മൗലികത), 3. വിശുദ്ധ ഗ്രന്ഥത്തോടു പുലർത്തുന്ന നീതി (Scriptural fidelity)

6. *പുരസ്കാരത്തിനു പരിഗണിക്കുന്ന മേഖലകൾ ആദ്യവർഷം മുതൽ ക്രമമായി:*

• **2015 : ബൈബിൾ സാഹിത്യം** (മലയാളത്തിൽ മാത്രം) നോവൽ, കഥ, കവിതാസമാഹാരം, നാടകം, വിശുദ്ധനാട് യാത്രാവിവരണം

• **2016: ബൈബിൾ വിജ്ഞാനീയം** (മലയാളത്തിൽ മാത്രം)

• **2017: ബാലസാഹിത്യവും ബൈബിൾ ഗെയിംസും** (മലയാളത്തിൽ) കുട്ടികൾക്കായി ബൈബിൾ ആധാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും

• **2018: ബൈബിൾ കലകൾ** – സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ), പെയിന്റിംഗ്, ശില്പകല

• **2019: സൈബർ/ ഡിജിറ്റൽ** – സിനിമ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ വീഡിയോ ഗെയിംസ് ഉൾപ്പെടെയുള്ള സൃഷ്ടികൾ, വെബ്സൈറ്റ് ബ്ലോഗ്, ആനിമേഷൻ, ആപ്ലിക്കേഷൻസ്

Secretary, Kerala Catholic Bible Society, POC, P.B. No. 2251
Palarivattom, Kochi - 682025, Kerala, India,
Tel: 0484 - 2805897, 2805722
E-mail : secretary@keralabiblesociety.com,
Website: www.keralabiblesociety.com

★★★

# Pastoral Centre Programme



**April 2015**

| | | |
|---|---|---|
| 4 | - | Zion |
| 7 | - | Bible Class |
| 10-13 | - | MPC |
| 11 | - | CML Executive |
| 13-14 | - | CMA Team Training |
| 15 | - | Women's Commission |
| 16 | - | Marian Singles |
| 18 | - | Catechism: Prathibha Sangamam |
| 19-23 | - | Zion Retreat |
| 24-27 | - | MPC |
| 29-30 | - | CML Vachanatharam |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***April 2015***

| | | |
|---|---|---|
| *1* | *Wed ..................* | *Tellichery* |
| *2* | *Thu ...................* | *Cathedral: Maundy Thursday* |
| *3* | *Fri ...................* | *Good Friday* |
| *5* | *Sun ...................* | *Cathedral: Easter* |
| *6* | *Mon ..................* | *Cathedral: Death Anniversary of Mar Emmanuel Pothanamuzhy* |
| *7* | *Tue ....................* | *Bhoodanam: Jubilee of the Parish* |
| *9* | *Thu10 Fri ........* | *Out of Station* |
| *11* | *Sat ...................* | *Pachilakkad: Blessing of the Jesuit Family Counseling Centre and Pre-Novitiate* |
| *12* | *Sun ...................* | *Kalpra: Blessing of Chapel* |
| *13* | *Mon ..................* | *Bathery: Synaxis of MSMI Sisters* |
| *14* | *Tue 15 Wed ......* | *Major Seminarians' Gathering* |
| *15* | *Wed ..................* | *Moolankavu: Blessing of the newly constructed Church* |
| *17* | *Fri ...................* | *Out of Station* |
| *18* | *Sat Morning ....* | *Anniversary of Vincent De Paul Society & Blessing of Osanam Family House* |
| | *Afternoon......* | *Seethamount: Blessing of Convent* |
| *19* | *Sun .................* | *Kuttiyamvayal: Blessing of Presbytery* |
| *20* | *Mon .................* | *Deepthi Bhavan: Golden and Silver Jubilee of Sisters* |
| *21* | *Tue ....................* | *Thonichal: Vestition & First Profession of SKD Sisters* |

| | |
|---|---|
| *22 Wed ..................* | *Thonichal : First Communion & Confirmation* |
| *23 Thu Morning ...* | *Dwaraka: Vestition & First Profession of SABS Sisters* |
| *Afternoon......* | *Rippon, Sisters' Gathering* |
| *24 Fri ..................* | *Out of Station* |
| *25 Sat ..................* | *Thonichal, SKD Generalate: Synaxis and Election* |
| *26 Sun ..................* | *Nilambur: First Communion & Confirmation* |
| *27 Mon 28 Tue ......* | *Engaged* |
| *29 Wed ..................* | *Visitors' Day* |
| *30 Thu ..................* | *Eachome: Blessing of the newly constructed building of TUDI* |

***May 2015***

| | |
|---|---|
| *1 Fri ..................* | *Out of Station* |
| *2 Sat ....................* | *Diocesan Day* |
| *3 Sun ..................* | *Mananthavady Town Church: Blessing of Presbytery* |
| *4 Mon ................* | *Thavinjal : First Communion & Confirmation* |
| *5 Tue .................* | *Alattil: Ordination of Dn. Jose Thamarakkatt CST* |
| *6 Wed ................* | *Dwaraka: Corporate School Staff Convention* |
| *7 Thu .................* | *Dwaraka: Vestition & First Profession of SH Novices and Jubilee of Sisters* |
| *8 Fri Morning......* | *Payyampally: First Communion & Confirmation* |
| *Afternoon.....* | *Kalpetta, Religious Meet Organized by CCSS* |
| *10 Sun ................* | *Pazhoor: First Communion & Confirmation* |
| *11 Mon ................* | *Minor Seminary: Interview* |

| | | |
|---|---|---|
| *12 Tue* | *..................* | *Minor Seminary: Vestition of Major Seminarians* |
| | *..................* | *Bishop's House: Deacons & Parents Meet* |
| *13 Wed* | *................* | *Ootty, Golden Jubilee of Ootty Diocese* |
| *14 Thu 15 Fri* | *.......* | *Kakkanad* |
| *16 Sat* | *...................* | *Vincentgiri: Jubilee of Sisters* |
| *18 Mon* | *................* | *Bathery: Ordination of Dn. Jomon Uppuveettil TOR* |
| *20 Wed* | *.................* | *Poroor, Blessing of Oldage home of SH Sisters* |
| *21 Thu* | *...................* | *Kulathuvayal* |
| *22 Fri* | *....................* | *Out of Station* |
| *23 Sat* | *..................* | *Dwaraka: Sunday School HM and PP Conference* |
| *24 Sun* | *.................* | *Arinchermala: First Communion & Confirmation, Blessing of the Extension of the Presbytery* |
| *25 Mon* | *................* | *Visitors' Day* |
| *29 Fri* | *...................* | *Out of Station* |
| *30 Sat* | *...................* | *Vilambukandam: Blessing of Chapel* |
| *31 Sun* | *.................* | *Out of Station* |